**നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, ഞാൻ സംസാരിക്കുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ സർവ്വകലാശാലകളെ സർക്കാർ ഏജൻസികളാക്കി മാറ്റുന്നതിനുള്ള കുടിലതന്ത്രമാണ് ഈ നിയമനിർമ്മാണം എന്നുള്ളതുകൊണ്ടുതന്നെ ഞാൻ ഇതിനെ എതിർക്കുകയാണ്. ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നയുടൻതന്നെ 01-08-2022 എന്ന

മുൻകാല പ്രാബല്യം നൽകിയതുതന്നെ കേരള യൂണിവേഴ്സിറ്റി നിയമനത്തെ മറികടക്കുന്നതിനുവേണ്ടിയുള്ള ഒരു നിലപാടാണെന്ന് വളരെ വ്യക്തമാണ്. അതുപോലെതന്നെ ഹയർ എഡ്യൂക്കേഷൻ കൗൺസിലിലെ ആളെത്തന്നെ ഇതിൽ ചെയർമാനായി വയ്ക്കുന്നുവെന്നുള്ളതുകൊണ്ട് സെർച്ച് കമ്മിറ്റിയിൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരാൾ പാടില്ല എന്ന വ്യവസ്ഥ ഇതിലൂടെ ലംഘിക്കപ്പെടുകയാണ്. മറ്റൊന്ന്, 5 അംഗങ്ങളിൽ 3 പേരും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്. അതുകൊണ്ടുതന്നെ unanimous ആയി 3 പേരടങ്ങിയ ഒരു പാനൽ സമർപ്പിക്കാം എന്നൊരു നിലപാട് ഇതിന്റെ ഭാഗമായിട്ടില്ല. ഓരോ അംഗത്തിനും ഒരാളുടെ പേര് നിർദ്ദേശിക്കാനാവശ്യമായ ഒരു നിലപാടെങ്കിലും ചേർത്താൽ അത് ഭംഗിയായി മുന്നോട്ടുപോകാവുന്ന അവസ്ഥയുണ്ടാകാൻ സാധ്യതയുണ്ട്. അത്രയും വരുത്താവുന്നതാണ് എന്ന് ആദ്യംതന്നെ സൂചിപ്പിക്കുകയാണ്. സ്വയംഭരണ സർവ്വകലാശാലകളിൽ ബാഹ്യമായ രാഷ്ട്രീയ നിയന്ത്രണം ഏർപ്പെടുത്തുകയാണ് ഇതിലൂടെ എന്നതിന് യാതൊരു തർക്കവുമില്ല. നിലവിൽ വി.സി.-യിലൂടെ യൂണിവേഴ്സിറ്റികളിലുള്ള മുഴുവൻ നിയമനങ്ങളും തങ്ങളുടേതായ വരുതിയിൽ വരുത്തിത്തീർക്കാനുള്ള ഒരു നിലപാടാണ്

ഇതിന്റെ ഭാഗമായിട്ടുള്ളത്. തന്ത്രപ്രധാനമായ രജിസ്ട്രാർ, കൺട്രോളർ, ഫിനാൻഷ്യൽ ഓഫീസർ, അദ്ധ്യാപകർ തുടങ്ങിയ പോസ്റ്റുകളിലൊക്കെ നിയമിക്കാനുള്ള നിയന്ത്രണവും പുനർനിയമനവുമൊക്കെ വൈസ് ചാൻസലർക്ക് നടത്താനുള്ള ഒരു നിലപാട് ഇതിന്റെ ഭാഗമായി വരുന്നുവെന്നുള്ളതുതന്നെയാണ് ഇതിന്റെ പ്രത്യേകത. ഏതായാലും മികവും മാനദണ്ഡവും കാറ്റിൽപ്പറത്തി നിയമനങ്ങൾ നടക്കുമെന്നതാണല്ലോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ നിയമങ്ങളും കാറ്റിൽപ്പറത്തിയാണ് ഇപ്പോൾ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇന്നും ഇന്നലെയും പത്രങ്ങളിൽ യൂണിവേഴ്സിറ്റികളുടെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവാദപരമായ കാര്യങ്ങൾ വന്നുകൊണ്ടേയിരിക്കുകയാണ്. യൂണിവേഴ്സിറ്റിയെ രാഷ്ട്രീയമായി തങ്ങളുടെ കയ്യിലൊതുക്കാനുള്ള ഒരു നിലപാടുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത് ഇതിന്റെ വളർച്ചയെയും ക്രിയാത്മകമായ ഉന്നതിയെയും നശിപ്പിക്കുമെന്നതിന് യാതൊരു സംശയവും വേണ്ട. ഇഷ്ടക്കാരെ നിയമിക്കാനും കൊണ്ടുവരാനും ആവശ്യമായ ഒരു നടപടിയാണ് ഇതിലൂടെ നടക്കുന്നത് എന്നത് വളരെ വ്യക്തമാണ്. അക്കാദമിക രംഗത്ത് മൂല്യശോഷണവും തകർച്ചയും സംഭവിക്കുക

എന്നതാണ് ഇതിലൂടെ ഉണ്ടാവുക എന്നതിന് വളരെ വ്യക്തമായ സമീപനമായി ഇതിനെ കാണാൻ സാധിക്കുകയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇപ്പോൾ സഭയിലില്ല. നിലവിലുള്ള ഈ നിയമം നിലനിൽക്കുന്നതല്ല എന്ന് കഴിഞ്ഞ ദിവസം അദ്ദേഹം ഇതിന്റെ തടസ്സവാദം ഉന്നയിച്ചിരുന്നു. കാരണം നമ്മളൊരു നിയമമുണ്ടാക്കുമ്പോൾ അതിനുമുമ്പുള്ള കേന്ദ്ര ഗവൺമെന്റ് നിയമമോ, അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട ഉത്തരവാദിത്വമുള്ള നടപടികളുള്ള നിയമമോ ഉണ്ടെങ്കിൽ ആ നിയമത്തിനൊപ്പംതന്നെ സംസ്ഥാനത്തിന് സ്വാഭാവികമായി നിയമങ്ങളുണ്ടാക്കാനുള്ള അധികാരമുണ്ട്. പക്ഷേ അധികാരമുണ്ടാകുമ്പോഴും ആർട്ടിക്കിൾ 254 പ്രകാരം കേന്ദ്ര നിയമമാണ് നിലനിൽക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. നൗഷാദ്)

നമ്മൾ ഒരു നിയമം പാസ്സാക്കുകയും അതിനുമുമ്പ് കേന്ദ്ര നിയമമുണ്ടാകുകയും സ്വാഭാവികമായും കേസ്സുകളുമായി കോടതികളിൽ പോയിക്കഴിഞ്ഞാൽ അത് ഇല്ലാതാകുന്ന അവസ്ഥ വരികയും കേന്ദ്രത്തിന്റെ ആ നിയമം നിലനിൽക്കുകയും ചെയ്യും. അതുകൊണ്ട് ഈ നിയമത്തിന് യാതൊരു നിയമ പ്രാബല്യവുമില്ലാതെ വരുമെന്നുള്ളതുകൊണ്ട് ഇതിന്റെ പ്രയാസകരമായ

അനുഭവം പിന്നീട് വരാനിരിക്കുകയാണ്. ഈ നിയമങ്ങളിലൂടെ അക്കാദമിക് ആട്ടോണമി എന്നത് തീരെയില്ലാതാകുന്ന ഒരവസ്ഥയാണ് വരാൻ പോകുന്നത്. കേരളത്തിലെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം അക്കാദമിക് ആട്ടോണമി എന്നുപറയുന്നതിനെ സംബന്ധിച്ച് ബഹുമാന്യയായ മന്ത്രിക്കറിയാം, പുതിയ ഒരു കോഴ്സ് നിലവിൽ യൂണിവേഴ്സിറ്റികളിൽ വരുന്നില്ല. അതിനുള്ള ശ്രമങ്ങൾ നടത്തുന്നു. നിലവിലുള്ള യൂണിവേഴ്സിറ്റികൾക്ക് നിയമപരമായി അനുവദിച്ചിട്ടുള്ള കോഴ്സുകൾക്കുപകരം പുതിയ കോഴ്സുകൾ ഉൾപ്പെടുത്തണമെന്ന് അക്കാദമികമായി ആക്ടിലും സ്റ്റാറ്റ്യൂട്ടിലുമൊക്കെ പറയുന്നുണ്ടെങ്കിൽമാത്രമേ അത്തരം കോഴ്സുകൾ നടപ്പിലാക്കാനും മറ്റ് കോളേജുകൾക്ക് മുന്നോട്ടുപോകാനും സാധിക്കുകയുള്ളൂ. അങ്ങനെയൊരു നിലപാട് ഇപ്പോൾ ഇല്ല. രണ്ടാമതായി, അഡ്മിനിസ്ട്രേറ്റീവ് ആട്ടോണമിയുടെ ഭാഗമായി മുന്നോട്ടുപോകുമ്പോൾ നമ്മുടെ യൂണിവേഴ്സിറ്റികളിൽ politicisation-ആണ് ഏറ്റവും കൂടുതൽ നടക്കുന്നത്. എല്ലാ മേഖലകളിലും politicisation-ആണ് നടക്കുന്നത്. അതുകൊണ്ട് അഡ്മിനിസ്ട്രേറ്റീവ് ആട്ടോണമിയും യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ഇല്ലാതായി പോകുകയാണ്.

അതിനുപുറമെ ഇക്കണോമിക് ആട്ടോണമി എന്നുപറയുമ്പോൾ യൂണിവേഴ്സിറ്റികൾക്ക് ലഭിക്കാനുള്ള ഫണ്ടുകളൊന്നും സർക്കാർ നൽകുന്നില്ലെന്ന് കഴിഞ്ഞദിവസം നിയമസഭയിൽ ചർച്ച ചെയ്ത വിഷയമാണ്. ഫണ്ട് നൽകാതെ യൂണിവേഴ്സിറ്റികളെ മുഴുവൻ പ്രയാസപ്പെടുത്തുന്ന ഒരവസ്ഥാവിശേഷമുണ്ട് എന്നുള്ളത് വളരെ വ്യക്തമാണ്. ആ തരത്തിൽ യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയ ഇടപെടലുണ്ടെന്നുള്ളത് സി.പി.ഐ.(എം) ഈ ഭരണ കാലഘട്ടങ്ങളിൽ നടത്താൻ പോകുന്നുവെന്നതിന്റെ വളരെ വ്യക്തമായ ഒരുദാഹരണമായി നമുക്ക് ഇതിനെ ചൂണ്ടിക്കാണിക്കാൻ സാധിക്കുകയാണ്. യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയ ഇടപെടൽ എന്നത് സി.പി.ഐ.(എം)-ന്റെ കഴിഞ്ഞകാല നിലപാടുകളൊക്കെ അങ്ങനെ തന്നെയാണെന്ന് നിയമസഭയുടെ ചരിത്രമെടുത്ത് പരിശോധിച്ചാൽ വളരെ വ്യക്തമായി നമുക്ക് കാണാൻ കഴിയും. 1957-ൽ കേരളത്തിൽ ആദ്യമായി അധികാരത്തിൽവന്ന ഗവൺമെന്റിന്റെ നിലപാട് അങ്ങനെതന്നെയായിരുന്നു. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി, യൂണിവേഴ്സിറ്റികളിലെ വ്യവസ്ഥകളെ അംഗീകരിക്കുന്നതരത്തിൽ

കൊണ്ടുവന്ന ബിൽ അന്ന് വളരെ വിവാദപരമായിരുന്നു. ചാൻസലറുടെ രാഷ്ട്രീയം ഏതോ ആയിരിക്കാം. രാഷ്ട്രീയത്തെ മറികടക്കാൻവേണ്ടിയാണ് പ്രോ ചാൻസലറായി വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ കൊണ്ടുവരാനുള്ള ബില്ലാണ് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ജോസഫ് മുണ്ടശ്ശേരി നിയമസഭയിൽ അവതരിപ്പിച്ചത്. അന്ന് പി. ടി. ചാക്കോയും പട്ടം താണുപിള്ളയും സി. എച്ച്. മുഹമ്മദ് കോയ സാഹിബുമൊക്കെ ആ ബില്ലിനെ എതിർത്ത് സംസാരിച്ചിട്ടുണ്ട്. സി. എച്ച്. മുഹമ്മദ് കോയ അന്ന് അദ്ദേഹത്തിന്റെ ശൈലിയിൽ പറഞ്ഞത്, 'ഗവൺമെന്റ് യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ കൈ കടത്തുന്നില്ലെങ്കിൽ പ്രോ ചാൻസലർ അധിക അധികപറ്റാണ്, കൈ കടത്തുമെങ്കിൽ പ്രോചാൻസലർ ഒരു ആപത്തുമാണ് എന്നാണ് ഈ നിയമസഭയിൽ പറഞ്ഞത്. 'അജഗളസ്തനം പോലെ അധികപ്പറ്റായ പ്രോചാൻസലറുടെ കാര്യത്തിൽ മന്ത്രി എന്തിനാണ് ഇത്ര ശാഠ്യം പിടിക്കുന്നത് എന്ന് സി. എച്ച്. മുഹമ്മദ് കോയ ചോദിച്ചു. യൂണിവേഴ്സിറ്റികളുടെ അധികാരത്തിൽ അനുവദിക്കാവുന്നിടത്തോളം സ്വാതന്ത്ര്യം അനുവദിക്കണമെന്ന് സി. എച്ച്. മുഹമ്മദ് കോയ 22-08-1957-ലെ നിയമസഭാ പ്രസംഗത്തിൽ എടുത്ത നിലപാടും

അതായിരുന്നു. സ്വതന്ത്രമായി ഒരു യൂണിവേഴ്സിറ്റിയെ, നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഉന്നതതലത്തിലേയ്ക്ക് കൊണ്ടുപോകാനാവശ്യമായ നിലപാടുകൾ നടത്തുക എന്നുതന്നെയായിരുന്നു അന്നത്തെ വിദ്യാഭ്യാസ വിചക്ഷണന്മാരും മന്ത്രിമാരും രാഷ്ട്രീയക്കാരുമൊക്കെ ആയ ആളുകളുടെ നിലപാടുകൾ. ആ നിലപാടിനനുസരിച്ചാണ് അന്ന് തീരുമാനമെടുത്തതെങ്കിൽ ബഹുമാന്യയായ ഇന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി, കേരളീയ സമൂഹം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉന്നതങ്ങളിലാണ്, ഉയരങ്ങളിലാണ് എന്നൊക്കെ അവകാശപ്പെടുമ്പോൾ അതിനൊക്കെ രാഷ്ട്രീയവൽക്കരണമില്ലാതെ, അക്കാദമിക് താൽപ്പര്യത്തോടുകൂടി ആ മേഖലകളിൽ പ്രവർത്തിച്ചിരുന്ന മന്ത്രി എന്ന നിലയ്ക്കുകൂടി അങ്ങ് അതിന് മുൻകയ്യെടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ഈ ബില്ലുമായി ബന്ധപ്പെട്ട് ചെറിയ ചെറിയ താൽപ്പര്യങ്ങളാണ് നമുക്കുള്ളത്. ചില ആളുകളെ നിയമിക്കുക, ചില ആളുകളെ പുറത്താക്കുക എന്നുള്ള ചില നിലപാടുകൾ നടപ്പിലാക്കാൻവേണ്ടിയുള്ള ഒരു നിലപാടാണ് ഇതിന്റെ ഭാഗമായി നടത്തുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, സഹകരിക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തുടങ്ങിയതല്ലേയുള്ളൂ. സഹകരിക്കാം. 'എലിയെ കൊല്ലാൻ ഇല്ലം ചുടുക' എന്ന നിലപാടിലാണ് സർക്കാർ. സർക്കാരിന്റെ കുറച്ച് ആളുകളെ നിയമിക്കാൻവേണ്ടിയാണ് ഈ നിലപാട്. ഇതിലൂടെ യൂണിവേഴ്സിറ്റികളെ കയ്യിലടക്കി ഭരിക്കാൻ ചാൻസലറുടെ ചിറകരിയുകയാണ്. ചാൻസലറുമായി നമുക്ക് വിരോധമുണ്ട്, അല്ലെങ്കിൽ അദ്ദേഹത്തിന്റെ രാഷ്ട്രീയമായ നിലപാടുകളോട് എതിർപ്പുണ്ട് എന്നത് വളരെ വ്യക്തമാണ്. പക്ഷേ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാതെ കയ്യിൽവയ്ക്കുന്നത് ഇത്തരം പിൻവാതിൽ നിയമനം നടത്താനാണെന്ന് വ്യക്തമാണ്. നമ്മെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളിലൊക്കെ ഇതേ അനുഭവമാണ് യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കിയിട്ടുള്ളത്. 2007-ൽ കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ അപേക്ഷ സമർപ്പിക്കുകയായിരുന്ന ടി. വി. ബിന്ദു എന്ന അദ്ധ്യാപിക. ആവശ്യത്തിലധികം യോഗ്യതയുണ്ടായിരുന്നു. എല്ലാ മികവും അവർക്കുണ്ടായിരുന്നു. പക്ഷേ അവരെ ഒന്നാം സ്ഥാനത്തുനിന്ന് മൂന്നാം സ്ഥാനത്തേയ്ക്ക് മാറ്റി. അവർ കോടതിയിൽ പോയി. 2021-ൽ അവർക്ക് നിയമനാംഗീകാരം ലഭിക്കുകയും അവർ പ്രസ്തുത

യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്തുകൊണ്ടിരിക്കുകയുമാണ്. അധിക യോഗ്യതയും അതിനുള്ള ക്വാളിഫിക്കേഷനുമൊക്കെയുള്ള ആളുകളെ പുറകോട്ട് മാറ്റി യോഗ്യതയൊന്നുമില്ലാത്ത ആളുകളെ മുന്നോട്ടുകൊണ്ടുവരുന്ന നിലപാട് ഇതിന്റെ ഭാഗമായി ഉണ്ടാകുന്നതുകൊണ്ടാണ് പ്രയാസങ്ങളും പ്രശ്നങ്ങളും ചർച്ചകളുമൊക്കെ ഇവിടെയുണ്ടാകുന്നത്. യു.ജി.സി. നിയമനം സംബന്ധിച്ച് സർവ്വീസിലുള്ളവരെ മാത്രമേ പ്രൊഫസർ ആക്കാവൂ എന്നത് 3(5) വകുപ്പിൽ വ്യക്തമായി പറയുന്നുണ്ട്. അത് അങ്ങേയ്ക്കറിയാം. ഈ വ്യവസ്ഥ ലംഘിച്ച് സർവ്വീസിൽനിന്ന് വിരമിച്ചവർക്ക് പ്രൊഫസർ പദവി നൽകി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ എത്രയോ ആളുകളെ നിയമിച്ചിട്ടുണ്ട്. ഇതേ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽത്തന്നെയാണ് കഴിഞ്ഞ ദിവസം കോപ്പിയടിച്ചവരെ രക്ഷപ്പെടുത്താൻവേണ്ടി ഒരു അദാലത്ത് നടത്തി, അവരെ മുഴുവൻ രക്ഷപ്പെടുത്തി അവർക്കൊക്കെ സർട്ടിഫിക്കറ്റ് നൽകുന്ന ഒരവസ്ഥാവിശേഷമുണ്ടായത്. അതേസമയം 1500-ലധികം പരീക്ഷാപേപ്പർ കാണാതായി. പരീക്ഷയെഴുതി പാസ്സാകുമെന്ന് കരുതി വിദേശത്തേയ്ക്കുപോയ കുട്ടികളടക്കം ഈ മാർക്ക് ലിസ്റ്റും പരീക്ഷാപേപ്പറും കാണാതായ വാർത്തയറിഞ്ഞ് വിദേശത്തുനിന്ന് തിരിച്ചുവന്ന ദുരവസ്ഥയുണ്ടായി. അതിന്റെ

ഭാഗമായി ഒരു അദാലത്ത് നടത്തി അവരെ രക്ഷപ്പെടുത്താനുള്ള ശ്രമം നടത്തിയിട്ടില്ല. പരീക്ഷാ പേപ്പർ ഇനിയും ലഭിച്ചിട്ടില്ലെന്നാണ് പറയുന്നത്. എം. ജി. യൂണിവേഴ്സിറ്റിയിൽ 314 ഗൈഡുമാരെയാണ് ഈയടുത്ത കാലത്ത് നിയമിച്ചത്. അതിൽ 197 ആളുകൾ മതിയായ യോഗ്യതയില്ലാത്തവരാണെന്ന് പത്രത്തിലല്ല, സി.എ.ജി. റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഗാന്ധിയൻ സ്റ്റഡീസിൽ പി.എച്ച്.ഡി.-യുള്ള, ഗൈഡാകാൻ പറ്റിയൊരാൾ ഹോമിയോയ്ക്ക് പഠിക്കുന്നൊരു കുട്ടി, പി.എച്ച്.ഡി.-ക്ക് അപേക്ഷിക്കുമ്പോൾ അവരുടെ ഗൈഡാകുകയാണ്. എന്തൊരു വിരോധാഭാസമാണിത്. അങ്ങനെയുള്ള നിലപാടുകൾ വിവിധ യൂണിവേഴ്സിറ്റികളിൽ നടക്കുകയാണ്. ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കാത്ത പ്രയാസം, മൂല്യ നിർണ്ണയം നടത്താതെയും മാർക്ക്‌ലിസ്റ്റ് നൽകാതെയും സർട്ടിഫിക്കറ്റ് വൈകിപ്പിച്ചുമൊക്കെയുണ്ടാക്കുന്ന പ്രയാസം. അതിനൊക്കെ കൈക്കൂലി വാങ്ങുന്ന നിരുത്തരവാദപരമായ നിലപാടുകളെക്കുറിച്ച് പത്രങ്ങളിലൂടെയൊക്കെ കണ്ടതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം, 10 മിനിട്ട് കഴിഞ്ഞു. അങ്ങ് സഹകരിക്കണം. പ്രസംഗം ചുരുക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ധനസമാഹരണത്തിനുള്ള ഏജൻസിയായും സാമ്പത്തിക പുരോഗതിക്കുവേണ്ടിയുള്ള ഉപാധിയായും ഗവൺമെന്റ് യൂണിവേഴ്സിറ്റികളെ ഉപയോഗിക്കുന്നുവെന്നത് വളരെ വ്യക്തമാണ്. യൂണിവേഴ്സിറ്റികളിലെ പെൻഷൻ നൽകുന്നതിന് യൂണിവേഴ്സിറ്റികൾ ഫണ്ട് റെയ്സ് ചെയ്യണമെന്നുപറഞ്ഞ് ഒരുത്തരവ് ഇറക്കിയിരുന്നു. തൽക്കാലം ഇപ്പോഴത് മരവിപ്പിച്ചിട്ടുണ്ട്. അങ്ങനെ ഫണ്ട് റെയ്സ് ചെയ്യാൻ പറയുമ്പോൾ 250 രൂപയൊക്കെ സർട്ടിഫിക്കറ്റിന് കൊടുക്കേണ്ടിയിരുന്ന, അല്ലെങ്കിൽ മറ്റ് പരീക്ഷകൾക്കൊക്കെ കൊടുക്കേണ്ടിയിരുന്നിടത്ത് 1000, 1500-ലധികം രൂപ കുട്ടികളിൽനിന്ന് വാങ്ങേണ്ട സ്ഥിതിവിശേഷം വരും. ഒരു ഫണ്ട് റെയ്സിംഗ് ഏജൻസിയായി യൂണിവേഴ്സിറ്റിയെ മാറ്റുന്നൊരു തലത്തിലേയ്ക്ക് ഈ ഗവൺമെന്റ് പോകുകയാണ്. ആ ഒരർത്ഥത്തിൽ വളരെ വ്യക്തമായൊരു രാഷ്ട്രീയ ലക്ഷ്യംവച്ചുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അങ്ങനെയുള്ള വ്യവസ്ഥിതിയെയും പ്രവർത്തനത്തെയുമാണ് ഞങ്ങൾ എതിർക്കുന്നത്. അതുകൊണ്ടുതന്നെ ഈ വ്യവസ്ഥയിൽനിന്ന് ഗവൺമെന്റ് പിറകോട്ടുപോയി കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ രക്ഷിക്കാൻ, യൂണിവേഴ്സിറ്റികളിലുള്ള

ഒരു രാഷ്ട്രീയവൽക്കരണം ഏറ്റവും കൂടുതൽ ആ തരത്തിലേയ്ക്ക് പോകുന്നത്.... നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നില്ല. പി.എസ്.സി.-ക്ക് വിട്ടാൽത്തന്നെ ആവശ്യമായ ചട്ടങ്ങളുണ്ടാക്കി ആളുകളെ നിയമിക്കാനുള്ള നിലപാടുകൾ സ്വീകരിക്കുന്നില്ല. താൽക്കാലിക നിയമനങ്ങൾ നടത്തി അതിൽ പാർട്ടിക്കും ഗവൺമെന്റിനുമൊക്കെ താൽപ്പര്യമുള്ള ആളുകളെ കൊണ്ടുവരുന്ന നിലപാടാണ് സ്വീകരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ എതിർക്കുന്നത്.

2030-ഓടുകൂടി കേരളത്തിലെ യൂണിവേഴ്സിറ്റികളും കോളേജുകളുമടക്കം ആട്ടോണമസ്സായി ഉന്നത നിലവാരത്തിലേയ്ക്ക് പോകണമെന്ന് യു.ജി.സി. നിഷ്കർഷിച്ചിട്ടുണ്ട്. അല്ലെങ്കിൽ അവരൊക്കെ പൂട്ടി പൊയ്ക്കോട്ടെ എന്നാണ് യു.ജി.സി. വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളത്. എൽ.ഡി.എഫ്. സർക്കാർ വന്നിട്ട് ഏഴോളം വർഷമായി. കേരളത്തിൽ യു.ഡി.എഫ്. സർക്കാർ കൊടുത്ത ആട്ടോണമസ് കോളേജുകൾക്കുശേഷം ഒരു കോളേജും ആട്ടോണമസ് നിലവാരത്തിലേയ്ക്ക് കൊണ്ടുപോകാൻ ഗവൺമെന്റിനായിട്ടില്ല. യൂണിവേഴ്സിറ്റികളെ രാഷ്ട്രീയപരമായി മാറ്റുന്ന നിലപാടിനെയാണ് ഞങ്ങളെതിർക്കുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ലിൽനിന്നും ഗവൺമെന്റ്

പിറകോട്ടുപോയി ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം ലോകത്തിന് മാതൃകയാകാവുന്ന തരത്തിലേയ്ക്ക് കൊണ്ടുവരാനുള്ളൊരു ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അതില്ലാത്തതുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ ഈ ബില്ലിന് വിയോജനക്കുറിപ്പ് കൊടുത്തയാളാണ്. അതുകൊണ്ടുതന്നെ ബിൽ അവതരിപ്പിക്കുന്ന ഈ അവസരത്തിൽ ഞാനെന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ അടിവരയിടുകയാണ്. കേരളത്തിലെ യൂണിവേഴ്സിറ്റികളെ നിയന്ത്രിക്കുന്നതിനുവേണ്ടി പിണറായി സർക്കാരിലെ ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു പിൻവാതിലിലൂടെ കൊണ്ടുവരുന്ന നിയമമാണിത്. സർവ്വകലാശാലകളെയും കേന്ദ്ര ഗവൺമെന്റിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെയും മറ്റുമൊക്കെ കാവിവൽക്കരിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ ഈ ഗവൺമെന്റ് കേരളത്തിലെ സർവ്വകലാശാലകളെയും ഉന്നത വിദ്യാഭ്യാസ മേഖലയെയും കമ്മ്യൂണിസ്റ്റുവൽക്കരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ

ഭാഗമായാണ് വി. സി. നിയമനത്തിന് നേരത്തെയുണ്ടായിരുന്ന മൂന്നംഗ സെർച്ച് കം സെലക്ഷൻ കമ്മിറ്റിയിൽനിന്നും മാറ്റി സർക്കാരിന്റെ ഒരു പ്രതിനിധിയെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനെ അതിന്റെ കൺവീനറാക്കിയും വച്ചുകൊണ്ട് ആ സെലക്ഷൻ കം സെർച്ച് കമ്മിറ്റിയിൽ ഭൂരിപക്ഷമുണ്ടാക്കിയുമാണ് വി.സി.-യെ നിയമിക്കാനുള്ള അധികാരം കയ്യാളുന്നത്. ഇങ്ങനെയാണെങ്കിൽ ഇതിനൊരു ബില്ല് കൊണ്ടുവരേണ്ട കാര്യമില്ല. ഈ ബില്ലിൽത്തന്നെ മൊത്തം മാറ്റം വരുത്തി നമ്മുടെ വകുപ്പുതലവന്മാരെയും കളക്ടർമാരെയും നിശ്ചയിക്കുന്നതുപോലെ നേരെ ഗവൺമെന്റ് നിശ്ചയിച്ചുകൊടുത്താൽമതി. അതിന് തുടക്കംമുതലേ നമ്മുടെ അക്കാദമിക താൽപ്പര്യം നമ്മൾ അനുവദിച്ചിട്ടില്ല.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, ഞാൻ ചോദിക്കുന്നത്, നേരത്തെയുണ്ടായിരുന്നൊരു സാഹചര്യത്തിലാണെങ്കിൽ ഇതിന്റെ പ്രസക്തിയില്ല എന്നുള്ളത് 100% ശരിയാണ്. പക്ഷെ, രാജ്യത്തുവന്ന വലിയ രാഷ്ട്രീയമാറ്റം നമ്മൾ കാണാതെ പോകരുത്. ഇപ്പോൾ മൂന്നംഗങ്ങളാണ് സെർച്ച് കമ്മിറ്റിയിലുള്ളത്. അതിൽ ഒരാൾ യു.ജി.സി.-യുടെ അംഗമാണ്.

യു.ജി.സി.-യുടെ അംഗം എപ്പോഴും ആർ.എസ്.എസ്. അനുഭാവികളെയാണ് അദ്ദേഹത്തിന്റെ നോമിനിയായി ഈ മൂന്നംഗ പാനലിലേയ്ക്ക് നിർദ്ദേശിക്കാറുള്ളത്. ആ മൂന്നംഗ പാനലിൽനിന്ന് ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണർക്ക്..... (.....മൈക്ക് ഓഫ്......)

ശ്രീ. ടി. വി. ഇബ്രാഹിം: സർ, അറിയാം. ബഹുമാനപ്പെട്ട മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയായ ഡോ. കെ. ടി. ജലീൽ പറയുന്നതിന്റെ താൽപ്പര്യം മനസ്സിലായി. ആർ.എസ്.എസ്. കാവിവൽക്കരിക്കാൻ ശ്രമിക്കുന്നു. അത് രാജ്യത്തിന്റെ ഏറ്റവും വലിയ അപകടമാണ്. എന്നാൽ കമ്മ്യൂണിസ്റ്റുവൽക്കരിക്കുന്നതും അപകടകരമാണ്. നമ്മൾ അക്കാദമിക് താൽപ്പര്യമാണ് മുൻനിർത്തിയത്. കേരളത്തിന്റെ ആദ്യത്തെ തിരുവിതാംകൂർ യൂണിവേഴ്സിറ്റി വന്നപ്പോൾ ആൽബർട്ട് ഐൻസ്റ്റീനെ വി.സി.-യാക്കി കൊണ്ടുവരാൻ സർ സി. പി. രാമസ്വാമി അയ്യർ ആഗ്രഹിച്ചിരുന്നുവെന്നാണ് പറയുന്നത്. പ്രൊഫ. ശ്രീധരന്റെ 'കേരള ചരിത്രം' എന്ന പുസ്തകത്തിൽ അത് കൃത്യമായി പറയുന്നുണ്ട്. ആ രീതിയിലേയ്ക്കുവരെ ചിന്തിക്കുന്ന താൽപ്പര്യമാണ്. 1957-ൽ കേരള യൂണിവേഴ്സിറ്റി വന്ന സമയത്ത് രാഷ്ട്രീയ താൽപ്പര്യത്തിനപ്പുറത്ത്..., ഇപ്പോഴിവിടെ കഴിഞ്ഞ പ്രാവശ്യം കണ്ണൂർ

വി.സി.-യെ കുറിച്ച്.., കോൺഗ്രസ്സിന്റെ ഡി.സി.സി. പ്രസിഡന്റിനെ വി.സി.-യാക്കിയ കാര്യം പറഞ്ഞു. വി.സി.-മാരാക്കാൻ യോഗ്യതയുള്ളവരാണ് യു.ഡി.എഫ്.-ന്റെ നേതാക്കന്മാർ എന്നാണത് തെളിയിക്കുന്നത്. ജോൺ മത്തായിയാണ് ആദ്യമായി കേരള യൂണിവേഴ്സിറ്റിയുടെ വി.സി.-യാകുന്നത്. കേന്ദ്രത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിയും മുൻ റെയിൽവേ വകുപ്പുമന്ത്രിയും ബോംബെ യൂണിവേഴ്സിറ്റിയുടെ വി.സി.-യുമായ ഒരാളെ എല്ലാ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കുമതീതമായി 1957-ൽ കേരള യൂണിവേഴ്സിറ്റി നിലവിൽ വന്നപ്പോൾ അതിന്റെ വി.സി.-യാക്കി നിയമിച്ചിട്ടുണ്ട്. അന്നുതന്നെ സർക്കാർ കൈകടത്താൻവേണ്ടി ശ്രമിച്ചതിന്റെ ഭാഗമായാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രോ-വൈസ് ചാൻസലറായത്. അന്നതിനെ എതിർത്ത സി.എച്ച്. മുഹമ്മദ് കോയയുടെ വാക്കുകളൊക്കെ ഇവിടെ ഉദ്ധരിച്ചുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരുപക്ഷേ വിദ്യാഭ്യാസം ഇല്ലാത്ത ആളാകാൻ വരെയുള്ള സാധ്യതയുണ്ട്. അതുകൊണ്ടുതന്നെ സർവ്വകലാശാലാ നിയമനങ്ങളിൽ ഇടപെടുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർക്ക് അവസരം കൊടുക്കരുതെന്നുള്ള അന്നത്തെ പ്രതിപക്ഷത്തെ സി. എച്ച്. മുഹമ്മദ്

കോയയുടെ ഉദ്ധരണി ഇവിടെ പറഞ്ഞുകഴിഞ്ഞു. സി. എച്ച്. മുഹമ്മദ്കോയ പിന്നീട് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായപ്പോൾ രാഷ്ട്രീയ താൽപ്പര്യത്തിനപ്പുറത്ത് അക്കാദമിക താൽപ്പര്യംമാത്രം മുൻനിർത്തിക്കൊണ്ട് 1978-ൽ കുസാറ്റ് യൂണിവേഴ്സിറ്റി വന്നപ്പോൾ അന്ന് കേരളത്തിന്റെ ആദ്യത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയെ ആണ് അവിടെ വി.സി.-യായി നിയമിച്ചത്. രാഷ്ട്രീയ താൽപ്പര്യത്തിനപ്പുറത്ത് അക്കാദമിക താൽപ്പര്യം മുൻനിർത്തിക്കൊണ്ടാണ് കേരളത്തിലെ സർവ്വകലാശാലകൾ നിയന്ത്രിക്കുന്നതിന് യു.ഡി.എഫ്.-ഉം അതിലെ മന്ത്രിമാരുമൊക്കെ ശ്രമിച്ചത് എന്നതാണ് അതിന്റെയൊക്കെ അർത്ഥം. നേരത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു കേരളത്തിലെ വി.സി.-മാരുടെ ചരിത്രം പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. എം. എം. ഗനിയെ സി.എച്ച്. മുഹമ്മദ്കോയ സാഹിബ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വി.സി.-യായി നിയമിച്ചു. അന്നതിനെ എതിർത്ത ഡോ. സുകുമാർ അഴീക്കോട് പിന്നീട് പറഞ്ഞത് അതേ എം. എം. ഗനിക്ക് വീണ്ടും ഒരവസരം കൊടുക്കണമെന്നാണ്. ആ രീതിയിൽ ഏറ്റവും പ്രഗത്ഭരായ ആളുകളെയാണ് സി. എച്ച്. ഒക്കെ ഭരിക്കുന്ന സമയത്ത്

വി.സി.-മാരായി നിയമിച്ചിട്ടുള്ളത്. അതിൽ ഡോ. ടി. എൻ. ജയചന്ദ്രനടക്കമുള്ള ആളുകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞതിൽ ചില വസ്തുതാപരമായ തെറ്റുകളുണ്ട്. മുൻ വി. സി. ശ്രീമതി അൻവർ ജഹാൻ സുബേരി എന്നയാൾക്ക് ഡോക്ടറേറ്റ് ഉണ്ടെന്നാണ് പറഞ്ഞത്. വെറും പോസ്റ്റ് ഗ്രാഡ്യുവേഷൻ ബിരുദം മാത്രമുള്ള ആളെ അന്ന് ഡോക്ടറേറ്റ്...., ഞാൻ അതിലേയ്ക്കല്ല ഇപ്പോൾ കടന്നുപോകുന്നത്. ഈ ബില്ല് തികച്ചും രാഷ്ട്രീയ താൽപ്പര്യത്തിന്റെ പേരിൽ കൊണ്ടുവരുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ ഈ ബില്ലിന്റെ താൽപ്പര്യം... എന്തിനാണ് കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും കമ്മ്യൂണിസ്റ്റ് പാർട്ടി നിയന്ത്രിക്കാൻ പോകുന്നത്; ഇത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസാക്കി കേരളത്തിലെ സർവ്വകലാശാലകളെ മാറ്റാനുള്ള തുടക്കമാണ്. കാരണം നമുക്കെല്ലാവർക്കും അറിയാം, ഇപ്പോൾ ഓരോ നിയമനങ്ങളുടെയും കാര്യങ്ങൾ ഒന്നൊന്നായി പുറത്തുവന്നു. കണ്ണൂർ സർവ്വകലാശാലയിൽനിന്നും പുറത്തുവന്നത് അതിന്റെയൊരു സൂചനമാത്രമാണ്. ഞാൻ പറയുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റി അടക്കമുള്ള എല്ലാ യൂണിവേഴ്സിറ്റികളിലും... അതിലേയ്ക്ക് ഞാൻ കടന്നുപോകുന്നില്ല. സംവരണ വ്യവസ്ഥ തെറ്റിച്ചുകൊണ്ട്..,. ഈ ബില്ല്

സബ്ജക്റ്റ് കമ്മിറ്റിയുടെ ചർച്ചയ്ക്ക് പോകുന്നതിനുമുമ്പ് നടന്ന ചർച്ചയിൽ ഞാൻ ഇക്കാര്യം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അന്നത് നിഷേധിച്ചിട്ടില്ല. അവിടെയുള്ള സംവരണ വ്യവസ്ഥകൾ അട്ടിമറിച്ചിട്ടുണ്ട്. ബാക്ക്‌ലോഗ് നികത്തുന്നില്ല. എസ്.സി/എസ്.ടി ജനവിഭാഗങ്ങൾക്ക് 6 പോസ്റ്റുകൾ കൊടുക്കേണ്ട ബാക്ക് ലോഗടക്കം നികത്തേണ്ടതില്ലെന്ന് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് തീരുമാനിച്ച് മുന്നോട്ടുപോകുകയാണ്. ഇവിടെ സംവരണ വ്യവസ്ഥകൾ അട്ടിമറിച്ച് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സാമൂഹ്യനീതി വകുപ്പുമന്ത്രികൂടിയാണ്. ഞാൻ പറയുന്നത് ഈ സൗകര്യങ്ങൾക്കുവേണ്ടി സർവ്വകലാശാലകളിലെ വി.സി.-മാരായി നമ്മളുദ്ദേശിക്കുന്ന ആളുകളെ വച്ചെങ്കിൽമാത്രമേ വി.സി.-ക്ക് അവിടത്തെ നിയമനം നടത്താൻ സാധിക്കുകയുള്ളൂ. വി.സി.-ക്ക് രജിസ്ട്രാറെ വയ്ക്കാം. വി. സി. അദ്ധ്യക്ഷനായ കമ്മിറ്റിക്ക് അവിടെയുള്ള സി.ഇ.ഒ.-മാരേയും എഫ്.ഒ.-മാരേയും വയ്ക്കാൻ കഴിയും. അതിനുവേണ്ടിയുള്ള സൗകര്യപ്പെടുത്തലാണിത്. അല്ലാതെ അക്കാദമിക താൽപ്പര്യമല്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്. വി.സി.-യും ഗവർണറും ബഹുമാനപ്പെട്ട മന്ത്രിയടക്കമുള്ള

ഈ ഗവൺമെന്റും പരസ്പരം ഇടയ്ക്കിടയ്ക്ക് ഉരസുകയും ഇടയ്ക്കിടയ്ക്ക് നന്നാകുകയും ചെയ്യും. കണ്ണൂർ വി.സി.-യെ വച്ചതെങ്ങനെയാണെന്ന് ഇപ്പോൾ നമുക്കെല്ലാവർക്കുമറിയാം. യു.ജി.സി. നിയമപ്രകാരം 61 വയസ്സ് ആകാൻ പാടില്ല. ഒരു സെർച്ച് കമ്മിറ്റി നിലവിലുള്ള സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഗവർണറെ മുഖ്യമന്ത്രി കണ്ടിട്ട് 61 വയസ്സായ ഒരാളെ വീണ്ടും വി.സി.-യാക്കി നിയമിച്ചത്. സെർച്ച് കമ്മിറ്റിയെ നോക്കുകുത്തിയാക്കി വയ്ക്കുകയാണ്. ഞാൻ പറയുന്നത് അവിടെയൊക്കെ വെറും രാഷ്ട്രീയതാൽപ്പര്യത്തിനുവേണ്ടി, അങ്ങനെയുള്ള വി.സി.-മാരെ വരുതിയിലാക്കുകയും അതുവഴി കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും തങ്ങളുടെ ഇഷ്ടക്കാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള രംഗമൊരുക്കുകയുമാണ് ഈ നിയമത്തിന്റെ താൽപ്പര്യമെന്ന് പറയുന്നത്. യു.ജി.സി. റെഗുലേഷന്റെ യോഗ്യത അത് പാലിക്കുന്നില്ല. മധുര കാമരാജ് യൂണിവേഴ്സിറ്റിയുടെ ഒരു നിയമനം ഉണ്ടായിരുന്നു, ഡോ. കല്യാണി മതിവനൻ എന്ന വി.സി.-യുടെ നിയമനത്തെ ചോദ്യം ചെയ്തുകൊണ്ട് മദ്രാസ് ഹൈക്കോടതിയിൽ കേസ്സ് വന്നു. അന്ന് മദ്രാസ് ഹൈക്കോടതി പറഞ്ഞതെന്താണ്? ആൽബർട്ട്

ഐൻസ്റ്റീനെ നിങ്ങൾ കൊണ്ടുവന്ന് നിയമിച്ചാലും ശരി, യോഗ്യതയുടെ കാര്യത്തിൽ, യു.ജി.സി. നിഷ്കർഷിച്ച കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ലെന്നാണ് പറഞ്ഞത്. ആ രീതിയിൽ കോടതികൾ ഇടപെടുകയാണ്. ഞാൻ പറയുന്നത്, ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും കാലിക്കറ്റ് സർവ്വകലാശാല ഉൾപ്പെടെ കേരളത്തിലെ മൊത്തം ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ള ഇടപെടലുകൾ അതിശക്തമാണ്. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ജനാധിപത്യത്തെ ഇല്ലാതാക്കിക്കൊണ്ട്, ജനാധിപത്യത്തെ അട്ടിമറിച്ചുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ മേഖല മുന്നോട്ടുപോകുന്നതെന്ന് ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞിരുന്നു. അതിന് ഉദാഹരണം ഞാൻ പറഞ്ഞിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിയോജനക്കുറിപ്പ് എഴുതാൻപോലും സൗകര്യമില്ല. ഞാൻ ഒരു വിയോജനക്കുറിപ്പിന്റെ പേരിലാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും ഞാനും സബ്ജക്ട് കമ്മിറ്റിയിൽ കൊടുത്ത വിയോജനക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ വിയോജനക്കുറിപ്പിന്റെ പേരിൽ സംസാരിക്കാൻ പറ്റില്ലെന്ന് മാത്രമല്ല, ആ

വിയോജനക്കുറിപ്പ് അവിടത്തെ രേഖയിൽപ്പോലും ഉൾപ്പെടുത്താൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി അന്നത് നിഷേധിച്ചു. ഞാൻ അവരുടെ ഓർഡർ വായിക്കുകയാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി 28-06-2022-ൽ ഇറക്കിയ ഓർഡറിൽ പറഞ്ഞിരിക്കുന്നത്, '10-05-2022-ലെ സിൻഡിക്കേറ്റ് യോഗത്തിലെ ഇനം നമ്പർ 2022/557 സ്റ്റാർ തീരുമാനങ്ങളോടൊപ്പം ചേർത്ത വിയോജനക്കുറിപ്പിൽ പരാമർശിക്കപ്പെട്ട പലതും വസ്തുതാപരമല്ലാത്തതാണെന്ന വിഷയം 09-06-2022-ലെ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും തുടർന്നുനടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ വിയോജനക്കുറിപ്പുകൾ യോഗത്തിൽ വായിച്ചതിനുശേഷം അംഗീകരിക്കപ്പെടുന്നവമാത്രം മിനിട്സിൽ രേഖപ്പെടുത്തുന്നതിന് ഇനം നമ്പർ 2022/709 സ്റ്റാർ സൂചന 1 പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.' ഇത് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഓർഡറാണ്. ഇത്രയധികം ജനാധിപത്യ വിരുദ്ധമായാണ് സർവ്വകലാശാലകളും ഉന്നതവിദ്യാഭ്യാസ വകുപ്പും മുന്നോട്ടുപോകുന്നത്. മറ്റൊരുദാഹരണംകൂടി ഞാൻ പറഞ്ഞുതരാം. യൂണിവേഴ്സിറ്റി യൂണിയൻ തെരഞ്ഞെടുപ്പുകൾ നടക്കുമ്പോൾ അവിടെ തീരുമാനിച്ചത് സ്വാശ്രയ കോളേജുകളിൽനിന്നുള്ള കുട്ടികൾക്ക്

അവിടെയുള്ള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാർക്ക് യൂണിവേഴ്സിറ്റിയിൽ വോട്ട് ചെയ്യാനുള്ള അവകാശമില്ല എന്നാണ്. അതിനെ നിയന്ത്രിക്കുകയാണ്. കുട്ടികൾ എയ്ഡഡ് കോളേജുകളിലോ സർക്കാർ കോളേജുകളിലോ സ്വാശ്രയ കോളേജുകളിലോ പോയിയെന്നുള്ളത് ജനാധിപത്യ അവകാശം നിഷേധിക്കുന്നതിനുള്ള മാനദണ്ഡമാകാൻ പാടില്ല. ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുകയും ജനാധിപത്യം കശാപ്പ് ചെയ്യുകയും ചെയ്തു. യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർമാർ സ്വാശ്രയ കോളേജുകളിൽനിന്നാണ് ജയിച്ചുവരുന്നതെങ്കിൽ അവർക്ക് വോട്ടവകാശം നിഷേധിക്കുന്നു. കുട്ടികൾ കോടതിയിൽ പോയി, കോടതി അനുവദിക്കാൻ പറഞ്ഞു. കോടതി അനുവദിക്കാൻവേണ്ടി തീരുമാനിച്ചപ്പോൾ അതിനെ ഓവർടേക്ക് ചെയ്യാൻവേണ്ടി ഓപ്പൺ യൂണിവേഴ്സിറ്റിയുടെ കാര്യത്തിൽ ചെയ്തതുപോലെ യൂണിവേഴ്സിറ്റി എന്താണ് ചെയ്തതെന്നറിയാമോ? സ്വാശ്രയ കോളേജുകളിലെ കൗൺസിലർമാർ എല്ലാവരുംചേർന്ന് അവരിൽ 4 പേരെ തെരഞ്ഞെടുക്കും, എന്നിട്ട് ആ 4 പേർക്ക് മാത്രം വോട്ടവകാശം കൊടുക്കും. ഇത് എന്ത് ജനാധിപത്യമാണ്; കുട്ടികൾ സ്വാശ്രയ കോളേജുകളിൽ പോകേണ്ടിവന്നത് എന്തുകൊണ്ടാണ്? ഉന്നതവിദ്യാഭ്യാസം പ്രൊവൈഡ്

ചെയ്യേണ്ട കാര്യത്തിൽ വലിയ അസന്തുലിതാവസ്ഥ കേരളത്തിലുണ്ട്. അത് നമുക്കെല്ലാർക്കുമറിയാവുന്നതാണ്. മലപ്പുറം ജില്ലയിൽ 1000 കുട്ടികൾ പാസ്സാകുമ്പോൾ 110 കുട്ടികൾക്ക് മാത്രമേ ഗവൺമെന്റിലും എയ്ഡഡ് കോളേജുകളിലും അഡ്മിഷൻ കിട്ടുന്നുള്ളൂ. ബാക്കിയുള്ള കുട്ടികൾക്ക് ജനാധിപത്യത്തിൽ സൗകര്യംവേണ്ടേ? ആ കുട്ടികൾ സ്വാശ്രയ കോളേജുകളിൽ പോകേണ്ടിവന്നത് അവർക്ക് മാർക്കില്ലാത്തതുകൊണ്ടല്ല. അത് എല്ലാ എം.എൽ.എ.-മാർക്കും അറിയാം. 85 മുതൽ 90 ശതമാനം മാർക്ക് വാങ്ങുന്ന കുട്ടികൾക്കുപോലും എയ്ഡഡ് കോളേജുകളിലും സർക്കാർ കോളേജുകളിലും സൗകര്യമില്ല. അവർ സ്വാശ്രയ കോളേജുകളിൽ പോകുകയാണ്. സത്യത്തിൽ സ്വാശ്രയ കോളേജുകളിൽ പോകുന്ന കുട്ടികൾക്ക് ഗവൺമെന്റ് സബ്സിഡി കൊടുക്കുകയാണ് വേണ്ടത്. സർക്കാരിന് കോളേജും അതുപോലെ സൗകര്യങ്ങളും ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും കൊടുക്കാൻ കഴിയില്ലെങ്കിൽ കുട്ടികൾക്ക് ഫീസിനത്തിൽ സർക്കാർ സ്കോളർഷിപ്പ് കൊടുക്കുകയും സബ്സിഡൈസ് ചെയ്യുകയുംവേണം. നരകയാതന അനുഭവിച്ച് സ്വാശ്രയ കോളേജുകളിൽ പോകുന്ന കുട്ടികൾക്ക് ജനാധിപത്യ അവകാശം ഉപയോഗിക്കാനുള്ള

സൗകര്യം നിഷേധിക്കുന്നത് ഈ ഗവൺമെന്റ് എത്രമേൽ ജനാധിപത്യ വിരുദ്ധമായി മുന്നോട്ടുപോകുന്നുവെന്നതിന് തെളിവാണ്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് ഇപ്രാവശ്യം യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ചില്ല. യൂണിവേഴ്സിറ്റി അംഗീകാരം ലഭിക്കാത്ത സന്ദർഭത്തിൽ കുട്ടികൾ കോടതിയിൽ പോയപ്പോൾ യു.ജി.സി.-യുടെ പ്രതിനിധി പറഞ്ഞത് ഞങ്ങൾ ഓപ്പൺ സർവ്വകലാശാലയുടെ കോഴ്സുകൾക്ക് അംഗീകാരം കൊടുത്തിട്ടില്ലെന്നാണ്. ഓപ്പൺ സർവ്വകലാശാലയിൽ അംഗീകാരം കിട്ടാത്ത കോഴ്സുകൾക്ക് മറ്റ് സർവ്വകലാശാലകളിൽ കുട്ടികൾക്ക് തുടർന്ന് പഠിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് കോടതി പറഞ്ഞത്. അതിനെ ഗവൺമെന്റ് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇറക്കിയ ഓർഡർ എന്താണ്? ഇത് ഹൈക്കോടതിയുടെ ഓർഡറാണ്. (ഓർഡർ ഉയർത്തിക്കാണിച്ചു.) ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഇറക്കിയ ഓർഡറിൽ കൃത്യമായി പറയുന്നുണ്ട്. 2022 ഓഗസ്റ്റ് 16-ലെ കോടതിയുടെ ജഡ്ജ്മെന്റിനെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് സർക്കാർ ഇറക്കിയ ഓർഡർ എന്താണെന്നറിയാമോ? ഓപ്പൺ സർവ്വകലാശാല യു.ജി.സി.-ക്ക് അല്ലെ

ചെയ്യാത്ത കോഴ്സുകൾ ഒഴിവാക്കി മറ്റ് കോഴ്സുകൾക്ക് കേരളത്തിലെ മറ്റ് സർവ്വകലാശാലകളിൽ പ്രവേശനം നേടാം. ഈ കോടതി വിധികളെപ്പോലും ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് വിദ്യാർത്ഥികളുടെ അവകാശങ്ങളെ ഇല്ലാതാക്കുന്ന നടപടിയാണ് ഉന്നതവിദ്യാഭ്യാസ മേഖല സ്വീകരിക്കുന്നത്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല, സമയം വൈകിയതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. തീർച്ചയായിട്ടും ഈ ബില്ലിന്റെ താൽപ്പര്യമെന്നുപറയുന്നത് രാഷ്ട്രീയവൽക്കരണമാണ്. ആ രാഷ്ട്രീയവൽക്കരണം അനുവദിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ ബില്ലിന്റെ അവതരണത്തിൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. എം. വിജിൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്. പൗരസ്ത്യ സാംസ്കാരിക പഠനത്തിന്റെ കേന്ദ്രമാണ് ജർമ്മനിയിലെ പ്രസിദ്ധമായ സർവ്വകലാശാലകളിലൊന്നായ ട്യൂബിങ്ങൻ സർവ്വകലാശാല. ഞാൻ ആ

സർവ്വകലാശാലയുടെ പേര് ഇവിടെ പരാമർശിക്കാൻ കാരണം എന്റെ മണ്ഡലമായ കല്യാശ്ശേരിയുടെയും അതോടൊപ്പം പയ്യന്നൂർ മണ്ഡലത്തിന്റെയും ഭാഗത്തെ സംസ്കാരത്തിന്റെ ഒരു പ്രധാനപ്പെട്ട അടയാളമാണ് പയ്യന്നൂർ പാട്ട്. ആ പയ്യന്നൂർ പാട്ടിന്റെ ആദ്യ ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന താളിയോല ഗ്രന്ഥങ്ങളുടെ ശേഷിപ്പുകൾ കണ്ടെത്തിയത് ജർമ്മനിയിലെ വളരെ പ്രസിദ്ധമായ ട്യൂബിങ്ങൻ സർവ്വകലാശാലയിൽനിന്നാണ്. പൗരസ്ത്യ രചനകളുടെ ഒരു വലിയ പഠനകേന്ദ്രമായി ഇന്ന് ലോകത്ത് ആ യൂണിവേഴ്സിറ്റി മാറിയിട്ടുണ്ട്. ആ യൂണിവേഴ്സിറ്റിയുടെ സ്ഥാപകനായ എബർഹാഡ് ഒന്നാമൻ യൂണിവേഴ്സിറ്റികളെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ പങ്കുവയ്ക്കുന്നത്, അധികാരത്തിന്റെ കാലുഷ്യം കടന്നുചെല്ലാത്ത സ്വയം ശിഷ്യതമായ വിജ്ഞാനത്തിന്റേയും അതിരുകളില്ലാത്ത അറിവിൻ അന്വേഷണത്തിന്റേയും പ്രതിഭാ വികാസത്തിന്റേയും ഇടമായിരിക്കണം സർവ്വകലാശാല എന്നാണ്. ആ നിലയിൽ കേരളത്തിലെ സർവ്വകലാശാലകളെ മാറ്റിയെടുക്കാനുള്ള വലിയ ഇടപെടലാണ് കേരളത്തിലെ പിണറായി സർക്കാർ, ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ പൗരാണികമായ സർവ്വകലാശാലകളുടെ വലിയ പാരമ്പര്യം

നമുക്കുണ്ട്. സമയപരിമിതി കാരണം ഞാൻ അതിന്റെ ഉള്ളടക്കങ്ങളിലേയ്ക്ക് പോകുന്നില്ല. നളന്ദയും തക്ഷശിലയുമെല്ലാം നമ്മുടെ മുന്നിൽ വൈജ്ഞാനിക കേന്ദ്രങ്ങളായിരുന്നു. ഗുപ്തസാമ്രാജ്യം ഭരിച്ചിരുന്ന കാലഘട്ടത്തിലായിരുന്നു നളന്ദ സർവ്വകലാശാലയെന്ന് നമുക്കറിയാം. ആ ഘട്ടത്തിലെല്ലാം അവരാരും ഒരുതരത്തിലും ഇതിനകത്തേയ്ക്ക് ഇടപെടുകയോ...., യൂണിവേഴ്സിറ്റിയുടെ സ്വതന്ത്രമായ സ്വഭാവത്തെ നിലനിർത്താൻ ഇടപെട്ടതും ചരിത്രത്തിന്റെ ഭാഗമായി നാം പഠിച്ചതും മനസ്സിലാക്കിയതുമാണ്. ആധുനികകാലത്ത് സർവ്വകലാശാലയെന്ന സങ്കൽപ്പം ഏറ്റവും മനോഹരമായി പങ്കുവച്ചത് സ്വാതന്ത്ര്യസമര സേനാനിയും നമ്മുടെയെല്ലാം പ്രിയപ്പെട്ട കവിയുമായ രവീന്ദ്രനാഥ ടാഗോറാണ്. വിശ്വഭാരതി സർവ്വകലാശാലയെന്ന സങ്കൽപ്പം അദ്ദേഹം മുന്നോട്ടുവച്ചു. സാഹിത്യവും കലയും സംഗീതവും നാടകവുമെല്ലാം പരന്നൊഴുകുന്ന വിശാലമായൊരു സാംസ്കാരിക ചർച്ചകൊണ്ട് പ്രബുദ്ധമായിരിക്കണം തന്റെ സർവ്വകലാശാലയെന്ന ടാഗോറിന്റെ സങ്കൽപ്പത്തിനനുസരിച്ചാണ് വിശ്വഭാരതി സർവ്വകലാശാല സൃഷ്ടിച്ച് പ്രവർത്തിച്ചതെന്ന് നമുക്കറിയാം. ആ മഹത്തായ പാരമ്പര്യം പിൻപറ്റുന്ന സർവ്വകലാശാലകളുടെ

സ്വാതന്ത്ര്യപരമായ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ ഏറ്റവും സജീവമായി ഇടപെടേണ്ടൊരു കാലംകൂടിയാണ്. നമ്മുടെ സർവ്വകലാശാലകളുടെ സ്വാതന്ത്ര്യവും ജനാധിപത്യവും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ട ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടവും കൂടിയാണിത്. രാജ്യത്തിന്റെ വിദ്യാഭ്യാസമേഖലയെ കാവിവൽക്കരിക്കാൻ, വാണിജ്യവൽക്കരിക്കാൻ ഭരണകൂടം നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നൊരു ഘട്ടമാണിതെന്നത് ഏറെ ഗൗരവത്തോടുകൂടി കണ്ടുകൊണ്ടായിരിക്കണം ഈ ബില്ലിനെക്കുറിച്ചും അതിന്റെ ഉള്ളടക്കത്തെക്കുറിച്ചും സഭ വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യേണ്ടത്. ജെ.എൻ.യു.-വിലും എച്ച്.സി.യു.-വിലും സംഘ്പരിവാറിന്റെ ഇടപെടൽ നാം കണ്ടു. യൂണിവേഴ്സിറ്റിയെ കാവിവൽക്കരിക്കാൻ നടത്തിയ ഇടപെടലുകളുടെ ഘട്ടത്തിൽക്കൂടിയാണ് നാം ഈ ഭേദഗതി ബില്ലിനെ വളരെ ഗൗരവപൂർവ്വം സമീപിക്കുന്നത്. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം സെർച്ച്-കം-സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രാഗത്ഭ്യമുള്ളവരായിരിക്കണമെന്നുമാത്രമാണ് പ്രധാനമായും പറയുന്നത്. യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്ത കോളേജുകളുമായി

ബന്ധമില്ലാത്തവരായിരിക്കണമെന്നും അതിൽത്തന്നെ ഒരു പ്രതിനിധി യു.ജി.സി. ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന ആളായിരിക്കണമെന്നുമാണ് യു.ജി.സി. മാനദണ്ഡത്തിൽ പറയുന്നത്. ബാക്കിവരുന്ന അംഗങ്ങൾ ആരായിരിക്കണം, എന്തായിരിക്കണം എന്നതിനെ സംബന്ധിച്ച് യു.ജി.സി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്നിരിക്കേ അംഗങ്ങളുടെ എണ്ണം മൂന്നിൽനിന്നും അഞ്ചായി ഉയർത്തുന്നത് ഒരിക്കലും റെഗുലേഷന് വിരുദ്ധമല്ലെന്നുമാത്രമല്ല, അത് പ്രസ്തുത കമ്മിറ്റിയെ കൂടുതൽ ജനാധിപത്യവത്കരിക്കുകയാണെന്ന് നാം കാണേണ്ടതുണ്ട്.

ഡോ. കെ. ടി. ജലീൽ: സർ, കഴിഞ്ഞ 65 വർഷമായി ഇങ്ങനെയൊരു നിയമത്തെക്കുറിച്ച് നമ്മൾ ആലോചിച്ചിട്ടുപോലുമില്ല. എന്നാൽ ഇപ്പോൾ ഇത്തരത്തിൽ ഒരു നിയമത്തെക്കുറിച്ച് ആലോചിക്കാൻ നാം നിർബന്ധിതരായതാണ്. ഇന്ത്യയിൽ ബി.ജെ.പി. വിരുദ്ധ ഭരണം നിലനിൽക്കുന്ന സംസ്ഥാനങ്ങളെല്ലാം ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു. നിലവിൽ 3 ആളുകളാണ് Search cum Selection Committee-യിലുള്ളത്. അതിൽ ഒന്ന്, ചാൻസലറുടെ പ്രതിനിധിയും രണ്ടാമത്തേത് യു.ജി.സി.-യുടെ പ്രതിനിധിയും മൂന്നാമത്തേത് സെനറ്റിന്റെ

അഥവാ സിൻഡിക്കേറ്റിന്റെ പ്രതിനിധിയുമാണ്. അങ്ങനെ വരുമ്പോൾ തത്വത്തിൽ ചാൻസലർ/യു.ജി.സി. പ്രതിനിധികൾ നിലവിൽ ബി.ജെ.പി.-ക്കാർ തന്നെയായിരിക്കുമെന്നതിൽ തർക്കമില്ലല്ലോ. അവരുടെ നിർദ്ദേശാനുസരണം വരുന്ന കാൻഡിഡേറ്റ്സ്, സെനറ്റ് നോമിനേറ്റ് ചെയ്യുന്ന ഒരു പ്രതിനിധി എന്നിവരുൾപ്പെടെ മൂന്ന് ആളുകളുടെ പേരാണ് ഗവർണറുടെ മുമ്പിൽ എത്തുക. നമ്മുടെ അനുഭവത്തിൽത്തന്നെ അതുണ്ട്, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് ഒരു തികഞ്ഞ ആർ.എസ്.എസ്-കാരനെ കൊണ്ടുവരാനായി നടത്തിയ ശ്രമം അതിശക്തമായ ഇടപെടലുകളിലൂടെയാണ് പരാജയപ്പെടുത്തിയത്. എന്നാൽ എല്ലാസമയത്തും അങ്ങനെ നടന്നുകൊള്ളണമെന്നില്ല. കേരളത്തിൽ ബി.ജെപി.-യ്ക്ക് ഭരണം കിട്ടില്ലെന്ന കാര്യം ഉറപ്പാണ്. എന്നാൽ എല്ലാ സർവ്വകലാശാലകളുടെയും തലപ്പത്ത് ആർ.എസ്.എസ്-കാരെ അവരോധിക്കുന്നതിന് നിലവിലുള്ള നിയമപ്രകാരം സാധിക്കും. ഇപ്പോഴത്തെ ഭേദഗതിയിലൂടെ പ്രസ്തുത കമ്മിറ്റിയിലെ അംഗസംഖ്യ മൂന്നിന് പകരം അഞ്ചാക്കി ഉയർത്തുകയാണ്. ഒരാൾ സെനറ്റിന്റെ/സിൻഡിക്കേറ്റിന്റെ പ്രതിനിധി, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഉന്നതവിദ്യാഭ്യാസ

കൗൺസിലിന്റെ വൈസ് ചെയർമാൻ എന്നിവരായിരിക്കും ആ മൂന്നുപേർ. അതായത് ഇതിൽ രണ്ടുപേർ ഗവൺമെന്റ് വക്താക്കളും ഒരാൾ സിൻഡിക്കേറ്റ് പ്രതിനിധിയുമായിരിക്കും. ബാക്കി വരുന്ന രണ്ടുപേർ ചാൻസലറുടെയും യു.ജി.സി.-യുടെയും പ്രതിനിധികളായിരിക്കും. പ്രസ്തുത അംഗങ്ങൾ ഉൾപ്പെട്ട Search cum Selection Committee-ലെ ഭൂരിപക്ഷം അംഗങ്ങൾ നിർദ്ദേശിക്കുന്ന മൂന്നുപേർ അടങ്ങിയ പാനലിൽനിന്നും ഒരാളാണ് യഥാർത്ഥത്തിൽ വൈസ് ചാൻസലറായി വരുന്നത്. ഇങ്ങനെ ചെയ്തില്ലെങ്കിൽ കോൺഗ്രസിനും നമുക്കുമെല്ലാംതന്നെയും വലിയരീതിയിലുള്ള ബുദ്ധിമുട്ടാണ് വരാൻപോകുന്നതെന്ന് സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെവന്ന എതിർപ്പും അതുതന്നെയാണ്. കേന്ദ്രത്തിൽ ബി.ജെ.പി. അവരുടെ സൗകര്യംപോലെ ചെയ്യുന്നു, ഇവിടെ നിങ്ങളും നിങ്ങളുടെ സൗകര്യംപോലെ ചെയ്യുന്നു, യൂണിവേഴ്സിറ്റി അനാഥമാക്കപ്പെടുന്നു. ഡോ. കെ. ടി. ജലീൽ, അതുതന്നയാണ് പ്രശ്നം, ബി.ജെ.പി.-ക്കാർ കേന്ദ്രസർവ്വകലാശാലകളിലും മറ്റും അവരുടെയാളുകളെ കുത്തിത്തിരുകാനായി അവരുടെ പുതിയ യൂണിവേഴ്സിറ്റി റെഗുലേഷനനുസരിച്ച് ശ്രമിക്കുന്നു.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവേ, അടുത്തതായി സംസാരിക്കാനുള്ളത് അങ്ങാണ്.

<u>ശ്രീ. എം. വിജിൻ</u>: സർ, കമ്മ്യൂണിസ്റ്റ് വിരുദ്ധത നിലനിർത്തിക്കൊണ്ട് യൂണിവേഴ്സിറ്റിയുടെ തലപ്പത്ത് ബി.ജെ.പി. വന്നാലും തർക്കമില്ലെന്നൊരു വാദം ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവിന്റെ സംസാരത്തിലുണ്ടോയെന്ന് എനിക്ക് തോന്നിയിട്ടുണ്ട്, അതുകൂടി സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം, ഡോ. കെ. ടി. ജലീൽ ബില്ലിൽ നിർദ്ദേശിക്കപ്പെട്ട അഞ്ച് ആളുകളെ സംബന്ധിച്ച കാര്യങ്ങൾ സൂചിപ്പിച്ചുകഴിഞ്ഞു. പ്രസ്തുത ബില്ലിൽ ചാൻസലറുടെ വിവേചനാധികാരം എവിടെയും കുറയുന്നതായി പറയുന്നില്ല, എവിടെയും അത് എടുത്ത് കളയുന്നുമില്ലെന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എന്നാൽ പ്രതിപക്ഷവും ചില മാധ്യമങ്ങളുംകൂടി അത്തരത്തിലാണ് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ചാൻസലറുടെ വിവേചനാധികാരത്തെ ഈ ബിൽ ഒരുതരത്തിലും ഇല്ലാതാക്കുന്നില്ല. എന്തിനെയും എതിർക്കുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആ വിഷയം നേരത്തേതന്നെ ഈ സഭയിൽ ചർച്ച ചെയ്തതുമാണ്. ബില്ലിന്റെ ചർച്ചയുടെ

തുടക്കത്തിൽ 'ജസ്റ്റിസ് മദൻ മോഹൻ പുഞ്ചി കമ്മീഷൻ റിപ്പോർട്ട് (Justice Madan Mohan Punchhi)' നാം വളരെ ഗൗരവത്തോടെ ചർച്ച ചെയ്തതാണ്. പ്രസ്തുത കമ്മീഷനെ നിയമിച്ചത് ആരാണ്? 2007-ൽ കോൺഗ്രസ് നേതൃത്വംകൊടുത്ത യു.പി.എ. ഗവൺമെന്റ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 'പുഞ്ചി കമ്മീഷൻ' നിയോഗിക്കുകയും 2010-ൽ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിൽ ഏറ്റവും പ്രധാനമായി കമ്മീഷൻ മുന്നോട്ടുവച്ച ആശയം, കേന്ദ്ര-സംസ്ഥാന ബന്ധം വഷളാകുന്നതിൽ പ്രധാനമായും കാരണമായി പറഞ്ഞത്, 'ഗവർണറും ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകളും വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ടുണ്ടാകുന്ന തർക്കങ്ങളാണ് ' എന്നാണ്. ഇത് കോൺഗ്രസ് നിയമിച്ച പ്രധാനപ്പെട്ട ഒരു കമ്മീഷന്റെ കണ്ടെത്തലാണ്. ഇത്തരം നിരവധി പ്രശ്നങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ടെന്നാണ് ഈ റിപ്പോർട്ടിലൂടെ നമുക്ക് കാണാൻ സാധിക്കുന്നത്. പ്രശസ്ത ഭരണഘടനാ വിദഗ്ധൻ 'ദുർഗാ ദാസ് ബസു'വിന്റെ അഭിപ്രായം വളരെ പ്രസക്തമാണെന്ന് തോന്നുന്നു. 'സംസ്ഥാന നിയമസഭാ ചാൻസലറുടെ അധികാരങ്ങൾ ഗവർണറിൽ

നിക്ഷിപ്തമാക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവശുദ്ധി നോക്കിയല്ല, മറിച്ച് ഗവർണർ സംസ്ഥാനത്തിന്റെ അധിപനായതുകൊണ്ടാണ്, അതുകൊണ്ടുതന്നെ ഗവർണർ മന്ത്രിസഭയുടെ ഉപദേശങ്ങൾ പരിഗണിച്ചുകൊണ്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥനാണ് ' എന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഈ ബില്ലിന്റെ ഭാഗമായി വളരെ പ്രാധാന്യത്തോടെ ചേർത്തുവയ്ക്കേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ, അതായത്, ഗവർണർമാരും ഗവൺമെന്റും തമ്മിലുണ്ടാകുന്ന വൈസ് ചാൻസലർ നിയമനങ്ങളിലെ തർക്കങ്ങളിൽ ബഹുമാനപ്പെട്ട കോടതിയും ഇടപെട്ടിട്ടുണ്ട്.

<u>മി. ചെയർമാൻ</u>: ശ്രീ. എം. വിജിൻ, പ്രസംഗം ചുരുക്കണം..

<u>ശ്രീ. എം. വിജിൻ</u>: സർ, ഇപ്പോൾ അവസാനിപ്പിക്കാം. 2013-ൽ ബീഹാറിലെ മുൻഗവർണറായിരുന്ന ദേവാനന്ദ കോൺവാർ (Devanand Konwar) നിയമിച്ച 10 വൈസ് ചാൻസലർമാരുടെയും 8 പ്രോ-വൈസ് ചാൻസലർമാരുടെയും നിയമനം റദ്ദാക്കിക്കൊണ്ട് ജസ്റ്റിസ് ഗൺപത് സിംഗ്‌വി (Justice Ganpat Singhvi) അദ്ധ്യക്ഷനായ ബഞ്ച് പുറപ്പെടുവിച്ച വിധിയിലെ ഏറ്റവും പ്രസക്തമായ ഭാഗം 'സംസ്ഥാന സർക്കാരുമായി മുൻകൂർ

ആലോചന നടത്തിവേണം വൈസ് ചാൻസലർ നിയമനങ്ങൾ നടത്താനെന്ന വ്യവസ്ഥയുടെ ലംഘനം ' എന്നതാണ്. അക്കാര്യം ചൂണ്ടിക്കാണിച്ചാണ് പ്രസ്തുത നിയമനങ്ങളെ ബഹുമാനപ്പെട്ട ജസ്റ്റിസ് ഗൺപത് സിംഗ്‌വി ഉൾപ്പെട്ട ബഞ്ച് റദ്ദാക്കിയതെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും സമാനമായ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. തമിഴ്നാട്ടിൽ 2022 ഏപ്രിലിലാണ് 13 സ്റ്റേറ്റ് യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർ നിയമനം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് നിയമം പാസ്സാക്കിയത്. തെലുങ്കാന സംസ്ഥാനവും സമാനമായ നിയമം നേരത്തേതന്നെ പാസ്സാക്കുകയുണ്ടായി. ബംഗാളിലും ഗുജറാത്തിലും സമാന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇവിടെ പ്രതിപക്ഷം എല്ലാത്തിനെയും എതിർക്കുകയാണല്ലോ, കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാൻ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച സമീപനമെന്താണ്? സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ പ്രവർത്തിക്കുന്ന 28 സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം മുഖ്യമന്ത്രിക്ക് കൊടുക്കുകയാണ് ചെയ്തത്. എന്നാൽ സെർച്ച് കമ്മിറ്റി രൂപീകരിച്ച് ഈ പ്രക്രിയ കൂടുതൽ ജനാധിപത്യവത്കരിക്കുകയാണ്

ഞങ്ങൾ ചെയ്തത്, ഇതുംകൂടി നമ്മൾ കാണേണ്ടതുണ്ട്. മഹാരാഷ്ട്രയിൽ 2021-ൽ കോൺഗ്രസ് പങ്കാളിത്തമുള്ള സർക്കാർ തീരുമാനിച്ചത്, വൈസ് ചാൻസലറെ ഗവർണർക്ക് നിയമിക്കാം, പക്ഷേ അത് സർക്കാർ പറയുന്ന ആളായിരിക്കണമെന്നാണ്. ഇങ്ങനെയെല്ലാം തീരുമാനമെടുത്ത കോൺഗ്രസും അവർ ഉൾപ്പെട്ട പ്രതിപക്ഷവുമാണ് ഈ നിയമസഭയിൽ വന്നുകൊണ്ട് ബില്ലിനെ എതിർക്കുന്നതെന്നത് വിരോധാഭാസമാണ്. മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാനുണ്ട്, ജസ്റ്റിസ് പുഞ്ചി കമ്മീഷൻ മുമ്പോട്ടുവച്ചത് സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം ഗവർണർക്ക് നൽകരുതെന്നാണ്. അങ്ങനെയൊരു നിർദ്ദേശം മുന്നോട്ടുവച്ചുകൊണ്ട് അന്നത്തെ യു.പി.എ. ഗവൺമെന്റ് ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കെല്ലാം ഇതുമായി ബന്ധപ്പെട്ട അഭിപ്രായം ആരാഞ്ഞുകൊണ്ട് കത്തയയ്ക്കുകയുണ്ടായി. ഇക്കാര്യം ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചതാണ്. 26-08-2015-ൽ ഉമ്മൻ ചാണ്ടി സർക്കാർ അതിനുകൊടുത്ത മറുപടി ഇങ്ങനെയായിരുന്നു, 'ചില സന്ദർഭങ്ങളിൽ സർക്കാരും ഗവർണറും തമ്മിൽ വൈസ് ചാൻസലർ തസ്തിക പോലെയുള്ളവയിലെ നിയമനം സംബന്ധിച്ച് ഉരസലിനിടയാകാറുണ്ട്.

ഗവർണർ പദവിയെ പൊതുവായ വിമർശനങ്ങളിൽനിന്നും ഒഴിവാക്കാൻ ഇതിലൂടെ കഴിയുമെന്നതിനാൽ ശിപാർശ അംഗീകരിക്കുന്നു.' ഏത് ശിപാർശയാണ് കോൺഗ്രസ് സർക്കാർ അംഗീകരിച്ചത്? അവർ അംഗീകരിച്ചത് പുഞ്ചി കമ്മീഷൻ മുമ്പോട്ടുവച്ച, സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കാനുള്ള അധികാരം ഗവർണറിൽ നിക്ഷിപ്തമാക്കേണ്ട എന്ന ശിപാർശ അംഗീകരിച്ച പ്രതിപക്ഷമാണ് ഇതിനെ എതിർക്കുന്നതെന്നതിനാൽ ഞാൻ നേരത്തേ സൂചിപ്പിച്ച അതേവാക്ക്, 'വിരോധാഭാസമാണെന്ന്' വീണ്ടും എടുത്തുപറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ 19 സംസ്ഥാനങ്ങൾ പ്രസ്തുത ശിപാർശ അംഗീകരിച്ചുവെന്നത് നാം കാണേണ്ടതായിട്ടുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. എം. വിജിൻ: സർ, ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരുടെ നിയമനത്തിൽ ഇടതുപക്ഷത്തെ കുറ്റപ്പെടുത്തിക്കൊണ്ട് പ്രതിപക്ഷനിരയിൽനിന്നും ചിലയാളുകൾ സംസാരിച്ചു. ആരാണ്

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർത്തത്? കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിലിരുന്നപ്പോൾ നിയമിച്ച വൈസ് ചാൻസലർമാർ ആരൊക്കെയായിരുന്നു. പ്രതിപക്ഷ നിരയിൽനിന്ന് സംസാരിച്ചപ്പോൾ ജോസഫ് മുണ്ടശ്ശേരി മാഷിന്റെ കാലത്തെ നിയമനത്തെക്കുറിച്ച് രാഷ്ട്രീയ നിയമനങ്ങളാണെന്ന നിലയിലുള്ള വിമർശനങ്ങൾ ഉയർത്തിക്കൊണ്ട് വരികയുണ്ടായി. നമുക്കറിയാം, 1957-ൽ ജോസഫ് മുണ്ടശ്ശേരി മാഷിന്റെ നേതൃത്വത്തിൽ അന്ന് ഇ.എം.എസ്. മന്ത്രിസഭ സർവ്വകലാശാല ഭേദഗതി ബിൽ കൊണ്ടുവന്ന് കേരള സർവ്വകലാശാല വൈസ് ചാൻസലറാക്കിയത് ഡോ. ജോൺ മത്തായിയെയാണെന്ന് നമുക്കറിയാം. അദ്ദേഹം ആരായിരുന്നു, ജവഹർലാൽ നെഹ്റു പ്രധാന മന്ത്രിയായിരിക്കെ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ധനകാര്യവകുപ്പുമന്ത്രിയും റെയിൽവെ വകുപ്പുമന്ത്രിയുമായിരുന്നു. എന്തുകൊണ്ടാണ് അദ്ദേഹത്തെ കേരളത്തിലെ വൈസ് ചാൻസലറാക്കിയത്; രാഷ്ട്രീയം നോക്കിയിട്ടല്ല, അദ്ദേഹത്തിന്റെ അക്കാദമിക്ക് ക്വാളിഫിക്കേഷൻ നോക്കിയാണ്. കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലറാകുന്നതിനുംമുമ്പെ അദ്ദേഹം

മുംബൈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്നു. കേരള ചരിത്രത്തിൽ ഇടതുപക്ഷം ഭരിച്ചപ്പോഴാണ് അങ്ങനെ അക്കാദമിക്ക് ക്വാളിഫിക്കേഷൻ നോക്കിയുള്ള നിയമനങ്ങൾ ധാരാളം നടത്തിയിട്ടുള്ളത്. ഞാൻ എല്ലാ പേരുകളിലേയ്ക്കൊന്നും കടക്കുന്നില്ല. യു. ആർ. അനന്തമൂർത്തി, ഡോ. രാജൻ ഗുരുക്കൾ, ഡോ. കെ. കെ. എൻ. കുറുപ്പ്, ഡോ. കെ. എൻ. പണിക്കർ തുടങ്ങി രാജ്യാന്തര പ്രസക്തിയുള്ള വിദ്യാഭ്യാസ വിചക്ഷണൻമാരെ കേരളത്തിലെ സർവ്വകലാശാലകളിൽ വൈസ് ചാൻസലറാക്കിയ പാരമ്പര്യം ഇടതുപക്ഷ കമ്മ്യൂണിസ്റ്റ് സർക്കാരിനുണ്ട്. എന്താണ് കോൺഗ്രസിന്റെ പാരമ്പര്യം? സർവ്വകലാശാല പ്രൊഫസറല്ലായിരുന്ന ഡോ. മുഹമ്മദ് ബഷീറിനെ കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ് ചാൻസലറായി നിയമിച്ചവരല്ലേ നിങ്ങൾ; എന്നിട്ട് അദ്ദേഹത്തിന്, കാലിക്കറ്റ് സർവ്വകലാശാലയിൽ ചില വി.സി.-മാരുടെ പ്രൊട്ടക്ഷൻ കരിമ്പൂച്ചകളുടെ ലിസ്റ്റുകൾ ഞങ്ങൾ വിദ്യാർത്ഥി കാലഘട്ടത്തിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ചാൻസലർ നിയമനം റദ്ദാക്കി, എം.ജി.വി.സി. ചരിത്രത്തിലാധ്യമായിട്ടല്ലേ ഒരു ചാൻസലർക്ക് വൈസ് ചാൻസലറുടെ നിയമനം റദ്ദാക്കേണ്ടിവന്നത്. അത് ആരുടെ

കാലത്ത്; അത് യു.ഡി.എഫ്.ന്റെ കാലത്താണ്. കണ്ണൂർ വൈസ് ചാൻസലറായി ഡോ. ഖാദർ മാങ്ങാടിനെ നിയമിച്ചത് ഡി.സി.സി.-യുടെ സെക്രട്ടറിയും ലോക്സഭ കൈപ്പത്തി ചിഹ്നത്തിൽ മത്സരിച്ച സ്ഥാനാർത്ഥിയുമായിരുന്നില്ലേ; സ്കൂൾ അദ്ധ്യാപകനെ വൈസ് ചാൻസലറാക്കാൻ ശ്രമിച്ച പാരമ്പര്യമുള്ളത് യു.ഡി.എഫ്-ന് അല്ലേ. അങ്ങനെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ തകർക്കുന്ന സമീപനമെടുത്തവരാണ് കേരളത്തിലെ കോൺഗ്രസ്സ് എന്നുകൂടികാണണം. കേരളത്തിലെ സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരെ നിയമിക്കുന്നത് ജനാധിപത്യവൽക്കരിക്കുന്നു എന്നുള്ളതിൽ നിങ്ങൾക്കും വലിയ സന്തോഷമുണ്ടെന്ന് എനിക്കറിയാം. നിങ്ങൾ ധരിച്ചിരിക്കുന്നത് പ്രതിപക്ഷമെന്ന് പറഞ്ഞാൽ എല്ലാത്തിനെയും എതിർക്കുകയെന്നതാണ്. അതുകൊണ്ടാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത്. കേരളത്തിലെ ഉന്നതവിദ്യാഭ്യാസം പുരോഗതിയുടെ കുതിപ്പിലാണ്. വലിയ മാറ്റമുണ്ടാക്കുകയാണ്. ലോകത്തിനുമുന്നിൽ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല ചരിത്രം സൃഷ്ടിക്കാൻ പോകുന്ന ഘട്ടത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് എന്ന പ്രാധാന്യമുണ്ട്. സെർച്ച്

കമ്മിറ്റിയെ കൂടുതൽ ജനാധിപത്യവത്ക്കരിക്കുന്ന കൂടുതൽ അക്കാദമിക് യോഗ്യതയുള്ള ആളുകളെ ഉൾപ്പെടുത്തുന്ന ഈ ബില്ലിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോയിന്റ് ഓഫ് ഓർഡർ. യു.ഡി.എഫ്.-ന്റെ കാലത്ത് ഹൈസ്കൂൾ അധ്യാപകനെ വൈസ് ചാൻസലറാക്കി, അതുപോലെ മുമ്പ് വൈസ് ചാൻസലറായിരുന്ന .....ബഹളം... അത് വസ്തുതാ വിരുദ്ധമാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് ഒരു ഹൈസ്കൂൾ അദ്ധ്യാപകനെയും വൈസ് ചാൻസലറാക്കിയിട്ടില്ല. വസ്തുതാ വിരുദ്ധമായ കാര്യം പരാമർശിക്കുന്നത് ശരിയല്ല. മറ്റൊന്ന്, ഇവിടെ ഗവർണറുടെ പ്രശ്നമാണെങ്കിൽ ഞങ്ങൾ ചോദിക്കുന്നത്

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ പറയണം....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പശ്ചിമ ബംഗാൾപോലെ ഗവർണറെ ഒരു ചാൻസലർ സ്ഥാനത്തേയ്ക്ക് മാറ്റാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ; ഞങ്ങൾ കൂടെ നിൽക്കാം.

മി. ചെയർമാൻ: അതാണോ പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. അൻവർ സാദത്ത് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ്

ചെന്നിത്തല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഭേദഗതി നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ഉന്നതരായ വിദ്യാഭ്യാസ വിദഗ്ദ്ധന്മാരെയാണ് വൈസ് ചാൻസലർമാരായി കേരളം അംഗീകരിച്ചിട്ടുള്ളത്. 1937-ലാണ് തിരുവിതാംകൂർ യൂണിവേഴ്സിറ്റി നിലവിൽ വന്നത്. അന്ന് അതിന്റെ ചാൻസലർ ശ്രീ. ചിത്തിര തിരുനാൾ മഹാരാജാവും റാണി സേതു പാർവ്വതിഭായി പ്രോ-ചാൻസലറായും സർ സി. പി. രാമസ്വാമി അയ്യർ വൈസ് ചാൻസലറുമായ ആദ്യത്തെ യൂണിവേഴ്സിറ്റിയാണ് നിലവിൽ വന്നത്. അന്ന് സർ സി. പി. രാമസ്വാമി അയ്യർ അടക്കമുള്ള ആളുകൾ ലോക പ്രശസ്തനായ ശാസ്ത്രജ്ഞൻ ആൽബെർട്ട് ഐൻസ്റ്റീനെ കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരിക്കാൻ ക്ഷണിച്ചു. അദ്ദേഹം ക്ഷണം നിരസിച്ചു. ഇത് ചൂണ്ടിക്കാണിക്കുന്നത് എന്താണ്; ഒരു സർവ്വകലാശാലയുടെ വൈസ് ചാൻസലറായി ആൽബെർട്ട്

ഐൻസ്റ്റിനെപ്പോലെ മഹാനായൊരു ശാസ്ത്രജ്ഞനെ ക്ഷണിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. അത് ആ പദവിയുടെ ഔന്നത്യത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ശ്രീ. എം. വിജിൻ ചൂണ്ടിക്കാണിച്ചതുപോലെ 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് നെഹ്റു മന്ത്രിസഭയിലെ ആദ്യത്തെ റെയിൽവെ മന്ത്രിയും രണ്ടുതവണ ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്ത ജോൺ മത്തായി മുംബൈ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലറായിരുന്നു. പ്ലാനിംഗ് കമ്മീഷനിൽ നെഹ്റു കൂടുതൽ അധികാരം കൊടുത്തതിന്റെ പേരിൽ മന്ത്രിസഭയിൽനിന്ന് രാജിവച്ചുപോയി. ആ ജോൺ മത്തായിയെയാണ് കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറാക്കിയത്. ഒരിക്കൽ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്.-ന് വൈസ് ചാൻസലറെ കാണണമെന്ന് തോന്നി. അദ്ദേഹം അപ്പോയിന്റ്മെന്റ് ചോദിച്ച് വൈസ് ചാൻസലറെ അങ്ങോട്ടുപോയി കാണുകയാണ് ചെയ്തത്. ഇതാണ് കേരളത്തിൽ വൈസ് ചാൻസലർമാർക്കും യൂണിവേഴ്സിറ്റിക്കും നൽകിയ പ്രാധാന്യമെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. പദവിയുടെ മഹത്വം അതാണ്. കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർമാർ ആരൊക്കെയായിരുന്നു? സാമുവൽ മത്തായി, യു.ജി.സി. ചെയർമാനായിരുന്ന

ഡോ. ജോർജ്ജ് ജേക്കബ്, യു.ആർ. അനന്തമൂർത്തി ഇവരെല്ലാം പ്രഗത്ഭരായവരും സമൂഹം അംഗീകരിക്കുന്ന വ്യക്തികളുമായിരുന്നു. ഒറ്റ യൂണിവേഴ്സിറ്റിയായിരുന്ന കേരള യൂണിവേഴ്സിറ്റിയെ സ്പ്ലിറ്റ് ചെയ്ത് ഇപ്പോൾ പതിനാല് യൂണിവേഴ്സിറ്റികൾ നമുക്കുണ്ട്. പതിമൂന്നിന്റെയും ചാൻസലർ ഗവർണറാണ്. ലോ യൂണിവേഴ്സിറ്റിൽ മാത്രമാണ് ചീഫ് ജസ്റ്റിസ് ചാൻസലറായിട്ടിരിക്കുന്നത്. ഇവിടെയെല്ലായിടത്തും പ്രോ-ചാൻസലർമാർ മന്ത്രിമാരായിരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്താൻ ഏറ്റവും അടിയന്തരമായ ആവശ്യമെന്താണ്; യൂണിവേഴ്സിറ്റിയുടെ ആട്ടോണമി നിലനിർത്തുക എന്നുള്ളതാണ്. സ്വതന്ത്ര ചിന്തയുടെ ഉറവിടങ്ങളായിരിക്കണം നമ്മുടെ സർവ്വകലാശാലകൾ. സർവ്വകലാശാലകൾ റിസർച്ചിനും പഠനത്തിനും അക്കാദമിക് താല്പര്യങ്ങൾക്കുമായിരിക്കണം കൂടുതൽ മുൻതൂക്കം നൽകേണ്ടത്. എങ്കിൽ മാത്രമെ യൂണിവേഴ്സിറ്റികൾക്ക് പേരും പ്രശസ്തിയും ഉണ്ടാകുകയുള്ളൂ. ലോകോത്തര അംഗീകാരം ലഭിക്കുകയുള്ളൂ. അത്തരത്തിലുള്ള യൂണിവേഴ്സിറ്റിയായി കേരളത്തിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയെ മാറ്റാനുള്ള പരിശ്രമത്തിനുവേണ്ടിയൊരു നിയമ ഭേദഗതി കൊണ്ടുവന്നിരുന്നുവെങ്കിൽ ഞങ്ങൾ ഹൃദയപൂർവ്വം അതിനെ

സ്വാഗതം ചെയ്യുമായിരുന്നു. ഈ നിയമസഭാ സമ്മേളനം അങ്ങ് വിളിച്ചുകൂട്ടിയത് എന്തിനായിരുന്നു. ഒന്ന്, കാലഹരണപ്പെട്ട ഓർഡിനൻസുകൾ നിയമമാക്കാനും യൂണിവേഴ്സിറ്റി ചാൻസലറായ ഗവർണറുടെ അധികാരം കവരാനുമാണ്. ലോക് ആയുക്തയുടെ പല്ല് പറിച്ചുകഴിഞ്ഞു. ഇനിയിപ്പോൾ ചാൻസലറുടെ അധികാരംകൂടി ഇന്ന് കുറയ്ക്കാൻ പോകുകയാണ്. ഇതിലൂടെ നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയമെന്താണ്; നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം നിലവിലെ നിയമങ്ങൾ സർക്കാർ താല്പര്യങ്ങൾക്ക് വിരുദ്ധമാണെങ്കിൽ ആ നിയമംതന്നെ മാറ്റുമെന്നുള്ള ധിക്കാരപരമായ, ജനാധിപത്യ വിരുദ്ധമായ, സമൂഹത്തിന് താങ്ങാൻ കഴിയാത്ത നിലയിലുള്ള ഒരു നടപടിയാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഇത് അധാർമ്മികമാണ്. നിങ്ങളുടെ താല്പര്യങ്ങൾക്കനുസരിച്ച് നിയമം വഴങ്ങുന്നില്ലെങ്കിൽ ആ നിയമം മാറ്റാനുള്ള രാഷ്ട്രീയ ഔദ്ധത്യമാണ് നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. You are setting a very bad precedent in the State of Kerala. ഈ നിയമ ഭേദഗതികൊണ്ട് സർവ്വകലാശാലയ്ക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപക സമൂഹത്തിനും എന്തുഗുണമുണ്ട്? പൊതുസമൂഹത്തിന് എന്തുനേട്ടമുണ്ട്,

അക്കാദമിക് സമൂഹമോ പൊതുസമൂഹമോ കൈനീട്ടി സ്വീകരിക്കാത്ത നിയമഭേദഗതി കൊണ്ടുവന്ന് സർവ്വകലാശാലകളെ സ്വന്തം കൈപ്പിടിയിൽ ഒതുക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ യൂണിവേഴ്സിറ്റികളെ സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി അധ:പതിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇതിലെ രണ്ട് നിർദ്ദേശങ്ങളെ ഞാൻ അംഗീകരിക്കുകയാണ്. ഒന്ന്, വൈസ് ചാൻസലർമാരുടെ പ്രായം 65 വയസ്സായി ഏകീകരിക്കുന്ന കാര്യവും രണ്ടാമതായി സെർച്ച് കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ പ്രതിനിധിയെന്നതും. ചിലയിടത്ത് സിൻഡിക്കേറ്റും മറ്റുചിലയിടത്ത് സെനറ്റുമാണ്. അത് ഞാൻ അംഗീകരിക്കുന്നു. ശ്രീ. എം. വിജിൻ ഇത് പൂർണ്ണമായും മനസ്സിലാക്കാതെയാണ് സംസാരിച്ചത്. യു.ജി.സി. റെഗുലേഷൻ 2018 പ്രകാരം വൈസ് ചാൻസലറെ തീരുമാനിക്കാനുള്ള ഒരു മാനദണ്ഡം വച്ചിട്ടുണ്ട്. 1) Professor with 10 years experience. 2) Search cum Selection Committee-യിൽ UGC പ്രതിനിധി ഉണ്ടാകണം. 3) ഈ കമ്മിറ്റിയിൽ 3 മുതൽ 5 വരെയുള്ള പേരുകൾ ചാൻസലർക്ക് നൽകണം. കേരള യൂണിവേഴ്സിറ്റി ആക്റ്റിൽ പറയുന്നത് യു.ജി.സി.-യുടെ ഒരു പ്രതിനിധി, ചാൻസലറുടെ ഒരു പ്രതിനിധി, യൂണിവേഴ്സിറ്റിയുടെ ഒരു പ്രതിനിധി എന്നീ

മൂന്ന് പ്രതിനിധികൾ search committee-ൽ ഉണ്ടാകണമെന്നാണ്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിൽ ഇവരെക്കൂടാതെ സർക്കാരിന്റെ പ്രതിനിധി, ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ എന്നീ രണ്ടുപേരെ കൂടി നോമിനേറ്റ് ചെയ്യുകയാണ്. ഇതോടുകൂടി search committee-ക്ക് 5 അംഗങ്ങളുണ്ടാകും. അത് നമുക്ക് മനസ്സിലാക്കാം; പക്ഷേ വിചിത്രമായ നടപടി എന്താണ്? അതാണ് ശ്രീ. എം. വിജിൻ കാണേണ്ടത്. Search Committee-യിലെ ഭൂരിപക്ഷം അംഗീകരിക്കുന്ന പാനൽ മാത്രമേ ചാൻസലർക്ക് കൊടുക്കാവൂ, പിന്നെ എന്തിനാണ് രണ്ടുപേരെ നോമിനേറ്റ് ചെയ്യുന്നത്? അവർ നോക്കുകുത്തികളായി ഇരിക്കേണ്ട കാര്യമെന്താണ്? അഞ്ചംഗ കമ്മിറ്റിയിൽ ഭൂരിപക്ഷമെടുക്കുന്ന പാനൽ മാത്രമേ ഗവർണർക്ക് കൊടുക്കാവൂ എന്നുവന്നാൽ പിന്നെ മറ്റ് രണ്ടുപേരെ എന്തിനാണ് നോമിനേറ്റ് ചെയ്യുന്നത്? സ്വയംഭരണ സ്ഥാപനമായ യൂണിവേഴ്സിറ്റിയിൽ സർക്കാരിന്റെ ഏറാൻമൂളികളെ തന്നെ വൈസ് ചാൻസലറാക്കാനുള്ള കുൽസിതമായ നടപടിയാണ് സ്വീകരിക്കുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ വൈസ് ചാൻസലറാക്കാൻ, നിങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാൻ, ഇരിക്കാൻ പറയുമ്പോൾ കിടക്കുന്ന ആളുകളെ വൈസ്

ചാൻസലർമാരാക്കാൻവേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അവിടെയാണ് ഡോ. കെ. ടി. ജലീൽ പറഞ്ഞൊരുകാര്യം ഞാൻ പറയുന്നത്. സർവ്വകലാശാല ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ബി.ജെ.പി.-യുടെ ആളുകളെ കുത്തിനിറയ്ക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ അതിനെതിരാണ്; ഞങ്ങളുടെ ഭരണകാലത്ത് കേന്ദ്രത്തിൽ ഒരിക്കലും അങ്ങനെയുണ്ടായിട്ടില്ല. ആ നടപടി കേരളത്തിൽ സി.പി.ഐ.(എം.) ചെയ്യാൻ പോകുന്നു. അതാണ് ഞങ്ങളുടെ ഒബ്ജക്ഷൻ.

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ചോദിച്ചത്, ഭൂരിപക്ഷം നിർദ്ദേശിക്കുന്ന മൂന്നുപേരുടെ ലിസ്റ്റ് ഗവർണർക്ക് കൊടുക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നത് പച്ചയ്ക്ക് പറഞ്ഞാൽ യു.ജി.സി.-യുടെ പ്രതിനിധിയായി വരുന്ന ബി.ജെ.പി. അനുഭാവി, ചാൻസലറുടെ പ്രതിനിധിയായി ഈ സെർച്ച് കമ്മിറ്റിയിലുള്ള ബി.ജെ.പി.-യുടെ അനുഭാവി, ബി.ജെ.പി.-ക്കാരെ ആർ.എസ്.എസ്.-കാരെ നമ്മുടെ സർവ്വകലാശാലകളുടെ തലപ്പത്തേയ്ക്ക് നാമനിർദ്ദേശം ചെയ്യരുതെന്നുപറയുന്ന വ്യക്തമായ രാഷ്ട്രീയം അതിലുണ്ട്. അതിൽ എന്താണ് തെറ്റ്? നിങ്ങളോ ഞങ്ങളോ ആരും ഭരിച്ചോട്ടെ......

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറഞ്ഞുവരുന്നത് ഇവിടെ നിങ്ങളുടെ ആളുകളെയും വയ്ക്കേണ്ട, ബി.ജെ.പി.-യുടെ ആളുകളെയും വയ്ക്കേണ്ട. സ്വതന്ത്ര സ്വഭാവത്തിലുള്ള..... ഇവിടെ കുറെ വൈസ് ചാൻസലർമാരുടെ പേര് ഞാൻ പറഞ്ഞല്ലോ. ഇതുവരെ അതുണ്ടായിട്ടില്ലല്ലോ. കേന്ദ്ര സർവ്വകലാശാലകളിൽ ബി.ജെ.പി. ചെയ്യുന്ന അതേ പാതകം കേരളത്തിൽ നിങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു; അതാണ് പ്രശ്നം. അത് ഡോ. കെ. ടി. ജലീൽ മനസ്സിലാക്കണം. യു.ജി.സി.-യുടെ പ്രതിനിധിയും ചാൻസലറുടെ പ്രതിനിധിയും നോക്കുകുത്തിയായി മാറുന്നു. എനിക്ക് അൽപ്പസമയംകൂടി നൽകണം. ഞാൻ അക്കാദമിക് വിഷയങ്ങൾ മാത്രമേ പറയുന്നുള്ളൂ. ഈ അടുത്തകാലത്തായി വന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Gambhirdan K Gadhvi vs The State Of Gujarat എന്ന കേസിലെ 03-03-2022-ലെ വിധി ഞാൻ വായിക്കാം.

<u>മി. സ്പീക്കർ</u>: സഭയിൽ അംഗങ്ങൾ പരസ്പരം സംസാരിക്കുന്നതിന്റെ ശബ്ദം കൂടിവരുന്നുണ്ട്. അത് നിയന്ത്രിക്കുന്നത് നന്നായിരിക്കും.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ഇവിടെ ക്വാട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത് ലേറ്റസ്റ്റ് സുപ്രീംകോടതി വിധിയാണ്. “ Therefore, the

members of the Search Committee, who are given the privilege and honour of selecting and suggesting names for the appointment of Vice Chancellor are directly or indirectly responsible for the achievement of the University. Commitment to the quality and the objectives of the universities in particular and higher education system in general, are of course the deciding factors in selecting the right person.

We are sure and we hope and trust that while making afresh appointment of Vice Chancellor in the State and the universities thereunder, the aforesaid aspects shall be kept in mind by the State and the concerned universities”.

ഈ വിധിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ പോയില്ലെങ്കിൽ നിങ്ങൾ കൊണ്ടുവരുന്ന ഈ നിയമം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വരാന്തയിൽപ്പോലും എത്തുകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമത്തിൽ നിയമസാധുതയില്ല; ഭേദഗതിക്ക് നിയമസാധുതയുണ്ടാകില്ല. കാരണം നിഷ്പക്ഷവും നീതിപൂർവ്വവുമായ

നിലയിൽ ഉന്നതവിദ്യാഭ്യാസത്തിന്റെ പവിത്രമായ പാരമ്പര്യമുയർത്തിപ്പിടിക്കുന്ന, അക്കാദമിക് ക്വാളിറ്റി നിലനിർത്താൻ കഴിയുന്ന മഹാന്മാരായ ആളുകളെ വൈസ് ചാൻസലർമാരായി നിയമിക്കണമെന്നുപറയുന്ന പുതിയ സുപ്രീംകോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതിന് നിയമപ്രാബല്യമില്ല.

കണ്ണൂർ വൈസ് ചാൻസലറുടെ പുനർനിയമനത്തെക്കുറിച്ച് ഡോ. കെ. ടി. ജലീൽ പറഞ്ഞു. എന്താണ് ഗവർണർ അവസാനം ഒപ്പിട്ടത്? എന്റെ നാട്ടുകാരനായതുകൊണ്ട് അത് ഒപ്പിട്ടുതരണമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അല്ലാതെ അക്കാദമിക് ക്വാളിഫിക്കേഷന്റെ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ ഒപ്പിടണമെന്നല്ല. എന്റെ നാടാണ് കണ്ണൂർ, അവിടെനിന്നും ഒരാൾ വരുന്ന അതുകൊണ്ട് ഒപ്പിട്ടുതരണമെന്നാണ് പറഞ്ഞത്. അതാണോ ക്വാളിഫിക്കേഷൻ? Search Committee-യുടെ പരിപാവനത്വവും മഹത്വവുമാണ് സുപ്രീംകോടതിയുടെ അടുത്തകാലത്തെ വിധിയിൽ പറയുന്നത്. അവിടെയാണ് നിങ്ങൾ രാഷ്ട്രീയം കളിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ഇത് ശ്രദ്ധിക്കുന്ന ഒരാളാണെന്ന് എനിക്കറിയാം. ഏറ്റവും പ്രധാനപ്പെട്ട കാര്യം, Search Committee-യുടെ അംഗങ്ങൾ ആരും

സർവ്വകലാശാലയുമായി നേരിട്ട് ബന്ധമുള്ളവരാകാൻ പാടില്ലായെന്ന് യു.ജി.സി.-യും കേരള സർവ്വകലാശാല ആക്റ്റും പറയുന്നു. നിങ്ങളിവിടെ കൊണ്ടുവന്ന ഭേദഗതിയിൽ Search Committee-യുടെ കൺവീനറാക്കിയത് ആരെയാണ്? Kerala Higher Education Council-ന്റെ വൈസ് ചെയർമാനെയാണ് നിങ്ങൾ കൺവീനറാക്കിയത്. അദ്ദേഹം ഈ യൂണിവേഴ്സിറ്റിയുമായി നേരിട്ട് ബന്ധമുള്ള ആളാണ്. Kerala Higher Education Council Act-ന്റെ ആമുഖം വായിച്ചാൽ മതിയാകും. അതിലുള്ളത്, " WHEREAS, it is expedient to establish a State Higher Education Council as a collective of the Government, Universities, academics, experts and people's representatives ….." യൂണിവേഴ്സിറ്റിയുമായി നേരിട്ട് ബന്ധമുള്ള ഒരാളിനെയും Search Committee-യിൽ വയ്ക്കരുതെന്ന് യു.ജി.സി. പറയുന്നു. യൂണിവേഴ്സിറ്റിയുമായി നേരിട്ട് ബന്ധമുള്ള ഒരാളിനെയും വയ്ക്കരുതെന്ന് കേരള യൂണിവേഴ്സിറ്റി ആക്റ്റിലും പറയുന്നു. അവിടെയാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാനെ, യൂണിവേഴ്സിറ്റിയുമായി ബന്ധമുള്ള ഒരാളിനെ ഇതിന്റെ കൺവീനറാക്കുകയും മെമ്പറാക്കുകയും ചെയ്യുന്നത്. അത് നിയമവിരുദ്ധമാണ്. അതുകൊണ്ടുതന്നെ

ഈ നിയമഭേദഗതി കോടതിയിൽ വന്നാൽ നിലനിൽക്കാൻ പോകുന്നില്ല. ഈ നിയമനിർമ്മാണത്തിലൂടെ നിങ്ങൾ ലക്ഷ്യമിടുന്നത് ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെയല്ല. ചാൻസലർ സ്ഥാനം ഒഴിഞ്ഞുകൊള്ളാമെന്ന് അദ്ദേഹം തന്നെ പറഞ്ഞല്ലോ. നിങ്ങൾ ഗവർണറെ മാറ്റാത്തത് എന്താണെന്ന് ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ ചോദിച്ചല്ലോ. ഞങ്ങൾക്ക് ഈ ഗവർണറോട് യാതൊരു താൽപ്പര്യവുമില്ല. നിയമസഭയിൽ ഗവർണറെ പിൻവലിക്കണമെന്ന് പ്രമേയം അവതരിപ്പിച്ച മുൻ പ്രതിപക്ഷനേതാവാണ് ഞാൻ. ആ ഗവർണറെ അന്ന് നിങ്ങൾ പിന്തുണച്ചവരാണ്. നിങ്ങൾ ഓരോ ഘട്ടത്തിലും ഗവർണറെ പിന്തുണച്ചിട്ടുള്ളവരാണ്. നിങ്ങളുടെ ഇഷ്ടത്തിനൊത്ത് തുള്ളുമ്പോൾ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ- മഹാൻ; നിങ്ങൾക്കെതിരായി നിൽക്കുമ്പോൾ അദ്ദേഹം-നികൃഷ്ടൻ. ഈ നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. നിങ്ങൾ ഇടയ്ക്കിടയ്ക്ക് ഗവർണറുമായി വിട്ടുവീഴ്ച ചെയ്യും; നിങ്ങൾ ഇടയ്ക്കിടയ്ക്ക് ഗവർണറുമായി ഒത്തുചേരും. നിങ്ങൾക്കതിന് ഇടനിലക്കാരുണ്ടാകും. ആ ഇടനിലക്കാരുടെ compromise നടക്കാതെ പോയതിന് ഞങ്ങളുടെ തലയിൽ കയറിയിട്ട് കാര്യമുണ്ടോ? നിങ്ങൾക്ക് നിഗൂഢമായ രാഷ്ട്രീയ ലക്ഷ്യമുണ്ട്.

നിങ്ങൾ പുതിയ യു.ജി.സി.......

ശ്രീ. എം. എം. മണി: സർ, ഒന്നവഴങ്ങുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനൊന്ന് പ്രസംഗം തീർത്തോട്ടെ, നമ്മൾ തമ്മിലൊരു പ്രശ്നവുമില്ല. നമ്മൾ തമ്മിൽ കൂട്ടുകാരാണ്. പുതിയ യു.ജി.സി. റെഗുലേഷൻ വന്നതിനുശേഷം ഒരു നിശ്ചിത റിസർച്ച് സ്കോർ ഉള്ളവരെമാത്രം ഇന്റർവ്യൂവിന് ക്ഷണിക്കാനും അതിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. അത് അപകടകരമാണ്. ഇന്റർവ്യൂന് 80 ശതമാനവും റിസർച്ചിന് 20 ശതമാനവും സ്കോർ ഉണ്ടെങ്കിൽ ആരെവേണമെങ്കിലും നിയമിക്കാമെന്ന വ്യവസ്ഥയാണ് ബി.ജെ.പി. ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര സർവ്വകലാശാലകളിലും മറ്റുസർവ്വകലാശാലകളിലും യഥേഷ്ടം അവരുടെ ആളുകളെ നിയമിക്കാൻവേണ്ടി കൊണ്ടുവന്ന വ്യവസ്ഥയാണിത്. 2018-ലെ റെഗുലേഷനുമുമ്പുള്ള സ്ഥിതി എന്തായിരുന്നു; അക്കാഡമിക് മികവിന് 80 ശതമാനവും ഇന്റർവ്യൂവിന് 20 ശതമാനവുമായിരുന്നു. അക്കാഡമിക് മികവിനായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. എന്നാലിപ്പോൾ നേരെതിരിച്ചാണ്. ഇതിന്റെ ഫലമായി വി.സി.-മാർക്ക് ഇഷ്ടമുള്ള

ആരെവേണമെങ്കിലും സർവ്വകലാശാലകളിൽ യഥേഷ്ടം നിയമിക്കാമെന്ന നിലവന്നു. യോഗ്യതയൊന്നും ഒരു പ്രശ്നമേയല്ല. വി.സി.-ക്ക് അദ്ധ്യാപക നിയമനത്തിനുണ്ടാകുന്ന അമിത സ്വാധീനമുപയോഗിച്ച് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നത് മുതൽ ആരെയും നിയമിക്കാമെന്നുള്ള നിലയിൽ കാര്യങ്ങൾ വന്നിരിക്കുന്നു. അതിനുദാഹരണമാണ് ശ്രീമതി പ്രിയ വർഗ്ഗീസിന്റെ നിയമനം. യോഗ്യതയും അക്കാഡമിക് മെരിറ്റുമൊന്നുമല്ല, അതിനെല്ലാം ഉപരിയായി വി.സി.-ക്ക് ഇഷ്ടമുണ്ടെങ്കിൽ ആരെയും നിയമിക്കാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. കേരള യൂണിവേഴ്സിറ്റിയിൽ നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനവുമായി ബന്ധപ്പെട്ട വിവാദമുണ്ടായപ്പോൾ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് മുഴുവൻ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാനുള്ള ധീരമായ തീരുമാനമെടുക്കുകയുണ്ടായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാൻ ആഗ്രഹിക്കുന്നു, സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാൻ നിങ്ങൾ തയ്യാറുണ്ടോ; ഉണ്ടെങ്കിൽ അതായിരിക്കും ഏക നല്ലമാർഗ്ഗമെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. യൂണിവേഴ്സിറ്റികളെ രാഷ്ട്രീയവത്ക്കരിക്കുന്നുവെന്ന്

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ പറഞ്ഞതാണ്. യൂണിവേഴ്സിറ്റികളിൽ രാഷ്ട്രീയമല്ലാതെ മറ്റൊന്നുമില്ല. അക്കാഡമിക് ബോഡികളിൽ വരേണ്ട ആളുകൾ, പ്രഗത്ഭരായ അദ്ധ്യാപകർ, കഴിവുള്ള റിസർച്ച് സ്കോളേഴ്സ് ഇവർക്കൊന്നും യാതൊരു സ്ഥാനവുമില്ലാതെയായി മാറിയിരിക്കുന്നു. ഞാൻ അരാഷ്ട്രീയവാദം ഉണ്ടാകണമെന്ന് പറയുന്ന ആളല്ല. പക്ഷേ ക്വാളിറ്റി, മെരിറ്റ്, അക്കാഡമിക് മികവ് എന്നിവയ്ക്ക് പ്രാധാന്യമുണ്ടാകണം. ഭാവിതലമുറയെ സൃഷ്ടിക്കുന്ന യൂണിവേഴ്സിറ്റികളിൽ ഒന്നിനും കൊള്ളരുതാത്ത ആളുകളെ നിയമിക്കുന്നതിനാൽ യൂണിവേഴ്സിറ്റികളുടെ മഹത്വമാണ് നഷ്ടപ്പെടുന്നത്. കഴിഞ്ഞ വർഷം നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ഈ വർഷവും നൽകുകയാണ്. എന്ത് മികവാണുള്ളത്; പരീക്ഷകൾ കൃത്യമായി നടക്കുന്നില്ല, സർട്ടിഫിക്കറ്റുകൾ കൃത്യമായി നൽകുന്നില്ല, പഠനം നടക്കുന്നില്ല, കരിക്കുലം പരിഷ്കരിക്കുന്നില്ല, മികച്ച അദ്ധ്യാപകരെയും മികച്ച ഗൈഡുകളെയും ലഭിക്കുന്നില്ല എന്നിങ്ങനെ സർവ്വകലാശാലകൾ കുത്തഴിഞ്ഞതായി മാറുമ്പോൾ അതിനെതിരെ ഞങ്ങൾ പ്രതികരിച്ചപ്പോൾ രാഷ്ട്രീയമാണെന്ന് പറയേണ്ട കാര്യമുണ്ടോ; ബഹുമാനപ്പെട്ട ഗവർണറുമായി ഞങ്ങൾക്ക് പലകാര്യങ്ങളിലും

അഭിപ്രായവ്യത്യാസമുണ്ട്. നിങ്ങൾ രാഷ്ട്രീയം കളിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞപ്പോൾ എന്തുകൊണ്ട് നിങ്ങൾ മറുപടി പറയുന്നില്ല. ബന്ധുനിയമനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ആരെയും വ്യക്തിപരമായി പറയാൻ എനിക്ക് താല്പര്യമില്ല. സർവ്വകലാശാലകളിൽ ബന്ധുനിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നത് പച്ചയായ ഒരു യാഥാർത്ഥ്യമാണ്. കേരളത്തിൽ ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് തൊഴിലില്ലാതെ വരുമ്പോഴും നേതാക്കൻമാരുടെ ബന്ധുക്കൾക്ക് തൊഴിൽ നൽകുന്നതിനെതിരെയുള്ള വികാരം ശക്തമാണ്. അത് ശരിയായ നടപടിയാണോയെന്ന് നിങ്ങൾ പരിശോധിക്കേണ്ടതാണ്. സി.പി.ഐ.(എം.)-കാരല്ലാത്തവർക്ക് സർവ്വകലാശാലകളിൽ നിയമനം ലഭിക്കാത്ത അവസ്ഥവരുന്നത് സർവ്വകലാശാലകളിലെ ഓട്ടോണമിക്കും സ്വതന്ത്ര സ്വഭാവത്തിനും സ്വയംഭരണാവകാശത്തിനും ഗുണകരമാണോയെന്ന് നിങ്ങൾ ആലോചിക്കണം.

'വണ്ടേ നീയോ തുലയുന്നു
വിളക്കും നീ കെടുത്തുന്നു'

എന്ന നിലയിലാണ് നിങ്ങളുടെ പ്രവർത്തനങ്ങൾ പോകുന്നത്.

യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ഒരു ഫയലിലും ഇനി ഒപ്പിടില്ലെന്ന് 2021 ഡിസംബറിൽ ബഹുമാനപ്പെട്ട ഗവർണർ പറഞ്ഞു. അമിതമായ രാഷ്ട്രീയവത്ക്കരണമാണ് കാരണം. എന്നെ ചാൻസലർ സ്ഥാനത്തുനിന്ന് ഒഴിവാക്കു എന്ന് അദ്ദേഹം പറഞ്ഞു. കണ്ണൂർ വി.സി.-യുടെ നിയമനത്തെ സംബന്ധിച്ച് അത്തരത്തിലൊരു കത്ത് നൽകാൻ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അധികാരമില്ലായെന്ന് ഞാൻ വീണ്ടും ആവർത്തിക്കുന്നു. എന്നാൽ മന്ത്രി കത്ത് നൽകി. കലാമണ്ഡലം വി.സി. ഗവണർക്കെതിരെ കേസ് നൽകി. ഓപ്പൺ യൂണിവേഴിസിറ്റികളിൽ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യാത്തതിനെ ഗവർണർ എതിർത്തു. സംസ്കൃത യൂണിവേഴ്സിറ്റിയിലെ വി.സി. നിയമനത്തിന് പാനൽ നൽകിയില്ല. ചാൻസലർക്ക് ഒരു പേര് മാത്രമാണ് നൽകിയത്. നിങ്ങൾ ഇടയ്ക്കിടയ്ക്ക് ഗവർണറുമായി ഒത്തുതീർപ്പിലെത്തും. കഴിഞ്ഞ പ്രാവശ്യം ഒത്തുതീർപ്പിലെത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്ന് കത്തുകളയച്ചുവെന്നാണ് പറഞ്ഞത്. ചട്ടവിരുദ്ധമായി ഇനിയൊന്നും ചെയ്യില്ലെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്, അതുകൊണ്ട് ഒപ്പിടാമെന്ന് പറഞ്ഞാണ് അന്ന് ഗവർണർ ഒപ്പിട്ടത്. എന്നാൽ ഇപ്പോൾ ബഹുമാനപ്പെട്ട

മുഖ്യമന്ത്രി ചട്ടങ്ങളും നിയമങ്ങളും മാറ്റുകയാണ്. കാര്യങ്ങൾ എത്ര മനോഹരമായിരിക്കുന്നു. ചട്ടവിരുദ്ധമായി ഒന്നും ചെയ്യില്ലെന്ന് നിങ്ങൾ ഗവർണർക്ക് ഉറപ്പുകൊടുത്തു. അത് പാലിക്കാനാണോ ഈ നിയമഭേദഗതിയും ചട്ടഭേദഗതിയും ഇവിടെ കൊണ്ടുവന്നിരിക്കുന്നത്; ഇത് ഗവർണറുടെ അധികാരം കുറയ്ക്കാനാണ്. ഇക്കാര്യം നിയമ വകുപ്പിലേയ്ക്ക് പോയപ്പോഴാണ് ഗവർണർ അറിയുന്നത്. ഇപ്പോൾ എന്താണ് സ്ഥിതി; സംസ്ഥാനത്ത് ഗവർണറുമായി നിങ്ങളായിരുന്നു ഏറ്റവും കൂടുതൽ സൗഹൃദം പുലർത്തിയിരുന്നത്. നിങ്ങളായിരുന്നു ചക്കരയും പീരയുമായിരുന്നത്. ആ ഗവർണറെ സംരക്ഷിച്ചത് നിങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങളുടെ ഇംഗിതത്തിന് അദ്ദേഹം നിൽക്കാതെ വന്നപ്പോൾ അദ്ദേഹത്തിനെതിരായി നിങ്ങൾ നീങ്ങുന്നു, സർക്കാരിനെ അട്ടിമറിക്കാനാണെന്ന് പറയുന്നു. എന്നാൽ ആരാണ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് എനിക്കറിയില്ല. ഞങ്ങൾ ഗവർണർക്കെതിരായി പറഞ്ഞപ്പോൾ നിങ്ങൾ ഗവർണറെ പൂർണ്ണമായും സംരക്ഷിക്കുകയാണ് ചെയ്തത്. എന്നാൽ ഇപ്പോൾ നിങ്ങൾ ഗവർണർക്കെതിരായി നീങ്ങുന്നത് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്, കേരള സമൂഹം കണ്ടുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലകളുടെ

സ്വയംഭരണാവകാശത്തെ തകർക്കുന്ന സർവ്വകലാശാലകളിലെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ തകർക്കുന്ന ഏറാൻമൂളികളെയും കൊള്ളരുതാത്തവരെയും വൈസ് ചാൻസലർമാരായി നിയമിക്കാൻവേണ്ടി മാത്രം കൊണ്ടുവന്ന ഈ നിയമ ഭേദഗതിയെ ഞാൻ ശക്തമായി എതിർക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഈ ഭേദഗതി നിയമത്തിനുള്ളിൽ നിൽക്കുന്നതല്ലായെന്നും നിയമവിരുദ്ധമാണെന്നുമൊക്കെയാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ അഭിപ്രായപ്പെട്ടത്. അവരുടെ അറിവിലേയ്ക്കായി ഇതുമായി ബന്ധപ്പെട്ട യു.ജി.സി. റെഗുലേഷൻ 2018-ൽ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ ഇതൊന്ന് കേട്ടാൽ നന്നായിരുന്നു.

A person possessing the highest level of competence, integrity, morals and institutional commitment is to be appointed as Vice-Chancellor. The person to be appointed as a Vice-Chancellor should

be a distinguished academician, with a minimum of ten years' of experience as Professor in a University or ten years' of experience in a reputed research and/ or academic administrative organization with proof of having demonstrated academic leadership.

The selection for the post of Vice-Chancellor should be through proper identification by a Panel of 3-5 persons by a Search-cum-Selection-Committee, through a public notification or nomination or a talent search process or a combination thereof. The members of such Search-cum-Selection Committee shall be persons' of eminence in the sphere of higher education and shall not be connected in any manner with the University concerned or its colleges. While preparing the panel, the Search cum-Selection Committee shall give proper weightage to the academic excellence, exposure to the higher education system in the country and abroad, and adequate experience in academic and administrative governance, to be given in writing along with the panel to be submitted to the Visitor/Chancellor. One

member of the Search- cum-Selection Committee shall be nominated by the Chairman, University Grants Commission, for selection of Vice Chancellors of State, Private and Deemed to be Universities.

സമയപരിമിതിയുണ്ടെങ്കിലും ഇത് പൂർണ്ണമായും വായിച്ചത് ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവുൾപ്പെടെ ഇവിടെ സംസാരിച്ച മൂന്ന് പ്രതിപക്ഷാംഗങ്ങളും ഇത് വായിച്ചിട്ടില്ലായെന്ന് മനസ്സിലായതുകൊണ്ടാണ്. കാരണം ഇവിടെ അവതരിപ്പിക്കപ്പെട്ട നിയമ ഭേദഗതി ഇതിന്റെ പരിധിക്കകത്ത് നിൽക്കുന്ന ഒന്നുതന്നെയാണ്. യാതൊരുവിധത്തിലുള്ള ഡീവിയേഷനും ഇക്കാര്യത്തിൽ സംഭവിച്ചിട്ടില്ലായെന്നാണ് എനിക്ക് ആമുഖമായി സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാന്യയായ മന്ത്രി സൂചിപ്പിച്ച 2018-ലെ ഓർഡർ എന്റെ കൈവശവുമുണ്ട്. അതിനകത്ത് ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ പാനൽ കൊടുക്കണമെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്; അഞ്ചുപേരുടെ കമ്മിറ്റി ഉണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഭൂരിപക്ഷാടിസ്ഥാനത്തിൽ കമ്മിറ്റി വയ്ക്കണമെന്ന് എവിടെയാണ് പറഞ്ഞിട്ടുള്ളത്?

<u>ഡോ. ആർ. ബിന്ദു</u>: സർ, ഭൂരിപക്ഷാടിസ്ഥാനത്തിൽ വയ്ക്കണോ വേണ്ടയോ എന്ന് പറഞ്ഞിട്ടില്ല. അതിനെപ്പറ്റി ഒന്നും പറഞ്ഞിട്ടില്ല. ഈ പറഞ്ഞ കാര്യങ്ങൾക്കുള്ളിൽനിന്നുകൊണ്ടുതന്നെയാണ് പൂർണ്ണമായും ഈ നിയമഭേദഗതി വരുന്നത്. ഏകാഭിപ്രായത്തിൽ വേണമെന്നോ ഓരോരുത്തരും ഓരോരുത്തരെ നോമിനേറ്റ് ചെയ്യണമെന്നോ ഭൂരിപക്ഷ അഭിപ്രായപ്രകാരം വേണമെന്നോ ഒന്നുംതന്നെ സൂചിപ്പിച്ചിട്ടില്ല. ആകെ പറഞ്ഞിട്ടുള്ളത്, യു.ജി.സി.-യുടെ ഒരു നോമിനി അതിൽ ഉണ്ടായിരിക്കണമെന്ന് മാത്രമാണ്. ഇവിടെ സംസാരിച്ച പ്രതിപക്ഷാംഗങ്ങളിൽ ഒരാൾ കോളേജ് അധ്യാപകനാണ്. മറ്റൊരാൾ ഒരു സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗം കൂടിയായിരുന്ന ശ്രീ. ടി. വി. ഇബ്രാഹിം ആണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്ഥാപിത താൽപ്പര്യത്തോടുകൂടിയുള്ള ഇടപെടൽ നടത്തുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയുടെ മൂല്യച്യുതി എന്നൊക്കെ അവർ പറയുമ്പോൾ അവർ മുസ്ലീം ലീഗിന്റെ ഭരണകാലമാണോ ഓർക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ലീഗിന്റെ ഭരണകാലത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലും പൊതുവിദ്യാഭ്യാസ മേഖലയിലും നടന്നിരുന്ന ഒരുപാട് തമാശകൾ ഈ

കേരള സംസ്ഥാനത്തെ മുഴവൻ ആളുകൾക്കും അറിയാവുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. .....(ബഹളം)....... അത് പിന്നീട് പറയുന്നുണ്ട്. രണ്ടുപേർ സംസാരിച്ചപ്പോൾ ബഹുമാന്യനായ സി. എച്ച്. മുഹമ്മദ് കോയ പ്രോ ചാൻസലറെ നിയോഗിക്കേണ്ടതില്ല എന്നുപറഞ്ഞു എന്നൊരു പ്രസ്താവന നടത്തുകയുണ്ടായി. അങ്ങനെയാണെങ്കിൽ മുസ്ലീം ലീഗും യു.ഡി.എഫ്.-ഉം ഇവിടെ അധികാരത്തിലിരിക്കുമ്പോൾ പ്രോ-ചാൻസലർ വേണ്ട എന്ന നിയമഭേദഗതി കൊണ്ടുവരാമായിരുന്നല്ലോ; കൊണ്ടുവന്നില്ലല്ലോ; പിന്നെ ബഹുമാന്യനായ സി.എച്ച്. അതിന് കാരണമായി ചൂണ്ടിക്കാണിച്ചത്, വിദ്യാഭ്യാസമില്ലാത്ത വിദ്യാഭ്യാസ മന്ത്രിമാർ ഉണ്ടാകാം എന്നതിനാലാണ് എന്നാണ്. അത് എൽ.ഡി.എഫ്.-ന്റെ കാലത്തെ വിദ്യാഭ്യാസ മന്ത്രിമാരുടെ ചരിത്രം നിങ്ങൾ എടുത്ത് പരിശോധിച്ച് നോക്കൂ. ഡോ. ജോസഫ് മുണ്ടശ്ശേരി മുതൽ ഡോ. കെ. ടി. ജലീൽ വരെയുള്ള ആളുകൾ വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ ഒട്ടും പുറകിലല്ല എന്നുള്ളത് പ്രത്യേകം ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. അപ്പോൾ മുസ്ലീം ലീഗിന്റെ വിദ്യാഭ്യാസ മന്ത്രിമാരുമായി താരതമ്യം ചെയ്ത് ഇവിടെ ആരും... (ബഹളം)+

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ (ഫയൽ നം. 15877/ഇ.ബി/ 2022/നി.സെ. തീയതി 02-09-2022) ഉത്തരവ് പ്രകാരം സഭാ രേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

<u>മി. സ്പീക്കർ</u>: ആക്ഷേപകരമായ എന്തെങ്കിലും ഉണ്ടോയെന്ന് പരിശോധിക്കാം.+ ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ .....ഇരിക്കു...ഇരിക്കു... അങ്ങയുടെ അംഗങ്ങളാണ് ബഹളം ഉണ്ടാക്കുന്നത്. പ്രതിപക്ഷനേതാവിന് മൈക്ക് കിട്ടണമെങ്കിൽ സീറ്റിൽ ഇരിക്കണം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, എല്ലാവരും നല്ല വിദ്യാഭ്യാസമുള്ള പോസ്റ്റ് ഗ്രാജ്വേഷനൊക്കെയുള്ളവരാണ്. ഇല്ലെങ്കിൽത്തന്നെ ഇവിടെ മന്ത്രിമാരായവർക്കും മുഖ്യമന്ത്രിമാരായവർക്കുമൊക്കെ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നോ; സി.എച്ച്. മുഹമ്മദ് കോയയൊക്കെ ഒന്നാംനമ്പർ എഴുത്തുകാരനാണ്, വലിയ ബുദ്ധിജീവിയാണ്. ബഹുമാന്യയായ മന്ത്രിക്ക് ഇതൊന്നും അറിയാതെ ഓരോന്ന് പറയുമ്പോൾ നോക്കണ്ടേ; അത് പിൻവലിക്കേണ്ടതാണ്.+

<u>ഡോ. ആർ. ബിന്ദു</u>: സർ, ബഹുമാന്യനായ സി.എച്ച്. മുഹമ്മദ്കോയയെക്കുറിച്ച് വളരെ വിശദമായി അറിയാം. അദ്ദേഹം പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ ക്വാട്ട് ചെയ്തുകൊണ്ട് അദ്ദേഹത്തിന്റെ പിൻഗാമികളായ രണ്ടുപേർ ഇവിടെ പറഞ്ഞ കാര്യങ്ങളെ

+
+ ബഹുമാനപ്പെട്ട സ്പീക്കറുടെ (ഫയൽ നം. 15877/ഇ.ബി /2022/നി.സെ. തീയതി 02-09-2022) ഉത്തരവ് പ്രകാരം സഭാ രേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതിൽ ഒരുകാര്യംപോലും എന്റേതായി കൂട്ടിച്ചേർത്തിട്ടില്ല. ......(ബഹളം).....

മി. സ്പീക്കർ: ഇരിക്കൂ....ഇരിക്കൂ...ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഭിസംബോധന ചെയ്യൂ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ ആക്ഷേപകരമായൊരു പരാമർശമാണ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയത്. ബഹുമാനപ്പെട്ട ചെയർ പരിശോധിക്കാമെന്ന് പറഞ്ഞു. എന്റെ അഭ്യർത്ഥന, മന്ത്രിതന്നെ അത് പിൻവലിക്കണമെന്നാണ്.+ അതാണ് അതിന്റെ മര്യാദ. വളരെ ആക്ഷേപകരമായ പരാമർശമാണ്. എല്ലാവരുടെയും പ്രൊഫൈൽ ഒന്നു നോക്കാം, നാളെ മുതൽ ഇവിടെ ചർച്ച ചെയ്യാം. ഇതിനുമുമ്പ് മന്ത്രിമാരായിരുന്നവരുടെയെല്ലാം പ്രൊഫൈൽ ഇവിടെനിന്ന് നമുക്ക് ചർച്ച ചെയ്യാം. ഇതൊന്നും ഒരു ശരിയായിട്ടുള്ള കാര്യമല്ല. നോക്കി വായിക്കുമ്പോൾ കറക്ടായി പറയുക, നോക്കാതെ വായിക്കുമ്പോൾ ഇതുപോലത്തെ കാര്യങ്ങൾ പറയുക എന്നുപറയുന്നത് ശരിയല്ല. മന്ത്രിക്ക് എപ്പോഴും പറ്റുന്നതാണ്.

ഡോ. ആർ. ബിന്ദു: സർ, ഈ പറഞ്ഞത് ശരിയല്ല, മുസ്ലീം ലീഗിന്റെ

+

വക്താക്കളായിട്ടുള്ള രണ്ടുപേരാണ് ഇന്ന് ഈ അഭിപ്രായം ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. ബഹുമാന്യനായ സി.എച്ച്. പറഞ്ഞതായി പിന്നെ പറഞ്ഞു.....(ബഹളം).....

മി. സ്പീക്കർ: അത് പറഞ്ഞുകഴിഞ്ഞല്ലോ; ചെയർ പറഞ്ഞല്ലോ; നിങ്ങൾ ഉന്നയിച്ച പ്രകാരം ആക്ഷേപകരമായ....ഇരിക്കൂ...ഇരിക്കൂ....പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം ഇരിക്കൂ...ശ്രീ. പി. കെ. ബഷീർ ഇരിക്കൂ...ഇരിക്കൂ... ദയവായി ഇരിക്കൂ...

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനാധിപത്യത്തിൽ ജനങ്ങൾ തെരഞ്ഞെടുത്തുകഴിഞ്ഞാൽ അവർ എം.എൽ.എ.-മാരാണ്. അവർക്ക് മന്ത്രിമാരാകാൻ അധികാരമുണ്ട്. ഇവിടെ ആരുടെയും വിദ്യാഭ്യാസ യോഗ്യത നോക്കിയിട്ടൊന്നുമല്ലല്ലോ കേരളത്തിലെ മന്ത്രിമാരെ നിയമിക്കുന്നത്. വിദ്യാഭ്യാസ യോഗ്യതയൊന്നുമില്ലാത്ത ആളുകളെ നിയമിക്കാറുണ്ട്. അവർ വിദ്യാഭ്യാസ യോഗ്യതയുള്ളവരെക്കാൾ നന്നായി പെർഫോം ചെയ്യാറുമുണ്ട്. അപ്പോൾ ദയവായി ബഹുമാനപ്പെട്ട മന്ത്രിയോട് ബഹുമാനപ്പെട്ട ചെയർതന്നെ നിർദ്ദേശിക്കണം, അവർ തന്നെ അത് പിൻവലിക്കുന്നതാണ് ഒരു ഗ്രെയിസ്.+ ഒരു ഗ്രെയിസോടുകൂടി ചെയ്യണം. ജനാധിപത്യത്തിൽ

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ (ഫയൽ നം. 15877/ഇ.ബി 2022/നി.സെ. തീയതി 02-09-2022) ഉത്തരവ് പ്രകാരം സഭാ രേഖകളിൽ നിലനിർത്താൻ തീരുമാനിച്ചു.

ക്വാളിഫിക്കേഷനല്ല, ജനങ്ങളുമായിട്ടുള്ള ബന്ധവും ജനങ്ങളുടെ അംഗീകാരവുമാണ് പ്രധാനം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, തെരഞ്ഞെടുക്കപ്പെട്ട ആളുകളെല്ലാം ജനപ്രതിനിധികളാണ്. നല്ല വിദ്യാഭ്യാസമുള്ളവരെക്കാളും പ്രായോഗികമായ പരിജ്ഞാനം വിദ്യാഭ്യാസമില്ലാത്ത ആളുകൾക്കുണ്ടാകും. അതിൽ ഒത്തിരി അനുഭവങ്ങളുണ്ട്. പക്ഷേ ബഹുമാന്യയായ മന്ത്രി പറഞ്ഞ കാര്യം, ബഹുമാന്യനായ സി. എച്ച്. മുഹമ്മദ്കോയ പറഞ്ഞ കാര്യം, പ്രോ-ചാൻസലറായി മന്ത്രി വന്നാൽ, വിദ്യാഭ്യാസമില്ലാത്ത ആളുകൾ വരാം എന്ന പ്രശ്നം ഉന്നയിച്ചതായിട്ടാണ് ഇവിടെ പറഞ്ഞത്. അല്ലേ; അതല്ലേ; പറഞ്ഞത്. ആ കാര്യമാണ്.

മി. സ്പീക്കർ: ചെയർ ആദ്യംതന്നെ വ്യക്തമാക്കി. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ ആക്ഷേപകരമായ എന്തെങ്കിലുമുണ്ടോയെന്ന് പരിശോധിക്കാമെന്ന് ഇവിടെ വ്യക്തമാക്കി കഴിഞ്ഞതാണ്. ഇനി അത് വിടാം.

ഡോ. ആർ. ബിന്ദു: സർ, കേന്ദ്രനിയമത്തിന് വിരുദ്ധമാണെന്നുള്ള

ഇവരുടെ ആക്ഷേപം നിലനിൽക്കുന്നതല്ലായെന്ന് ഞാൻ നേരത്തെ വിശദീകരിച്ചു. യു.ജി.സി. 2018 റെഗുലേഷനനുസരിച്ചാണ് പൂർണ്ണമായും ഈ നിർദ്ദേശം സമർപ്പിക്കപ്പെട്ടിട്ടുള്ളത്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഇതുമായി ബന്ധപ്പെട്ട് മൂന്നുപേരുടെ കമ്മിറ്റിയെ സംബന്ധിച്ച നിർദ്ദേശമാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. സർക്കാർ പ്രതിനിധി, സിൻഡിക്കേറ്റിന്റെ പ്രതിനിധി, യു.ജി.സി. പ്രതിനിധി എന്നിവരുൾപ്പെടുന്ന ഒരു സെലക്ഷൻ കമ്മിറ്റിയെയാണ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നിർദ്ദേശിച്ചിരുന്നത്. അതിനെ കൂടുതൽ വിപുലീകരിച്ചുകൊണ്ട് കൂടുതൽ മികവാർന്ന തെരഞ്ഞെടുപ്പിന് സഹായകരമായ രീതിയിലുള്ള ഒരു നിർദ്ദേശമാണ് ഇവിടെ നമ്മൾ കൊണ്ടുവരാനായി ഉദ്ദേശിച്ചിരുന്നതും അതുതന്നെയാണ് ഇവിടെ വച്ചിട്ടുള്ളതും. അതുപോലെ ഏത് നിലയ്ക്കും ഗവൺമെന്റിന്റെ ഇടപെടൽ അനപേക്ഷണീയമല്ല എന്നുള്ള രീതിയിലുള്ള സൂചനകൾ ഇവിടെയുണ്ടായി. ഗവൺമെന്റ് പ്രത്യേകിച്ച് ഒരു ഉന്നതവിദ്യാഭ്യാസ വകുപ്പ് നിലവിലുള്ളപ്പോൾ ഗവൺമെന്റിനെ യൂണിവേഴ്സിറ്റിയുമായി യാതൊരു ബന്ധവും ആവശ്യമില്ലായെന്നുള്ള തരത്തിലുള്ള നിലപാട് അംഗീകരിക്കാവുന്നതല്ലായെന്ന് ഞാൻ ഇവിടെ അറിയിക്കാൻ

ആഗ്രഹിക്കുകയാണ്. ചില സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമുള്ള വൈസ് ചാൻസലർ നിയമനം സംബന്ധിച്ച ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കർണ്ണാടക, ആന്ധ്രാപ്രദേശ്, തമിഴ്നാട്, മധ്യപ്രദേശ്, ബീഹാർ, ഗുജറാത്ത്, ത്രിപുര, ഹരിയാന ഈ സംസ്ഥാനങ്ങളിലൊക്കെ സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആക്ട് പ്രകാരം സംസ്ഥാന ഗവൺമെന്റാണ് സർവ്വകലാശാലകളിലെ വൈസ് ചാൻസലർ നിയമനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട റോൾ വഹിക്കുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന പാനലിൽനിന്ന് സർക്കാരിന്റെ നിർദ്ദേശത്തിന് വിധേയമായി ഗവർണർ അഥവാ ചാൻസലറാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. ഷിംലയിലെ ഹിമാചൽപ്രദേശ് യൂണിവേഴ്സിറ്റി, പഞ്ചാബിലെ പഞ്ചാബ് യൂണിവേഴ്സിറ്റി, ബംഗാളിലെ കൽക്കട്ട യൂണിവേഴ്സിറ്റി എന്നീ യൂണിവേഴ്സിറ്റികളിലും ഇതേ പ്രകാരമാണ് വൈസ് ചാൻസലർ നിയമനം നടക്കുന്നത്. 1991-ലെ ആന്ധ്രാപ്രദേശ് സ്റ്റേറ്റ് യൂണിവേഴ്സിറ്റി ആക്ട് 1993-ൽ ഭേദഗതി വരുത്തിയതിനുശേഷം ആ clause ഇപ്രകാരമാണ് 'The State Government shall recommend one person to the Chancellor for appointment as Vice Chancellor and the Chancellor appoints the V.C.

അതായത് അവിടെ സംസ്ഥാന സർക്കാർ നൽകുന്ന ഏക പേര് ഗവർണർ അംഗീകരിക്കുകയാണ്. ഡോ. എൻ. ടി. ആർ. യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, ഡോ. ബി. ആർ. അംബേദ്കർ ഓപ്പൺ യൂണിവേഴ്സിറ്റി ആന്ധ്രാപ്രദേശ്. ആ യൂണിവേഴ്സിറ്റികളിൽ ചാൻസലർകൂടിയായിട്ടുള്ള മുഖ്യമന്ത്രിയാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. 1973-ലെ മധ്യപ്രദേശ് വിശ്വവിദ്യാലയ അധിനിയമം അനുസരിച്ച് വൈസ് ചാൻസലറെ നിയമിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. ചാൻസലറായ ഗവർണർക്ക് നിയമനപ്രക്രിയയിൽ വളരെ പരിമിതമായിട്ടുള്ള റോളാണ് അവിടെയുള്ളത്. വെസ്റ്റ് ബംഗാൾ യൂണിവേഴ്സിറ്റി ആക്ടിൽ ചാൻസലർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി കൺസൾട്ട് ചെയ്താണ് വൈസ് ചാൻസലറെ നിയമിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കർണ്ണാടകയിലെ സ്റ്റേറ്റ് യൂണിവേഴ്സിറ്റികളിൽ വൈസ് ചാൻസലർ നിയമനത്തിനുള്ള നാലംഗ സെർച്ച് കമ്മിറ്റിയെ നിയമിക്കുന്നത് ഗവൺമെന്റാണ്. അതിന്റെ ആക്ടിൽനിന്നുള്ള പ്രസക്തഭാഗങ്ങൾ ആവശ്യമെങ്കിൽ വായിക്കാം.

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലുമുള്ള സെർച്ച് കമ്മിറ്റിയിലേയ്ക്കുള്ള അംഗങ്ങളുടെ നോമിനേഷനും ഇത്തരത്തിലാണ്. തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ളബന്ധം ശക്തിപ്പെടുത്തിക്കൊണ്ട് ഏറ്റവും മികച്ചരീതിയിൽ മുന്നോട്ടുപോയ സിംഗപ്പൂർ സർവ്വകലാശാലയിൽ ഗവൺമെന്റാണ് വൈസ് ചാൻസലറെ നിയമിക്കുന്നത്. ഗവൺമെന്റ് സർവ്വകലാശാലകളുമായി യാതൊരുതരത്തിലും ബന്ധപ്പെടരുതെന്നുള്ള രീതിയിലുള്ള നീതീകരണങ്ങൾ വസ്തുതപരമാണോ എന്ന് പരിശോധിക്കണമെന്നുമാത്രം. നമ്മളിവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതി അത്തരത്തിലുള്ള തീർപ്പുകളിലേയ്ക്കൊന്നും പോകുന്നില്ല. ചാൻസലറുടെ യാതൊരുവിധ അവകാശങ്ങളും ഇവിടെ വെട്ടിച്ചുരുക്കുന്നില്ല. ആ ആക്ഷേപം വസ്തുതാവിരുദ്ധമാണ്. ചാൻസലറാണ് സെർച്ച് കമ്മിറ്റിയെയും വൈസ് ചാൻസലറെയും നിയമിക്കുന്നത്. ഒരു നിലയ്ക്കും ചാൻസലറുടെ നിലവിലുള്ള അധികാരങ്ങൾ വെട്ടിച്ചുരുക്കുന്ന യാതൊന്നും ഇതിലില്ല. മൂന്നംഗങ്ങൾ എന്ന നിലയിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പ്രൊപ്പോസ് ചെയ്തിരുന്നത് അഞ്ചംഗങ്ങൾ എന്ന നിലയിൽ വികസിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

നിലവിലെ രീതി പ്രകാരം ഓരോരുത്തർക്കും മൂന്നാളുകളെ പ്രൊപ്പോസ് ചെയ്യാമെന്നുള്ള രീതിയിലാണെങ്കിൽ ഒൻപത് ആളുകളെ വച്ചിട്ടാണോ ഒരു പാനൽ കൊടുക്കുന്നത്; അങ്ങനെ എവിടെയെങ്കിലുമുണ്ടോ; എന്താണ് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല. ഒൻപതാമത്തെ പാനലിൽനിന്നും ആരെയെങ്കിലും ചാൻസലർ അങ്ങോട്ട് തെരഞ്ഞെടുത്തോട്ടെയെന്നാണോ ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറയാം. കേരളാ യൂണിവേഴ്സിറ്റി ആക്ടിനകത്ത് വ്യക്തമായി വൈസ് ചാൻസലറുടെ നിയമനത്തെപ്പറ്റി പറയുന്നുണ്ട്. പാനൽ കൊടുക്കാം, സെർച്ച് കമ്മിറ്റിയിലെ അംഗങ്ങൾക്ക് വേണമെങ്കിൽ പേര് കൊടുക്കാം. നിങ്ങളിവിടെ വരുത്തിയിരിക്കുന്ന കാതലായ മാറ്റമെന്താണ്? ആ സെർച്ച് കമ്മിറ്റി കൊടുക്കുന്ന പാനലിൽനിന്നും ചാൻസലർക്ക് ഇപ്പോൾ തെരഞ്ഞെടുക്കാൻ കഴിയില്ലെന്നാണ്. നിങ്ങളുടെ മെജോരിറ്റി ഒപ്പീനിയൻ അദ്ദേഹത്തിനുമേൽ അടിച്ചേല്പിക്കപ്പെടുകയാണ്. അത് വളരെ അപകടകരമാണ്. അതാണിവിടത്തെ പ്രശ്നം. നിങ്ങൾക്കിഷ്ടമുള്ളയാളുകളെ മാത്രമേ ഗവർണർക്ക് നിയമിക്കാൻ കഴിയൂ എന്ന അവസ്ഥ വരികയാണ്.

അവിടെയാണിതിന്റെ പ്രശ്നം. നിലവിലെ രീതിയിൽനിന്നുള്ള വ്യത്യാസം അവിടെയാണ് വരുന്നത്. ഈയടുത്തകാലത്തുണ്ടായ ബഹുമാനപ്പെട്ട സുപ്രീം കോടതിവിധി പ്രകാരം ഈ ഭേദഗതി നിലനിൽക്കില്ലെന്ന് ഞാൻ പറഞ്ഞതിന്റെ കാര്യമതാണ്.

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് കോടതിയിൽ പരാജയപ്പെടുമെന്ന് പറയുന്നുണ്ടല്ലോ; കോടതി പരിശോധിച്ചുനോക്കി എന്തെങ്കിലും തെറ്റുണ്ടെങ്കിൽ കോടതിക്ക് അത് പറയാൻ കഴിയുമല്ലോ; ഇതിനുമുമ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കണം; കോടതിയിൽ പോകുകയാണെന്നൊക്കെ പറഞ്ഞ് പലതവണ പത്രസമ്മേളനം വിളിക്കുകയും യൂത്ത് കോൺഗ്രസ് മിടുക്കന്മാർ ഔദ്യോഗിക വസതിയിലേയ്ക്ക് മാർച്ച് നടത്തുകയും ചെയ്തു. എന്നിട്ട് കോടതി എന്താണ് പറഞ്ഞത്; രണ്ടുകോടതികളും വസ്തുനിഷ്ഠമായി ക്ലീൻചിറ്റ്.... അങ്ങനെതന്നെയാണ് എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തത്. അപ്പോൾ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് കോടതിയിൽപോകുമെന്ന് ഉമ്മാക്കികാണിച്ച് പേടിപ്പിക്കേണ്ട.

പ്രഗത്ഭരായിട്ടുള്ള ആളുകളെയാണ് മുമ്പ് എൽ.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ വൈസ് ചാൻസലർമാരായി നിയോഗിച്ചിട്ടുള്ളതെന്ന് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു. ആ വൈസ് ചാൻസലർമാരിൽ ഡോ. ജോൺ മത്തായി, ഡോ. കെ. ടി. ജയകൃഷ്ണൻ, ഡോ. ബി. ഇക്ബാൽ, ഡോ. വി. പി. മഹാദേവൻ പിള്ള, ഡോ. യു. ആർ. അനന്തമൂർത്തി, ഡോ. രാജൻ ഗുരുക്കൾ, ഡോ. സാബു തോമസ്, ഡോ. ഗംഗൻ പ്രതാപ്, ഡോ. പി. കെ. മൈക്കിൾ തരകൻ എന്നുതുടങ്ങി ലിസ്റ്റ് അങ്ങനെ നീണ്ടുപോകുകയാണ്. എല്ലാവരും യോഗ്യതയുള്ളവരാണ്. വളരെ വേദനയുണ്ടാക്കിയ ഒരു പരാമർശം ഈ സഭയിലുണ്ടായി, അതായത് കണ്ണൂർകാരനായതുകൊണ്ട് കണ്ണൂർ വൈസ് ചാൻസലർക്ക് നിയമനത്തുടർച്ച നൽകണമെന്ന് പറഞ്ഞതായ ഒരാക്ഷേപം മുന്നോട്ടുവച്ചിരുന്നു. അദ്ദേഹം JNU (Jawaharlal Nehru University) -വിൽ എം.എ. പഠിച്ച് പി.എച്ച് ഡി. എടുത്ത്  ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്നും Post Docs (Post Doctoral Fellows) നേടി ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ വിസിറ്റിംഗ് പ്രൊഫസറായി പ്രവർത്തിച്ചിരുന്നയാളും ജാമിയാ മില്ലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റി ഹിസ്റ്ററി വിഭാഗത്തിന്റെ ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റും

ഐ.സി.എച്ച്.ആർ.-ന്റെ താക്കോൽ സ്ഥാനങ്ങളിൽ ഇരുന്നിട്ടുള്ളയാളുമാണ്. ദേശീയാടിസ്ഥാനത്തിൽ ചരിത്രവുമായി ബന്ധപ്പെട്ട ഒട്ടേറെ പ്രധാനപ്പെട്ട അക്കാഡമിക് ബോഡീസിലെ സാന്നിദ്ധ്യമായിട്ടുള്ള ഒരാളാണദ്ദേഹം. ഇന്ന് രാജ്യമറിയുന്ന അക്കാഡമിക് വിദഗ്ദ്ധനായിട്ടുള്ള ശ്രീ. ഗോപിനാഥ് രവീന്ദ്രന്റെ പേര് നിങ്ങൾ കേട്ടിട്ടില്ലായെന്നുള്ളതിൽ എനിക്ക് അത്ഭുതമില്ല. പക്ഷേ അത്യാവശ്യം ആ രംഗത്ത് വ്യാപരിക്കുന്നവർ അദ്ദേഹത്തെ നല്ലതുപോലെ അംഗീകരിക്കുന്നുണ്ടെന്ന് ഞാനിവിടെ പറഞ്ഞില്ലെങ്കിൽ അത് വലിയ വിനയാകുമെന്നുള്ളതുകൊണ്ട് ഞാൻ പരാമർശിക്കുകയാണ്. ഇങ്ങനെയുള്ള അക്കാഡമിക്കുകളോടുള്ള അനീതിയാകുമെന്നുള്ളതുകൊണ്ട് പറഞ്ഞു പോകുകയാണ്.

ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം ഇത് പിൻവാതിലിലൂടെ കൊണ്ടുവരുന്ന നിയമമെന്ന് പറഞ്ഞു. തുറന്നുവച്ച ഈ സഭയിലാണ് ഇത് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ പൊതുമണ്ഡലത്തിൽ ഇത്രമാത്രം ചർച്ച ചെയ്യപ്പെട്ടൊരു നിയമമില്ല. നിയമഭേദഗതി വളരെയധികം ചർച്ച ചെയ്യപ്പെട്ടു. ഇവരൊക്കെ ടെലിവിഷൻ ചാനലിലൊക്കെ പോയി ഇരുന്നിട്ടുണ്ടാവുമല്ലോ; പിന്നെങ്ങനെയാണ് ഇത് പിൻവാതിൽ നിയമനമാകുന്നത്.

1957-ലെ ഡോ. ജോൺ മത്തായിയുടെ വൈസ് ചാൻസലർഷിപ്പിനെക്കുറിച്ച് പരാമർശിച്ചു. ആ പാരമ്പര്യത്തിന്റെ പിന്തുടർച്ച തന്നെയാണ് എൽ.ഡി.എഫ്.-ഉം സ്വീകരിക്കുന്നത്. ഇങ്ങനെ Search-Cum-Selection Committee-യിൽ അഞ്ചാളുകൾ വന്നുവെന്നുള്ളതുകൊണ്ട് ഞങ്ങളുടെ പാർട്ടിയിലെ ജില്ലാകമ്മിറ്റി അംഗത്തിനെ വൈസ് ചാൻസലറായി വയ്ക്കാനല്ല ഞങ്ങൾ തീരുമാനിച്ചിട്ടുള്ളത്. ഇ.എം.എസ്. അങ്ങോട്ടുപോയി വൈസ് ചാൻസലറെക്കണ്ടു എന്നാണിവിടെ പറഞ്ഞത്. എന്നാൽ യു.ഡി.എഫ്. നിയോഗിച്ച വൈസ് ചാൻസലർമാർ പാണക്കാട്ട് പോയി അനുഗ്രഹം വാങ്ങിയിട്ടാണ് അധികാരമേറ്റെടുക്കുന്നത്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. എം. അബ്ദുൽ സലാം പാണക്കാട്ട് പോയി അനുഗ്രഹം വാങ്ങി പോയതാണെന്ന് നമുക്കറിയാം. ഡോ. മുഹമ്മദ് ബഷീർ (.....ബഹളം.......)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പാണക്കാട് അങ്ങനെ പലരും വരും. (.......ബഹളം.........)

<u>ഡോ. ആർ. ബിന്ദു</u>: സർ, അതെ അങ്ങോട്ടുപോയി കണ്ടതാണ്; രണ്ടും തമ്മിലുള്ള വ്യത്യാസം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാണക്കാട് എല്ലാവരും പോകാറുണ്ട്. (.......ബഹളം.........)

ഡോ. ആർ. ബിന്ദു: സർ, അതെ.... അല്ല... അവരൊക്കെ അപ്രകാരം ചെയ്തിട്ടുള്ളവരാണല്ലോ; ഡോ. മുഹമ്മദ് ബഷീർ (.....ബഹളം.....)

മി. സ്പീക്കർ: ഓർഡറിലല്ല പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ഓർഡറിലാകട്ടെ അപ്പോൾ നോക്കാം.

ഡോ. ആർ. ബിന്ദു: സർ, ഈ ഭേദഗതികൊണ്ട് വിദ്യാർത്ഥിക്കും അദ്ധ്യാപകർക്കും അക്കാദമിക് കമ്മ്യൂണിറ്റിക്കും എന്ത് ഗുണമുണ്ടെന്ന് ചോദിച്ചു. ഒരു വൈസ് ചാൻസലറെ കൃത്യമായി തെരഞ്ഞെടുക്കുകായെന്നുള്ളത് സർവ്വകലാശാലയ്ക്കും വിദ്യാർത്ഥികൾക്കും അക്കാഡമിക് കമ്മ്യൂണിറ്റിക്കുമൊക്കെത്തന്നെ ഏറ്റവും ഗുണമുണ്ടാകുന്ന കാര്യമാണ്. വൈസ് ചാൻസലറുടെ മെരിറ്റിന് മുൻതൂക്കം നൽകിക്കൊണ്ട് ഏറ്റവുമധികം അക്കാദമിക് ഔന്നത്യവും അഡ്മിനിസ്ട്രേഷൻ ശേഷിയുമുള്ള ആളുകളെ നിയമിക്കുക എന്നുള്ളതുതന്നെയാണ് എൽ.ഡി.എഫ്. ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഭൂരിപക്ഷം അംഗീകരിക്കുന്നവരെ മാത്രമേ കൊടുക്കാവൂയെന്നുള്ള വ്യവസ്ഥ എന്തിനാണെന്നാണ് ബഹുമാനപ്പെട്ട മുൻ

പ്രതിപക്ഷനേതാവ് ചോദിച്ചത്. അഭിപ്രായ ഐക്യം നേരത്തെയും Search-cum-selection committee-കളിൽ ഉണ്ടായിരുന്നു. അദ്ദേഹം എങ്ങനെയാണ് രണ്ടുപേർ വേറെ അഭിപ്രായത്തിൽ പോകുമെന്ന തീരുമാനമെടുത്തതെന്ന് മനസ്സിലാകുന്നില്ല. മികച്ച അക്കാഡമിക്കുകളുടെ പാനൽ വയ്ക്കുമ്പോൾ എന്തിനാണ് രണ്ടുപേർ വേറിട്ട അഭിപ്രായം പറയേണ്ട കാര്യമുള്ളത്? മറ്റൊരു കാര്യം അദ്ദേഹം പറഞ്ഞത്, ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ചെയർമാൻ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ടയാൾ ആണെന്നുള്ളതാണ്. അക്കാര്യം പൂർണ്ണമായും അംഗീകരിക്കുന്നില്ല. യൂണിവേഴ്സിറ്റികളെ ഉപദേശിക്കാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട ആളായിരിക്കരുതെന്ന് പറയുന്നതിന്റെ കാരണം യൂണിവേഴ്സിറ്റികളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർ അല്ലെങ്കിൽ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് വരാൻ സാധ്യതയുള്ളയാളാകാൻ പാടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. നിങ്ങളിങ്ങനെ പറയുമെന്നുള്ളതുകൊണ്ടുതന്നെ ഔദ്യോഗിക ഭേദഗതിയായി ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാൻ എന്നതിനുപകരം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ നോമിനേറ്റ്

ചെയ്യുന്ന വിദ്യാഭ്യാസ വിദഗ്ധൻ എന്നുള്ള രീതിയിലൊരു മാറ്റം ഔദ്യോഗിക ഭേദഗതിയായി കൊണ്ടുവരുന്നുണ്ടെന്നുകൂടി ഞാൻ അറിയിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഒരാളിനെയും സെർച്ച് കമ്മിറ്റിയിൽ വരാൻ പാടില്ലെന്ന് യു.ജി.സി. റെഗുലേഷനിലും കേരളാ യൂണിവേഴ്സിറ്റി ആക്ടിലും വളരെ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. നിങ്ങൾ വളരെ blatant-ആയാണ് ഇക്കാര്യങ്ങൾ ഇവിടെ എഴുതിവച്ചത്. ഭേദഗതി കൊണ്ടുവരികയാണെങ്കിൽ നല്ലതാണ്. പക്ഷേ ഭേദഗതി കൊണ്ടുവരുന്നിടത്തും ഒരപകടമുണ്ട്. ഭേദഗതി കൊണ്ടുവരുന്നത് ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ നിർദ്ദേശിക്കുന്ന ഒരാളാണ്. അതിനർത്ഥം എനിക്ക് മനസ്സിലാകുന്നില്ല. എന്നാൽപ്പിന്നെ ഒരു വിദ്യാഭ്യാസ വിദഗ്ധനെന്ന് പറഞ്ഞാൽ പോരേ; അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി വേറൊരു തെറ്റുകൂടി പറഞ്ഞു, അതായത് ഈ മൂന്നുപേരുടെ അഭിപ്രായം അംഗീകരിച്ചാൽ പോരേ, മറ്റ് രണ്ടംഗങ്ങൾ എന്തിനാണ് അഭിപ്രായം പറയുന്നതെന്ന് ചോദിച്ചു. അഭിപ്രായം പറയാനല്ലാതെ എന്തിനാണ് പിന്നെ അവർ കമ്മിറ്റിയിലിരിക്കുന്നത്.

ഡോ. ആർ. ബിന്ദു: സർ, അങ്ങനെയല്ല. അത് മുൻപ്രതിപക്ഷനേതാവിന് മനസ്സിലാകാത്തതുകൊണ്ടാണ്. ഞാൻ പറഞ്ഞത് അവർക്ക് അഭിപ്രായമില്ലായെന്നല്ല. എല്ലാവർക്കും സമ്മതരായ അക്കാഡമീഷ്യൻസിന്റെ പാനൽ... അക്കാഡമീഷ്യൻസിന്റെ പേര് സെർച്ച് കം സെലക്ഷൻ കമ്മിറ്റി പരിശോധിക്കുമ്പോൾ രണ്ടുപേർ വ്യത്യസ്ത അഭിപ്രായക്കാരായി നിൽക്കുന്നതിന്റെ ആവശ്യമെന്താണ്. അഭിപ്രായ ഐക്യത്തിലേയ്ക്ക് വരാൻ പറ്റുമല്ലോ. (....ബഹളം.....)

മി. സ്പീക്കർ: മിനിസ്റ്റർ ഉദ്ദേശിച്ചത് ഏകാഭിപ്രായവുമുണ്ടാകാമെന്നാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രിയോട് അങ്ങയിലൂടെ ഞാൻ ആവശ്യപ്പെടുന്നത്, ദയവായി അങ്ങ് അങ്ങനെ പറയരുത്. അങ്ങ് മന്ത്രിയാണ്. അവർക്ക് എന്തെല്ലാം അഭിപ്രായങ്ങൾ പറയാൻ കാണും.

ഡോ. ആർ. ബിന്ദു: സർ, അവർക്ക് അഭിപ്രായങ്ങൾ പറയാനുണ്ടാകും. ഞാൻ പറയുന്നത് നിങ്ങൾക്ക് കൃത്യമായി മനസ്സിലാകാത്തതുകൊണ്ടല്ല മനസ്സിലാകുന്നില്ലെന്ന് നടിക്കുന്നതാണെന്ന് ഞാൻ വിചാരിക്കുകയാണ്. കാരണം, എല്ലാവർക്കും മനസ്സിലാക്കാവുന്ന ഒരു കാര്യമാണ് ഞാൻ

പറയുന്നത്. അതായത്, അഞ്ച് പേർ ഒരു കമ്മിറ്റിയിലുണ്ടെങ്കിൽ ആ കമ്മിറ്റിയിലെ നിരവധി ആളുകളെ പരിശോധിക്കുമ്പോൾ ഏകാഭിപ്രായം വരാവുന്ന സാധ്യതകളില്ലായെന്ന് എങ്ങനെയാണ് നിങ്ങൾ തീരുമാനിക്കുന്നത്. രണ്ട് പേർ വിരുദ്ധാഭിപ്രായം പറയുന്നവരായിരിക്കുമെന്ന് എങ്ങനെയാണ് തീരുമാനിക്കുന്നത്. യു.ജി.സി.-യുടെ ചെയർമാൻ വ്യത്യസ്ത അഭിപ്രായമായിരിക്കും പറയുകയെന്ന് എങ്ങനെയാണ് ഇപ്പോൾതന്നെ പ്രഖ്യാപിക്കുന്നത്. മുൻപ്രതിപക്ഷനേതാവിന് ചില മുൻവിധികളുണ്ട്. ആർ.എസ്.എസ്.-കാരാണ് വരേണ്ടതെന്നുള്ള പ്രതീക്ഷയുടെ ഭാഗമായിട്ടാണത്. ഞാൻ അധികം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പറഞ്ഞത്, നിയമമുണ്ടാക്കുമ്പോൾ അത് ഇന്നത്തേയ്ക്കുള്ളതല്ല എത്രയോ കാലത്തേയ്ക്ക് വേണ്ടിയിട്ടുള്ളതാണ്. അതിനകത്ത് രണ്ട് മെമ്പർമാരുണ്ടെങ്കിൽ അവർ അഭിപ്രായം പറയുന്നതെന്തിനാണെന്ന് ചോദിക്കുന്നത് ശരിയാണോ, മന്ത്രി?

<u>മി. സ്പീക്കർ</u>: അത് മന്ത്രി ക്ലാരിഫൈ ചെയ്യു.

<u>ഡോ. ആർ. ബിന്ദു</u>: സർ, ഞാൻ പറഞ്ഞത് അങ്ങനെയല്ലെന്ന് വ്യക്തമാക്കി. പറഞ്ഞിട്ട് ഇനിയും മനസ്സിലാകുന്നില്ലെങ്കിൽ ഞാൻ അതിൽ

കക്ഷിയല്ല. കേരളത്തിന്റെ അക്കാഡമിക മേഖലയെ, യൂണിവേഴ്സിറ്റികളെ കൂടുതൽ മികവാർന്ന തലത്തിലേയ്ക്ക് വളർത്താനാണ് ഈ നിയമം. കേരളം അഭിമുഖീകരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലും പ്രശ്നങ്ങളുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നവുമുണ്ട്. അതിനെയൊക്കെ ആത്മവിശ്വാസത്തോടെ അഭിസംബോധന ചെയ്യാൻ കഴിയുന്ന രീതിയിൽ നമ്മുടെ യൂണിവേഴ്സിറ്റികളെ സജ്ജമാക്കാൻ തന്നെയാണ് മികച്ച വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കണമെന്ന് എൽ.ഡി.എഫ്. ആഗ്രഹിക്കുന്നത്. ഇടതുപക്ഷത്തിന്റെ ചരിത്രത്തിൽ ഇതുവരെ നിയോഗിതരായിട്ടുള്ള വൈസ് ചാൻസലർമാരുടെ ക്രെഡൻഷ്യൽസ് നിങ്ങൾ പരിശോധിച്ചുനോക്കണം. അതിലൊന്നും പൂർണ്ണമായി രാഷ്ട്രീയക്കാരെ നിയമിച്ച ചരിത്രം ഇടതുപക്ഷത്തിനില്ല. ആ വൈസ് ചാൻസലർമാരുടെ പേരൊക്കെ ഞാൻ ഇവിടെ പറഞ്ഞതാണ്. അതുകൊണ്ട് രാഷ്ട്രീയം ഒളിച്ചുകടത്താനാണ് എന്നൊക്കെയുള്ള ആക്ഷേപങ്ങൾ നിരാകരിക്കുന്നു. അദ്ധ്യാപക നിയമനങ്ങളിൽ ഏറ്റവും ക്വാളിറ്റിയുള്ളവരെയും സാമൂഹ്യനീതി അനുസരിച്ചുകൊണ്ടുമാണ് നിയമനം നടന്നിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിൽ ഞാനത് നന്നായി

വിശദീകരിച്ചതാണ്. സമയപരിമിതികൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മലബാർ മേഖലയിൽ സീറ്റില്ല, എല്ലാവരും വിദേശത്തേയ്ക്ക് പോകുകയാണെന്ന് കഴിഞ്ഞ ദിവസം പറഞ്ഞു. പലപ്പോഴും പലതും പറയുന്ന പ്രവർത്തനം അവസാനിപ്പിക്കുക. അതുപോലെ കാലിക്കറ്റ് സർവ്വകലാശാലയിലെ ഡിസെന്റ് രേഖപ്പെടുത്താൻ അനുവാദമില്ലായെന്ന് ഇവിടെ പറഞ്ഞു. ഏത് തീരുമാനമെടുക്കുമ്പോഴും പേജ് കണക്കിന് ഡിസെന്റ് രേഖപ്പെടുത്തുന്ന ഒരു മാന്യഅദ്ദേഹം അവിടെ സിൻഡിക്കേറ്റ് മെമ്പറായിട്ടുണ്ട്. (....ബഹളം.....)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ എന്താണ് പ്രശ്നം. ഡിസെന്റ് രേഖപ്പെടുത്തുന്നുണ്ടെന്നാണ് പറഞ്ഞത്.

<u>ഡോ. ആർ. ബിന്ദു</u>: സർ, വസ്തുതാപരമല്ലാത്ത കാര്യങ്ങളിൽ ഡിസെന്റ് രേഖപ്പെടുത്തുമ്പോൾ വേണ്ടായെന്നേ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുള്ളൂ. ഞാൻ പറയാൻ ഉദ്ദേശിച്ചത്, ജനാധിപത്യപരമായും ഏറ്റവും ഗുണാത്മകമായിട്ടും സർവ്വകലാശാലകളെ കൊണ്ടുനടക്കുകയെന്നുള്ള ഉത്തരവാദിത്വം തന്നെയാണ് ഗവൺമെന്റ് ഉയർത്തിപ്പിടിക്കുന്നത്. അത് തീർച്ചയായും വൈസ് ചാൻസലർ നിയമനത്തിന് തുറന്ന

സമീപനത്തോടുകൂടി ഏറ്റവും നല്ലനിലയിൽ കൊണ്ടുപോകാൻ കഴിയുന്ന ഈ നിയമ ഭേദഗതിയെ പിന്തുണയ്ക്കണമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിജിൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വർഷങ്ങളായി നിലവിലിരിക്കുന്ന സർവ്വകലാശാല നിയമങ്ങൾ, സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം, അതായത് അതിന്റെ ഓട്ടോണമി എന്നതായിരുന്നു എല്ലാത്തിന്റെയും ലീഗൽ ഇന്റൻഷൻ എന്ന് പറയുന്നത്. അതിന് വിരുദ്ധമായി സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തെ മുഴുവൻ ഹനിച്ചുകൊണ്ട് സർക്കാരിന് ഇഷ്ടമുള്ള പാവകളെ വൈസ് ചാൻസലർമാരാക്കി നിയമിക്കാൻവേണ്ടി കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്ത് അപകടകരമായ ചില സൂചനകൾ നൽകുന്ന ഒരു നിയമനിർമ്മാണമാണിത്. ഞങ്ങൾക്ക് ഇതിനോട് ഒരു കാരണവശാലും യോജിക്കാൻ സാധിക്കില്ല. ഇവർ ഗവർണറുമായി സെറ്റിൽ ചെയ്യേണ്ട സമയത്ത് സെറ്റിൽ ചെയ്യുകയും ഗവർണറെ വിമർശിക്കേണ്ട സമയത്ത് വിമർശിക്കുകയും ചെയ്യും. കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് പുനർനിയമനം കൊടുക്കേണ്ട സമയത്ത് ഗവർണറുമായി അഡ്ജസ്റ്റ് ചെയ്ത് കത്തെഴുതി ഒരുമിച്ച് തീരുമാനമെടുക്കും. അല്ലാത്ത സമയത്ത് ബി.ജെ.പി.-യുടെ രാഷ്ട്രീയം പറയും. അതുകൊണ്ട് ഇങ്ങനെയൊരു നിയമം പാസ്സാക്കുന്നത് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തിന്

അപമാനകരമായ കാര്യമായതുകൊണ്ട് ഈ നിയമം പാസ്സാക്കുന്ന വേളയ്ക്ക് സാക്ഷ്യം വഹിക്കാൻ ഞങ്ങൾ തയ്യാറല്ല. അതുകൊണ്ട് ഈ ബില്ലിന്റെ നിയമനിർമ്മാണം നടത്തുന്ന ഈ വേള ഞങ്ങൾ ബഹിഷ്കരിക്കുന്നു.

(2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശങ്ങളെ ഹനിക്കുന്നതാണെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രസ്തുത ബില്ലിന്റെ തുടർന്നുള്ള നടപടികൾ ബഹിഷ്കരിച്ചു.)

<u>മി. സ്പീക്കർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>വകുപ്പ് തിരിച്ചുള്ള പരിഗണന</u>

<u>രണ്ടാം വകുപ്പ്</u>

Minister for Higher Education and Social Justice (Dr. R. Bindu):

Sir, I Move the following official amendment:

140. In section 10(1) proposed to be substituted in the Kerala University Act, 1974, by clause 2(b) (i)

(1) item (i), shall be recast as follows:

" (i)One person nominated by the Government -Convenor;"

(2) item (iii), shall be recast as follows:

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 140-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Minister for Higher Education and Social Justice (Dr. R. Bindu):

Sir, I Move the following official amendment:

219. In Section 10(1) proposed to be substituted in the Calicut University Act, 1975 by Clause 3(b)(i)

(1) item (i), shall be recast as follows:

" (i) One person nominated by the Government-Convenor,"

(2) item (iii), shall be recast as follows:

" (iii)One person nominated by the Vice-Chairman, Kerala State Higher Education Council;' '

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 219-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

Minister for Higher Education and Social Justice (Dr. R. Bindu): Sir, I Move the following official amendment:

291. Section 10(1) proposed to substituted in the Mahatma Gandhi University Act, 1985 by clause 4(b)(i) item (i) shall be recast as follows:-

(1) " (i) One person nominated by the Government – Convenor;"

(2) item(iii) shall be recast as follows:-

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 291-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Minister for Higher Education and Social Justice (Dr. R. Bindu): Sir, I Move the following official amendment:

358. In section 24(3)(a) proposed to be substituted in the Sree Sankaracharya University of Sanskrit Act, 1994 by clause 5.

(1) item (i) shall be recast as follows

" (i) One Person nominated by the Government-Convenor;"

(2) item (iii) shall be recast as follows

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 358-ാം നമ്പർ

ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Minister for Higher Education and Social Justice (Dr. R. Bindu): Sir, I Move the following official amendment:

415. Section 10 (1)(i) proposed to be substituted in the Kannur University Act,1996 by clause 6 (b) (i) shall be recast as follows:

" (i) One person nominated by the Government - Convenor;"

Item (iii) shall be recast as follows:

" (iii) One person nominated by the Vice-Chairman, Kerala State Higher Education Council;"

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 415-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 123-ാം നമ്പർ ഭേദഗതി ഔദ്യോഗിക

ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

123. In Clause 1(2) for the figure and superscript " Ist" the figure and superscript " 1st " shall be substituted.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 123-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സാക്കിയിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ പ്രവേശിച്ചു.)

(ii) 2022 -ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇത് നേരത്തെ അവതരിപ്പിച്ചതാണ്. കേന്ദ്ര നിയമത്തിന് വിധേയമായി നമ്മുടെ സംസ്ഥാനത്തെ ധനകാര്യ കാര്യങ്ങളിൽ നിയന്ത്രണം കൊണ്ടുവരുന്ന തരത്തിലുള്ള വകുപ്പുകളാണ് ഈ ബില്ലിലുള്ളത്. റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കുന്നതിനുവേണ്ടിയുള്ള ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പെർസെന്റേജുകൾ ഇതിൽ പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് നമ്മുടെ നിയമത്തിൽ ആവശ്യമായ അമെന്റ്മെന്റ്, കോവിഡ് സമയത്ത് അധിക കടംവാങ്ങൽ അനുവദിച്ചതിനെ എല്ലാം റാറ്റിഫൈ ചെയ്യുന്നതിനുവേണ്ടിയുള്ള പ്രൊസീഡ്യുവറാണ്. അതുതന്നെയാണ് ഇതിന്റെ ഉദ്ദേശ്യവും. അതുമാത്രമേ പറയാനുള്ളൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രമേ ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നുള്ളൂ. സംസ്ഥാനത്തിന്റെ ധനസ്ഥിതിയുമായി

ബന്ധപ്പെട്ട് ശക്തമായ ആക്ഷേപങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുകയാണ്. ഇതിലെ ഗൗരവമായ വിഷയങ്ങളെല്ലാം ഞങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. രണ്ടുദിവസം മുമ്പ് നമ്മൾ ഇവിടെ കണ്ടൊരു കാഴ്ച, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ശ്രീ. സന്തോഷ് ജോർജ്ജ് കുളങ്ങരയുടെ ഒരു സ്റ്റേറ്റ്മെന്റാണ്- "ആസൂത്രണ ബോർഡ് അംഗമായി ചുമതല ഏറ്റെടുക്കണമോ, വേണ്ടയോയെന്ന് പലതവണ ചിന്തിച്ചു. അതിൽ ചേർന്നാൽ പലകാര്യങ്ങളും ചെയ്യാൻ സാധിക്കുമെന്ന മട്ടിൽ പലരും സാമൂഹ്യ മാധ്യമങ്ങളിൽ എഴുതുന്നു. അതോടെ എനിക്ക് പേടിയായി. ബോർഡിന്റെ യോഗങ്ങളിൽ പോകുന്നതിന് സിറ്റിംഗ് ഫീസോ യാത്രാബത്തയോ വേണ്ടെന്ന് ഞാൻ ആദ്യമേ തീരുമാനിച്ചു." അതിനുശേഷം അദ്ദേഹം പറയുന്നത്, "രണ്ടുവർഷം നോക്കും, അല്ലെങ്കിലും പലതും നടപ്പാക്കാൻ കേരളത്തിൽ സർക്കാരിന്റെ ആവശ്യമില്ല, ജനകീയ മുന്നേറ്റം മതി. അഞ്ച് പൈസ കയ്യിലില്ലാത്ത സർക്കാരിനുപുറകെ നമ്മൾ എന്തിന് നടക്കണം; അതിനെക്കാൾ കൂടുതൽ കാശ് ജനങ്ങളുടെ കയ്യിലുണ്ട്." ഇത് സംസ്ഥാന ആസൂത്രണ ബോർഡ് അംഗത്തിന്റെ പരാമർശമാണ്. ഇത് പ്രതിപക്ഷത്തിന്റെ ആക്ഷേപമല്ല. സംസ്ഥാന

ഗവൺമെന്റിന്റെ കയ്യിൽ അഞ്ച് പൈസയില്ലെന്നും ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും പറയുന്നത് നിങ്ങൾ നിയമിച്ച ആസൂത്രണ ബോർഡിലെ അംഗമാണെന്നുള്ളത് ഞാൻ പ്രസംഗത്തിന്റെ ആമുഖത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നമ്മുടെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറയുമ്പോൾ, ഇടതുപക്ഷ സർക്കാരിന്റെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെ പരിണിതഫലമായി സംസ്ഥാനത്ത് ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. റിസർവ് ബാങ്കിന്റെ നിർദ്ദേശപ്രകാരം സാമ്പത്തിക വിദഗ്ദ്ധർ തയ്യാറാക്കിയ ലേഖനത്തിൽ, കടബാധ്യതകൾ വർദ്ധിക്കുന്ന കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ശ്രീലങ്കയുടെ സാമ്പത്തിക തകർച്ച ചൂണ്ടിക്കാട്ടി മുന്നറിയിപ്പ് നൽകിയിരുന്നു. സംസ്ഥാനത്ത് കടത്തിന്റെ വളർച്ച കഴിഞ്ഞ അഞ്ചുവർഷമായി മൊത്തം ആഭ്യന്തര ഉൽപ്പാദന വളർച്ചയെ മറികടന്നിരിക്കുകയാണെന്നതും ലേഖനത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. നികുതി വരുമാനത്തിലുണ്ടായ വലിയ കുറവും ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചകളുംമൂലമുണ്ടായിട്ടുള്ള സാമ്പത്തിക സമ്മർദ്ദം അതിജീവിക്കുന്നതിന് ശക്തമായ തിരുത്തൽ നടപടികൾ ആവശ്യമാണ്. ധനഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകൾ

അനുസരിച്ച് ധനക്കമ്മിയും റവന്യൂകമ്മിയും കുറച്ചുകൊണ്ടുവരുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തിന്റെ മൂലധന ചെലവിലുണ്ടായ ഗണ്യമായ കുറവ് ചെലവിന്റെ ഗുണനിലവാരത്തെയും സാമ്പത്തിക സ്ഥിതിയെയും പ്രതിസന്ധിയെയും കാണിക്കുകയാണ്. സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനത്തിലും വലിയ രീതിയിലുള്ള കുറവാണ് സംഭവിച്ചിരിക്കുന്നത്. നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയിലേയ്ക്കും കാര്യക്ഷമതയില്ലായ്മയിലേയ്ക്കുമാണ് ഇത് വിരൽ ചൂണ്ടുന്നത്. 2021-2026 കാലയളവിൽ നിലവിലുള്ള സംസ്ഥാന സർക്കാരിന്റെ ബാധ്യതകളുടെ 63 ശതമാനവും കാലാവധി പൂർത്തിയാവുകയാണ്. ഇത്തരം കടബാധ്യതകൾ പെട്ടെന്ന് പുതുക്കേണ്ടിവരുമ്പോൾ പലിശ ബാധ്യത വർദ്ധിക്കും. കടമെടുക്കുന്ന തുകയിൽ ഭൂരിഭാഗവും ആസ്തിവികസനത്തിനായി ഉപയോഗിക്കണമെന്നത് സാമ്പത്തിക തത്വമാണ്. ആ തത്വം സർക്കാർ പാലിക്കുന്നില്ല. പെരുകുന്നതാണ് നമ്മുടെ കടബാധ്യത. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. കേരളത്തിൽ ഇപ്പോൾ നെഗറ്റീവ് വളർച്ചയാണുണ്ടാകുന്നത്. നമ്മുടെ ബഡ്ജറ്റിന്റെ സ്ഥിതി പരിശോധിച്ചാൽ

വരുമാന സ്രോതസ്സ് വ്യക്തമാക്കാത്ത ഒരു ബഡ്ജറ്റാണിത്. ബഡ്ജറ്റിൽ കുറേ പ്രഖ്യാപനങ്ങൾ നടത്തും. ആ പ്രഖ്യാപനങ്ങൾ കഴിഞ്ഞ കുറേ വർഷങ്ങളിലുള്ളത് പരിശോധിച്ചുനോക്കൂ, അതിൽ എത്ര പ്രഖ്യാപനങ്ങളാണ് നടന്നിട്ടുള്ളത്. നൂറ് കണക്കിന് പദ്ധതികൾ ഇതുപോലെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയുണ്ട്. ഇവിടെ വരുമാനത്തിലെ 88 ശതമാനവും സർവ്വീസ് മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ കേരളത്തിന്റെ സർവ്വീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതിവെട്ടിപ്പ് തടയുന്നതിലും സർക്കാർ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. ജി.എസ്.ടി. വരുന്നതോടുകൂടി 25 ശതമാനം മുതൽ 30 ശതമാനംവരെ നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്നാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ ഇന്ന് അതിന്റെ അവസ്ഥയെന്താണ്? അതുകൊണ്ട് നികുതി വരുമാനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. അതുപോലെ ഇവിടെ പരാജയപ്പെട്ട നിരവധി ആംനസ്റ്റി സ്കീമുകളുണ്ട്. ഗവൺമെന്റിന് കിട്ടാനുള്ള നികുതി പിരിച്ചെടുക്കാൻവേണ്ടി ഒരുപാട് പുതിയ ആംനസ്റ്റി സ്കീമുകൾ

പ്രഖ്യാപിച്ചു. അതിൽ എത്ര ആംനസ്റ്റി സ്കീമുകൾക്ക് ലക്ഷ്യപ്രാപ്തിയുണ്ടായി? യാഥാർത്ഥ്യബോധമില്ലാത്ത ആംനസ്റ്റി സ്കീമുകളായതുകൊണ്ടാണ് അതിന് ഈ ഗതി വന്നത്. അതുപോലെ സാമൂഹ്യ ക്ഷേമപദ്ധതികളിൽനിന്ന് പിൻമാറുന്ന ഒരു സമീപനവും സർക്കാർ സ്വീകരിക്കുകയാണ്. സർക്കാരിന്റെ പ്രാഥമിക ചുമതലയായ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് ബഡ്ജറ്റിന് പുറത്തുനിന്ന് കടമെടുപ്പ് നടത്തുന്നതിനായി ഒരു കമ്പനിയെ ഏൽപ്പിച്ചു. സർക്കാർ പ്രസ്തുത കമ്പനിയുടെ തിരിച്ചടവ് ബാധ്യതകളിൽനിന്ന് നിർണ്ണായക ഘട്ടത്തിൽ ഒഴിഞ്ഞുമാറുകയും ചെയ്തു. ബഡ്ജറ്റിന് പുറത്തുള്ള വായ്പകൾ സംസ്ഥാനത്തിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന് ധനകാര്യ കമ്മീഷന്റെ നിർദ്ദേശമുണ്ടായപ്പോൾ വായ്പാ പരിധി പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി ഇത്തരത്തിലുള്ള ഉത്തരവ് ഇറക്കുകയാണ് സർക്കാർ ചെയ്തത്. ഒരു ഘട്ടം വന്നപ്പോൾ തങ്ങളെ വിശ്വസിച്ച് പണം തന്നവർക്കുള്ള ഗ്യാരണ്ടി പിൻവലിക്കേണ്ട, അതും ചില സഹകരണ ബാങ്കുകൾ തന്ന പണത്തിന് കൊടുക്കേണ്ട ഗ്യാരണ്ടി പിൻവലിക്കേണ്ട ദയനീയമായ ചിത്രമാണ് നമ്മൾ കണ്ടത്. ഇത് ഒരു മിസ് മാനേജ്മെന്റിന്റെ ലക്ഷണമായി ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ബഡ്ജറ്റിന്

പുറത്തുള്ള കടമെടുപ്പുകളെ സംബന്ധിച്ച് കേന്ദ്ര ധനകാര്യ കമ്മീഷൻ പറഞ്ഞത് നമ്മൾ കാണേണ്ടതാണ്. നാട്ടിൽ നിലവിലുള്ള ഒരു വ്യവസ്ഥയെക്കുറിച്ചാണ് അവർ പറയുന്നത്. സമാനതകളില്ലാത്തവിധം നമ്മൾ കടമെടുത്തുകൊണ്ടിരിക്കുകയാണ്. കിഫ്ബി ഒരു സമാന്തര ബഡ്ജറ്റും ഭരണഘടനാ പരിധിക്ക് പുറത്തുള്ള സ്ഥാപനവുമായി മാറിയിരിക്കുന്നു. അഞ്ച് വർഷം കൊണ്ട് 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച കിഫ്ബി ഉയർന്ന പലിശയ്ക്ക് വൻതോതിൽ കടമെടുത്തെങ്കിലും പ്രതീക്ഷിച്ചതിന്റെ 20 ശതമാനം പദ്ധതികൾ പോലും ഇതിനകം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കിഫ്ബിയുടെ പ്രധാന വരുമാന സ്രോതസ്സായ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നുതന്നെയാണ് നൽകേണ്ടിവരുന്നത്. മോട്ടോർ വെഹിക്കിൾ നികുതിയിൽ ലഭിക്കുന്ന തുകയും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന സെസ്സുമാണ് സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും കിഫ്ബിയിലേയ്ക്ക് വരുന്നത്. കിഫ്ബിയുടെ കാര്യത്തിൽ ബഡ്ജറ്റിന്/ഗവൺമെന്റിന് ഉത്തരവാദിത്വമില്ലെന്ന് പറയാൻ കഴിയില്ല. ഈ കടത്തിനും നമ്മൾ തന്നെയാണ് ഉത്തരവാദി. ഇവിടെ കടം

നിയന്ത്രണവുമായി ബന്ധപ്പെട്ട് ധനസംബന്ധമായ ഉത്തരവാദിത്വത്തെക്കുറിച്ചാണ് ബില്ലിലെ ഭേദഗതിയിൽ പറയുന്നത്. അതുപോലെ ഇക്കാര്യങ്ങൾക്കുവേണ്ടി സാധാരണക്കാരനുമേൽ നികുതിഭാരം കിഫ്ബി വഴിയുണ്ടാക്കുകയാണ്. രണ്ട് ലക്ഷം രൂപവരെ വിലയുള്ള മോട്ടോർ വാഹനങ്ങളുടെ ഒറ്റത്തവണ നികുതി ഒരു ശതമാനം വർദ്ധിപ്പിച്ചു. മോട്ടോർ വാഹന നികുതിയിൽനിന്ന് ലഭിക്കുന്ന സർക്കാർ വരുമാനം പ്രധാനമായും കിഫ്ബിയുടെ തിരിച്ചടവിനാണ് വിനിയോഗിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 2021 സെപ്റ്റംബർ വരെ ഈ ഇനത്തിൽ 1058.67 കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്. നമ്മൾ ജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന തുകയാണ് കിഫ്ബിയുടെ തിരിച്ചടവിനായി നൽകുന്നതെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. വരും വർഷങ്ങളിലും കിഫ്ബിയുടെ വലിയ ബാധ്യതകൾ തിരിച്ചടയ്ക്കുന്നതിന് ഈ തുക പോരാതെ വരുമെന്ന സർക്കാർ വിലയിരുത്തലാണ് സാധാരണ ജനങ്ങളുടെ മേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്നതിലേയ്ക്ക് എത്തിച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ ഭൂനികുതി ഇരട്ടിയായി വർദ്ധിപ്പിച്ചു, ഭൂമിയുടെ ന്യായവില പത്ത് ശതമാനം വർദ്ധിപ്പിച്ചു,

വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചു, വെള്ളക്കരം അഞ്ച് ശതമാനം വർദ്ധിപ്പിച്ചു, പുതിയ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തി. രണ്ട് ലക്ഷം രൂപ വരെയുള്ള മോട്ടോർ വാഹനങ്ങൾക്ക് ഒറ്റത്തവണ നികുതി ഒരുശതമാനമുയർത്തി. ഇത്തരം നികുതി ഫീസ് നിർദ്ദേശങ്ങളെല്ലാംതന്നെ സാധാരണക്കാരെനെയാണ് ബാധിക്കുന്നത്. അതുപോലെ നേരത്തെ ഇവിടെ വിശദീകരിക്കപ്പെട്ട പ്രാദേശിക സർക്കാരുകൾ, നമ്മുടെ പഞ്ചായത്തുകളെ തകർച്ചയിലേയ്ക്ക് തള്ളിവിടുന്ന സമീപനം സ്വീകരിച്ചതും സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ പോരായ്മയാണ്. അതുകൊണ്ട് അവരുണ്ടാക്കിയ പദ്ധതികൾ ഈ വർഷം നടപ്പിലാക്കാൻ കഴിയാത്ത ദുഃസ്ഥിതി ഉണ്ടായിരിക്കുകയാണ്. ജനങ്ങളെ കൊള്ളയടിക്കുന്ന പെട്രോൾ വിലവർദ്ധനവാണ് ഇവിടെ നടക്കുന്നത്. 2016 മുതൽ 2021 വരെ പെട്രോളിയം വിലവർദ്ധനവിലൂടെ ഗവൺമെന്റിന് 2190 കോടി രൂപ ലഭിച്ചു. പക്ഷേ, ഈ തുക ഉപയോഗിച്ച് നാട്ടിലെ വിലവർദ്ധനവ് പിടിച്ച് നിർത്താനോ മറ്റ് ആശ്വാസ നടപടികൾ സ്വീകരിക്കാനോ മത്സ്യത്തൊഴിലാളികൾക്കെങ്കിലും ഇന്ധന സബ്സിഡി നൽകാനോ ഗവൺമെന്റ് ശ്രമിച്ചില്ലെന്നുള്ളതും നമ്മൾ കാണേണ്ടതുണ്ട്. അതുപോലെ

എം.എൽ.എ.മാർക്ക് 5 കോടി രൂപയുടെ പ്രദേശിക വികസന ഫണ്ട് ഉണ്ട്. ആ അഞ്ച് കോടി രൂപയും പ്രത്യേക വികസനനിധിയും ഉപയോഗിച്ച് മണ്ഡലത്തിലെ കാര്യങ്ങൾ ചെയ്തുപോകുന്നതാണ്. നിങ്ങൾക്കും ഞങ്ങൾക്കുമെല്ലാം അത് ബാധകമാണ്. പക്ഷേ, കഴിഞ്ഞ തവണ കോവിഡ് 19-നെ പ്രതിരോധിക്കാൻ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ തിരിച്ചുപിടിക്കുകയാണെന്ന് പറഞ്ഞു. 4 കോടി രൂപ പിടിച്ചിട്ട് പറഞ്ഞത് ഞങ്ങൾ ഒരു മണ്ഡലത്തിൽ രണ്ട് ആശുപത്രികൾ നിർമ്മിക്കും, അതിനുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നതെന്ന് പറഞ്ഞപ്പോൾ ആശ്വാസമായി. എത്ര സ്ഥലത്ത് വിനിയോഗിച്ചു. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും നിങ്ങൾ പിരിച്ചെടുത്തത് 564 കോടി രൂപ. നിങ്ങൾ ഇവിടെ വിനിയോഗിച്ചത് വെറും 36 കോടി രൂപയാണ്. 140 നിയോജകമണ്ഡലങ്ങളിൽ 10 കിടക്കകൾ ഉള്ളത്... ചിലയിടങ്ങളിൽ പറഞ്ഞത് 20 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കും എന്നാണ്.

<u>മി. സ്പീക്കർ</u>: യെസ്... ശ്രീ. എൻ. ഷംസുദ്ദീൻ....

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിർത്താം. ഐസൊലേഷന്റെ ആവശ്യം കഴിഞ്ഞാൽ ആശുപത്രിയുടെ പർപ്പസായി ഉപയോഗിക്കാം എന്നൊക്കെ പറഞ്ഞിരുന്നുവെങ്കിലും അതൊന്നും നടന്നിട്ടില്ല. ഏതായിരുന്നാലും കടക്കെണിയിലേയ്ക്ക് പോയതിന്റെ ചരിത്രം പരിശോധിക്കുമ്പോൾ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് മാത്രമല്ല, മുൻ ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനവും വലിയൊരു ഘടകമാണ്. 2006-ൽ ധനകാര്യ വകുപ്പിന്റെ ചുമതലയേറ്റെടുത്തതിനുശേഷം അദ്ദേഹം അവതരിപ്പിച്ച ആദ്യ ബഡ്ജറ്റിൽപ്പറഞ്ഞതെന്താണ്? ധന ഉത്തരവാദിത്വ നിയമത്തെ പുച്ഛിച്ച് തള്ളിക്കൊണ്ട് വികസനത്തിനാവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിന് കൂടുതൽ വായ്പ എടുക്കുന്നതിനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് പറഞ്ഞ് വായ്പയുടെ തോത് നിർബാധം ഉയർത്തിക്കൊണ്ടുവരികയും ഋണസഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കേണ്ട തുക യഥാസമയത്ത് അടയ്ക്കാതെ വരുകയും ചെയ്തപ്പോൾ ഇന്ന് കേരളം കടക്കെണിയിലായി. അതുകൊണ്ടുതന്നെ കേരളത്തിൽ ഇന്ന് പിറന്ന് വീഴുന്ന ഓരോ കുട്ടിയും ഒരു ലക്ഷം രൂപ കടത്തിലാണ് ജനിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ബില്ലിലെ വ്യവസ്ഥകളോട് യോജിക്കാൻ കഴിയില്ല.

ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. ബാലചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. 2022-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ധനകമ്മി, റവന്യൂകമ്മി എന്നിവയെക്കുറിച്ച് വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. 66 വർഷമായി തുടരുന്ന കേരള മന്ത്രിസഭയിലെ പല ധനകാര്യ വകുപ്പുമന്ത്രിമാരും റവന്യൂകമ്മിയുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ പ്രഥമ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സി. അച്യുതമേനോൻ 34.7 കോടി റവന്യൂ കമ്മിയുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ഇപ്പോൾ അത് ഉദ്ദേശം 11,000 ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. റവന്യൂകമ്മി അല്ലെങ്കിൽ ഫിസ്കൽ ഡെഫിസിറ്റ് വർദ്ധിച്ചുവരുന്നതിന്റെ യഥാർത്ഥ വസ്തുതകളുമായി താരതമ്യപ്പെടുത്തിയാൽ ഇവിടെ നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചത് ശരിയല്ല. കിഫ്ബി

പ്രവർത്തിക്കുന്നതും അതിന്റെ വികസന നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് അനുസ്യൂതം കൊണ്ടുപോകുന്നതും കേരളത്തിന്റെ സഞ്ചിതനിധിയുമായി ബന്ധപ്പെട്ടല്ല. ഈ ബില്ലിന്റെ തന്നെ അവതരണവേളയിൽ ബില്ലിൽ അടിവരയിട്ട് പറഞ്ഞിട്ടുള്ള കാര്യം ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ലെന്നാണ്. കിഫ്ബിയും സംസ്ഥാന സഞ്ചിതനിധിക്ക് കോട്ടംതട്ടാത്ത വിധത്തിലാണ് ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത്. ഈ റവന്യൂകമ്മി പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് അവതരിപ്പിക്കുന്ന പുതിയ ബില്ലിൽ 2003-ലെ ധനകാര്യ ആക്ടിൽ പറഞ്ഞിട്ടുള്ള ചില നിയമങ്ങൾക്ക് ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം, 2003-ലെ ധന ഉത്തരവാദിത്ത വിനിയോഗ ബില്ലിൽ നിർബന്ധമായും ചില മാറ്റങ്ങൾ കൊണ്ടുവരേണ്ടതുണ്ട്. ആ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നത്. ഈ ബിൽ പ്രയോഗത്തിൽ വന്നുകഴിഞ്ഞാൽ 2026 ആകുമ്പോഴേയ്ക്കും റവന്യൂകമ്മി നമുക്ക് കുറച്ചുകൊണ്ടുവരാൻ ഘട്ടംഘട്ടമായി

കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. 1.7, 1.85, 2.3 ശതമാനം എന്നുള്ള വിധത്തിൽ 2026 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ റവന്യൂകമ്മി കുറച്ചുകൊണ്ടുവന്ന് കേരളത്തിന്റെ ബഡ്ജറ്റ് ബലപ്പെടുത്താനും കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും സാധിക്കുമെന്നുള്ളതാണ് ഈ ബില്ലിലെ പരമപ്രധാനമായ കാര്യം. ഇവിടെ ചോദിക്കാനുള്ളൊരു പ്രധാനപ്പെട്ട കാര്യം കാലിനനുസരിച്ച് ചെരുപ്പ് മുറിക്കണോ, ചെരുപ്പിനനുസരിച്ച് കാല് മുറിക്കണോ എന്നുള്ളതാണ്. കാലല്ല ചെരുപ്പാണ് മുറിക്കേണ്ടതെന്ന അഭിപ്രായമാണ് നമുക്കുള്ളത്. അതുകൊണ്ട് ആസൂത്രണത്തിലാണ് മാറ്റംവരുത്തേണ്ടത്. കേന്ദ്ര ഗവൺമെന്റിന്റെ കഴിഞ്ഞ 5 വർഷക്കാലത്തെ ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം ജി.എസ്.ടി. നടപ്പാക്കുന്ന ഘട്ടത്തിലുണ്ടായിരുന്ന ഒരു പ്രഥമ താൽപ്പര്യം അല്ലെങ്കിൽ നിർദ്ദേശം സംസ്ഥാനങ്ങൾക്ക് 41 ശതമാനം നികുതി വരുമാനം വിട്ടുകൊടുക്കുമെന്നാണ്. എന്നാൽ ജി.എസ്.ടി നടപ്പാക്കിയതിനുശേഷം 5.32 ട്രില്യൺ വരുമാനത്തിൽ കൂടുതൽ കേന്ദ്രത്തിൽ വന്നപ്പോൾ അത് സംസ്ഥാനങ്ങൾക്ക് നൽകുന്നതിൽ 1.53 ആയി കുറവുവരികയും സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതി വിഹിതം കുറയുകയുമാണ്

സത്യത്തിൽ ഉണ്ടായത്. ആരാണ് ഇതിന് ഉത്തരവാദി? കാലാകാലങ്ങളിൽ ലഭിക്കേണ്ട നികുതി വിഹിതം ലഭിച്ചില്ലെങ്കിൽ ആ നികുതി വന്നുചേരുന്ന സഞ്ചിത നികുതിയുടെ പ്രവർത്തനം ബഡ്ജറ്റ് അലോക്കേഷനുമായി ബന്ധപ്പെട്ട് വേണ്ട വിധത്തിൽ നിർവ്വഹിക്കാൻ കഴിയാതെ വരികയും സംസ്ഥാനങ്ങൾ കൂടുതൽ കമ്മി ബഡ്ജറ്റ് അവതരിപ്പിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്യും. ഈ പ്രവിശാല ഭാരതത്തിലുള്ള എത്ര സംസ്ഥാനങ്ങളാണ് മിച്ച ബഡ്ജറ്റ് അവതരിപ്പിക്കുന്നത്? കേവലം ഒന്നോ രണ്ടോ സംസ്ഥാനങ്ങൾ കണ്ടേയ്ക്കാം. അതും കേന്ദ്ര ഗവൺമെന്റിന്റെ കയ്യയഞ്ഞ സഹായങ്ങളുള്ളതുകൊണ്ടാണ് അവർക്ക് അവതരിപ്പിക്കാൻ കഴിയുന്നത്. എന്തുകൊണ്ടാണ് ഈ ആധുനിക കാലത്ത് കേരളം പോലുള്ള സംസ്ഥാനങ്ങൾ ഇങ്ങനെ സാമ്പത്തിക പ്രതിസന്ധിയിലെത്തുന്നത്? 'ഒരു രാജ്യം ഒരൊറ്റ നികുതി' എന്നത് ഒരു കോ-ഓപ്പറേറ്റീവ് ഫെഡറലിസവും അത്തരത്തിലൊരു വ്യവഹാര വ്യവസ്ഥയും ജനാധിപത്യ സമ്പ്രദായവും നിലനിൽക്കുന്ന നാടിനെ സംബന്ധിച്ച് സ്വീകരിക്കാവുന്ന മാർഗ്ഗമാണോ? ജീവിതായോധനത്തിലും വരുമാനത്തിലും വ്യത്യസ്തതകളുള്ള ഇന്ത്യൻ സംസ്ഥാനങ്ങളെ ഒരൊറ്റ രാത്രി കൊണ്ട് ഒരു നികുതി

സമ്പ്രദായത്തിനുകീഴിൽ കൊണ്ടുവരികയെന്നത് വാസ്തവത്തിൽ ഇന്ത്യൻ ഫെഡറലിസത്തിന്റെ ചിറക് അരിയുന്നതിന് സമാനമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനം മാത്രമായ കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥ കരുപ്പിടിപ്പിക്കുന്നതിനനുസരണമായ രീതിയിൽ കേന്ദ്രത്തിൽനിന്നുള്ള സഹായം ലഭിക്കുന്നില്ലെന്നുമാത്രമല്ല നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനം യഥാസമയം ലഭിക്കുന്നില്ലെന്നതും വളരെ പ്രധാനപ്പെട്ട വസ്തുതയാണ്. ആളോഹരി വരുമാനത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ സൂചിപ്പിക്കുകയുണ്ടായി, ഒരു ലക്ഷം രൂപ ഒരു പൗരന് കടം വരുന്ന രീതിയിലാണത്രേ ഇപ്പോൾ കടം വാങ്ങിച്ചുകൊണ്ടിരിക്കുന്നതെന്ന്. കേരളം മൂന്ന് നാട്ടുരാജ്യങ്ങൾ ചേർന്ന് ഐക്യകേരളമായി പിറവിയെടുത്ത ശേഷം, ഒന്നാം കേരള മന്ത്രിസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇരുപത്തഞ്ച് രൂപ പതിനഞ്ച് പൈസ നിരക്കിൽ കേരളത്തിൽ ഒരോരുത്തർക്കും കടമുണ്ടായിരുന്നു. അത് അനുദിനം വർദ്ധിച്ച് ഇങ്ങനൊരു അവസ്ഥയിൽ എത്തിച്ചേർന്നു. കേന്ദ്ര സർക്കാരിന്റെ തെറ്റായ നികുതി നയങ്ങൾ സംക്ഷിപ്തമായി പരിശോധിച്ചാൽ ഇത്രയധികം കടമുണ്ടാകുന്നതെങ്ങനെയെന്ന് മനസ്സിലാകും. 2025-26 സാമ്പത്തിക വർഷം

കേരളത്തിന്റെ ധനകമ്മി, സാമ്പത്തികകമ്മി, റവന്യൂകമ്മി എന്നിവ സർക്കാരിന് മാർജിനലൈസ്ചെയ്യാൻ കഴിയുന്ന തരത്തിലുള്ള ആസൂത്രണത്തിനുവേണ്ടിയാണ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിനെ സർവ്വാത്മനാ പിന്തുണയ്ക്കുകയും ബിൽ നിയമമാക്കണമെന്ന് കേരള നിയമസഭയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: ബഹുമാനപ്പെട്ട സ്പീക്കർ സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രണ്ടാം തരത്തിൽ പഠിക്കുന്ന ഏഴ് വയസ്സുള്ള എന്റെ ഇളയ മകന്, 'പപ്പയുടെ സ്വന്തം അപ്പൂസ് എന്ന ചിത്രത്തിലെ ഒരു ഗാനം വളരെ ഇഷ്ടമാണ്...

'ഓലത്തുമ്പത്തിരുന്നൂയലാടും ചെല്ലപ്പൈങ്കിളീ

എന്റെ ബാലഗോപാലനെ എണ്ണ തേപ്പിക്കുമ്പം പാടടീ'....

യഥാർത്ഥത്തിൽ ഈ ഗാനം കേൾക്കുമ്പോൾ എനിക്ക് നെഞ്ചിടിപ്പ് വർദ്ധിക്കുകയാണ്. നമ്മുടെ കാലശേഷം ഭാവിതലമുറ കേരളത്തിലെങ്ങനെ ജീവിക്കും എന്നതിനെക്കുറിച്ച് എന്റെ മനസ്സിൽ വളരെയധികം ആശങ്കയുണ്ട്. സാമ്പത്തിക രംഗത്ത് കേരളം തീർത്തും പ്രതീക്ഷയില്ലാത്ത സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാനിവിടെ രാഷ്ട്രീയം പറയുന്നില്ല. ശക്തമായ സാമ്പത്തികസ്ഥിതിയുള്ള സംസ്ഥാനമായി കേരളത്തെയെങ്ങനെ മാറ്റാമെന്ന് 140 എം.എൽ.എ.-മാരും ഒരുമിച്ചിരുന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്നിവിടെ ജനിച്ചുവീഴുന്നൊരു കുട്ടിക്ക് ഒരു ലക്ഷം രൂപയാണ് പ്രതിശീർഷ കടം എന്നത് നാം വിസ്മരിക്കരുത്. ഇതിന് കാരണമെന്താണ്? തത്വദീക്ഷയില്ലാതെ കടം വാങ്ങുന്ന പ്രവണതയാണ് കേരളത്തെ ഈ അവസ്ഥയിലെത്തിക്കുന്നത്. ധനകമ്മിക്ക് ആനുപാതികമായി കടം വീട്ടുന്നതെങ്ങനെയാണ്; ധനകമ്മിക്ക് ആനുപാതികമായ കടത്തിലൂടെയാണ് മാറി വരുന്ന സർക്കാരുകൾ ഇത് പരിഹരിക്കുന്നതെന്ന് ഞാൻ കരുതുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് യാതൊരു സുസ്ഥിര നിർദ്ദേശങ്ങളും സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ലെന്ന് സൂചിപ്പിക്കുകയാണ്. എവിടെ നിന്നൊക്കെ കടം കിട്ടുമോ അതൊക്കെ

വാങ്ങുകയെന്നതാണോ ഒരു സർക്കാരിന്റെ സാമ്പത്തിക ഉത്തരവാദിത്വം? പ്രതിശീർഷ കടം വർദ്ധിച്ചുവരുന്നതിനനുസരിച്ച് ചെലവ് ചുരുക്കുന്നുമില്ല. ഇത്രയേറെ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ കാറുകളും മറ്റു വാഹനങ്ങളും വാങ്ങുന്ന കാര്യത്തിൽ ഒരു കുറവും ഈ സർക്കാർ കാണിക്കുന്നില്ല. പല സംസ്ഥാനങ്ങളിലും വകുപ്പുകൾക്കാവശ്യമുള്ള വാഹനങ്ങൾ വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്ന പതിവാണുള്ളത്. സ്വന്തമായി വാഹനങ്ങൾ വാങ്ങുന്നില്ല. എന്നാലിവിടെ എല്ലാ മേഖലകളും നഷ്ടത്തിന്റെ പാതയിലാണ്. പൊതുമേഖലാസ്ഥാപനങ്ങൾ വലിയ നഷ്ടത്തിലേയ്ക്ക് പോകുന്നുവെന്നത് യാഥാർത്ഥ്യമല്ലേ? കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം കൊടുക്കണമെങ്കിൽ, തുക സർക്കാർ നൽകേണ്ട അവസ്ഥയാണ്. കെ.എസ്.ആർ.ടി.സി.-യെ എന്തിനാണിങ്ങനെ മുന്നോട്ട് കൊണ്ടുപോകുന്നത്; സംസ്ഥാന സർക്കാരിന് നടത്തിക്കൊണ്ടുപോകാൻ കഴിയുന്നില്ലെങ്കിൽ അത് സ്വകാര്യവൽക്കരിക്കണമെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അതിനെതിർപ്പുണ്ടെങ്കിൽ വിദേശ മലയാളികളെക്കൊണ്ട് കെ.എസ്.ആർ.ടി.സി. പ്രവർത്തനം നടത്തിക്കുന്ന രീതിയിലുള്ള പുതിയ പദ്ധതികൾ കൊണ്ടുവരണം.

അത്തരത്തിലെന്തെങ്കിലും ചെയ്തില്ലെങ്കിൽ ഇതിങ്ങനെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്ന സാഹചര്യമുണ്ടാകില്ല. വർദ്ധിച്ചുവരുന്ന അഴിമതി, കൂടിക്കൊണ്ടിരിക്കുന്ന ദുർച്ചെലവുകൾ, കടം ഇതെല്ലാം പരിധിവരെ കേരളത്തെ കടക്കെണിയിലാക്കിക്കൊണ്ടിരിക്കുകയാണ്. നമുക്ക് വ്യക്തമായ ഒരു ജനനയം ഇല്ല. അത് കേരളത്തിലുണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രശസ്തനായ ധനകാര്യ വിദഗ്ദ്ധനായിരുന്നു തൊട്ടുമുമ്പുള്ള ധനകാര്യ വകുപ്പുമന്ത്രി. കിഫ്ബി തുടങ്ങിയ കാലഘട്ടം മുതലാണ് ഈ ദുർസ്ഥിതി ആരംഭിച്ചതെന്നത് പറയാതിരിക്കാൻ വയ്യ. കേരളം എവിടേയ്ക്കാണ് പോകുന്നത്; ഇതെങ്ങനെ പരിഹരിക്കാൻ കഴിയും; ഇക്കാര്യങ്ങൾ ജി.എസ്.ടി.-യുടെ പേരു പറഞ്ഞുകൊണ്ട് ഒഴിവാക്കാൻ കഴിയുന്നതാണോ? നമ്മൾ കൂട്ടായി ചിന്തിക്കേണ്ട കാര്യങ്ങളാണ്. നമ്മുടെ ആഭ്യന്തര വരുമാന മാർഗ്ഗം വർദ്ധിപ്പിക്കേണ്ടതില്ലേ; നമ്മളത് വർദ്ധിപ്പിക്കുന്നുണ്ടോ? അതിനുവേണ്ടി ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട്. അനാവശ്യമായ ചെലവുകൾ ചുരുക്കണം. ഏതൊക്കെ മേഖലയിലാണങ്ങനെ ചെയ്യേണ്ടതെന്ന് നാം തിരിച്ചറിയണം.

കേരളത്തിലിപ്പോൾ സർവ്വകലാശാലകളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേരള കാർഷിക സർവ്വകലാശാല വിഭജിച്ച് മൂന്ന് സർവ്വകലാശാലകളാക്കി മാറ്റി - വെറ്ററിനറി സർവ്വകലാശാല, കാർഷിക സർവ്വകലാശാല, ഫിഷറീസ് സർവ്വകലാശാല. ഫിഷറീസ് സർവ്വകലാശാലയിൽ രണ്ടായിരത്തിൽ താഴെ കുട്ടികൾ മാത്രമേയുള്ളൂ. സർവ്വകലാശാലകൾ വിഭജിക്കുമ്പോൾ ചെലവുകൾ കൂടുകയാണ്. ഇവയെ ഒരുമിപ്പിച്ചുകൊണ്ട് എന്തുകൊണ്ട് ചെലവുകൾ കുറച്ചുകൊണ്ടുവരാൻ കഴിയുന്നില്ല; വിവിധ സർവ്വകലാശാലകൾ ഒന്നാക്കിക്കൊണ്ട് പുതിയ രീതിയിലുള്ള സർവ്വകലാശാലകൾ വിദേശ രാജ്യങ്ങളിൽ വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ നേരത്തേ സൂചിപ്പിച്ച മൂന്ന് സർവ്വകലാശാലകളെ ഒന്നാക്കിക്കൊണ്ട് ഇവിടെ ദുർവ്യയം അവസാനിപ്പിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യണം. നമുക്ക് ടെക്നിക്കൽ സർവ്വകലാശാലയുണ്ട്, കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുണ്ട്, ഇതെല്ലാം ഒറ്റ സർവ്വകലാശാലയാക്കി മാറ്റി എണ്ണം ചുരുക്കുകയാണെങ്കിൽ അതുവഴിതന്നെ ധാരാളം പണം ലാഭിക്കാൻ കഴിയുമെന്ന കാര്യം സൂചിപ്പിക്കുകയാണ്.

പ്രതിവർഷം 82,000 കോടി രൂപയാണ് കേരളം കാർഷിക മേഖലയിൽ ഭക്ഷ്യോൽപന്നങ്ങൾക്കുവേണ്ടി ചെലവിടുന്നത്. അയൽ സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിന് മലയാളി ഒരു വർഷം 82,000 കോടി രൂപ മുടക്കുന്നു. ജന്തുജന്യ ഉൽപന്നങ്ങളായ പാൽ, മുട്ട, ഇറച്ചി അവയുടെ ഉൽപന്നങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, തുടങ്ങി വളർത്തുമൃഗങ്ങളുടെ ഭക്ഷണവസ്തുക്കൾ വരെ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഇവയിൽ എത്ര ശതമാനം നമുക്ക് ഉൽപാദിപ്പിച്ച് കേരള വിപണിയിൽ ലഭ്യമാക്കാൻ സാധിക്കും? നമ്മുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിച്ചാൽ മാത്രമേ കേരളത്തിലെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനുള്ള എന്തെങ്കിലും ശ്രമം കേരള സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോയെന്ന് ചോദിച്ചാൽ ഇല്ലെന്നുതന്നെയായിരിക്കും മറുപടി. കാർഷിക മേഖലയിൽ കൃഷി ഒരു അഗ്രി ബിസിനസ്സാണിപ്പോൾ. ഒരു കാലത്ത് ഭക്ഷ്യ സംസ്കരണത്തിലേയ്ക്കുമൊക്കെ നീങ്ങുന്നതിന് നമ്മൾ കൂടുതൽ പ്രാധാന്യം കൊടുത്തു. പക്ഷെ കർഷകരെല്ലാം അതിൽ നിന്നുമാറുന്നു. എങ്ങനെയാണ് അത്തരത്തിലൊരു പ്രവണതയുണ്ടാകുന്നതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ നമുക്ക് വലിയ

തോതിലുള്ള നഷ്ടമുണ്ടാകുന്നു. കാർഷിക മേഖലയിൽനിന്ന് സർക്കാർ പിൻവലിയുന്നതുകൊണ്ടാണ് ജനങ്ങൾ ഈ മേഖലയിൽനിന്നും പിന്നോട്ട് പോകുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇവിടെ നാണ്യവിളകളുടെയും റബ്ബറിന്റെയും വില കുറയുന്നു. ഇത്തരത്തിൽ കാർഷിക മേഖലയിലും പ്ലാന്റേഷൻ സെക്ടർ മേഖലയിലുമൊക്കെ വലിയ പ്രതിസന്ധിയാണ് കേരളത്തിലുള്ളത്. ഇതൊക്കെ സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തെയാണ് ബാധിക്കുന്നത്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ വലിയ പരിശ്രമം നടത്തേണ്ടിയിരിക്കുന്നു. കോവിഡ് സാഹചര്യങ്ങളും പ്രകൃതി ദുരന്തങ്ങളും സൃഷ്ടിച്ച അരക്ഷിതാവസ്ഥയിൽ നിന്ന് കരകയറാൻ കേരളത്തിനിനിയും കഴിഞ്ഞിട്ടില്ല. ആഭ്യന്തര വരുമാനം എങ്ങനെ വർദ്ധിപ്പിക്കണമെന്നതുസംബന്ധിച്ച് ഭരണാധികാരികൾ മാറി ചിന്തിക്കണം. എങ്ങനെയാണ് ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നതെന്നും കൂടുതൽ ജനങ്ങളെ കാർഷിക മേഖലയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നതെന്നും സംബന്ധിച്ച ചിന്താഗതി നമുക്കുണ്ടാകണം. ഭക്ഷ്യകിറ്റ് കൊടുക്കുന്ന സാമ്പത്തിക സ്ഥിതികൊണ്ടുമാത്രം നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ; ഭക്ഷ്യകിറ്റ് കൊടുക്കുമ്പോൾ എത്ര കോടി രൂപയാണ് നമ്മൾ

ചെലവഴിക്കുന്നത്; അതിനുള്ള സാമ്പത്തികശക്തി സംസ്ഥാന ഗവൺമെന്റിനുണ്ടോ? ഇവിടെ ഭരണാധികാരികൾ ചിന്തിക്കുന്നത് കിറ്റ് കൊടുത്താൽ, എന്തെങ്കിലും സൗജന്യങ്ങൾ കൊടുത്താൽ ജനങ്ങൾ വളരും, കേരളം വളരുമെന്നാണ് പറയുന്നതെങ്കിൽ കേരളം വരളുമെന്നാക്കി മാറ്റണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വ്യവസായ മേഖലയിൽ വലിയ പ്രതിസന്ധിയുണ്ട്. ആ പ്രതിസന്ധിയിൽനിന്നും കരകയറാൻ നാം ശ്രമിക്കണം. വ്യവസായമേഖലയിൽ തീർത്തും നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ലെങ്കിൽ പകുതിവഴിയിൽ ഉപേക്ഷിക്കുകയാണോ നല്ലതെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

മി. സ്പീക്കർ: അക്കാര്യം ഇന്നലെ ഇവിടെ വിശദമായി ചർച്ച ചെയ്ത കാര്യമാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വേൾഡ് എക്കണോമിക് ഫോറത്തിന്റെയും ഐ.എം.എഫ്.-ന്റെയും ഫണ്ട് നമുക്ക് കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഐ.എം.എഫ്.-ന്റെ വേൾഡ് എക്കണോമിക് ഫോറത്തിൽ കേരളത്തിൽനിന്ന് ഒരു പ്രതിനിധിപോലും പങ്കെടുത്തില്ല. തമിഴ്നാട് പങ്കെടുത്തപ്പോൾ ഏകദേശം ഒരുലക്ഷം കോടി രൂപയുടെ

നിക്ഷേപമാണ് വന്നതെന്നുള്ളത് യാഥാർത്ഥ്യമല്ലേ; അയൽ സംസ്ഥാനങ്ങളായ കർണ്ണാടകവും തെലുങ്കാനയുമൊക്കെ ഇതിലേയ്ക്ക് നിക്ഷേപങ്ങൾ കൊണ്ടുവന്നു. കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനുപകരം സംരംഭകർ അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോയി നിക്ഷേപം തുടങ്ങുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. ഞാനിവിടെ ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. നികുതി വർദ്ധിപ്പിക്കാൻ കഴിയുന്നത് എങ്ങനെയാണ്; ഫിൻലാന്റിൽ ഒന്നിൽക്കൂടുതൽ മൊബൈൽ ഉപയോഗിക്കുന്നവർക്ക് നികുതിയുണ്ട്. അവർ ഒരു രൂപ നികുതി കൊടുത്താൽ എത്ര രൂപ നമുക്ക് ലഭിക്കും? വളർത്തുമൃഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഓമന മൃഗങ്ങളെ വളർത്തണമെങ്കിൽ അവർക്ക് അതിനൊരു അഡീഷണൽ ടാക്സ് ചുമത്താം. വളർത്തുമൃഗങ്ങളുടെ ഭക്ഷണം വിദേശരാജ്യങ്ങളിൽനിന്ന് ധാരാളം വരുന്നുണ്ട്. നമുക്ക് അതിന് അഡീഷണൽ ടാക്സ് ചുമത്താം. നമുക്കാവശ്യമുള്ള വൈനും ബിയറുമൊക്കെ തീർച്ചയായും ഇവിടത്തെ ഫ്രൂട്ട്സുപയോഗിച്ച് ഉണ്ടാക്കുകയാണെങ്കിൽ അതിലൂടെ ആഭ്യന്തരമായി വരുമാനമുണ്ടാക്കാൻ കഴിയും. നീരയെക്കുറിച്ചാണ് നമ്മൾ ഏറ്റവും കൂടുതൽ പറഞ്ഞത്. ഇവിടെയിരുന്ന മുൻമന്ത്രി, അദ്ദേഹം കൃഷി

വകുപ്പുമന്ത്രിയായിരുന്ന സമയത്താണ് നീരയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുത്തത്. ഇന്ന് അതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ആ മന്ത്രിയുടെ പേര് ഞാൻ പറയുന്നില്ല. നീരയെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ അതിലൂടെ അഡീഷണൽ ടാക്സ് കൊണ്ടുവരാൻ കഴിയും. സംരംഭകർക്ക് പ്രോത്സാഹനം കൊടുക്കണം. ഒരു സംരംഭകൻ വന്നുചേർന്നാൽ അവരെ എങ്ങനെ പൂട്ടികെട്ടാമെന്ന കാര്യങ്ങളാണ് വരുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. അനാവശ്യമായ തസ്തികകൾ ഒഴിവാക്കുക, സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ഒരുമിപ്പിക്കുക എന്നിങ്ങനെയുള്ള പല കാര്യങ്ങൾ കൊണ്ടുവന്നാൽ നമുക്ക് ടാക്സ് വർദ്ധിപ്പിക്കാൻ സാധിക്കും. രാഷ്ട്രീയത്തിന് അതീതമായ കാര്യങ്ങൾ മാത്രമാണ് ഞാൻ പറഞ്ഞത്. അടുത്ത തലമുറയ്ക്ക് ഇവിടെ ജീവിക്കാനുള്ള സാമ്പത്തികശേഷി ഈ സംസ്ഥാനത്തുണ്ടാക്കണമെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഈ ബിൽ സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്വം കൂടുതൽ കൃത്യതയാക്കാനും ചിട്ടപ്പെടുത്താനും വേണ്ടിയാണ്. ആദ്യം സംസാരിച്ച

ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത്, ഇവിടത്തെ ചെലവ് കൂട്ടുന്നതിനെപ്പറ്റിയാണ്. പക്ഷേ ചെലവ് കുറയ്ക്കുന്നതിനും കടം കുറയ്ക്കുന്നതിനുമാണ് ഈ ബിൽ. സാധാരണഗതിയിൽ വിയോജിപ്പ് രേഖപ്പെടുത്താനായി അദ്ദേഹം പറഞ്ഞതായിരിക്കും. ഇതിൽ 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിൽ സർക്കാർ റവന്യൂകമ്മി പൂർണ്ണമായും ഇല്ലാതാക്കേണ്ടതാണെന്നാണ് ഒരു നിർദ്ദേശം. 2021-22, 2022-23, 2023-24, 2024-25, 2025-26 ആകുമ്പോഴേക്കും ഓരോ വർഷവും 0.5%, 0.8%, 1.2%, 1.7%, 2.5% എന്നീ ക്രമത്തിൽ റവന്യൂമിച്ചം വർദ്ധിപ്പിക്കേണ്ടതാണ്. ധനകമ്മികളിൽ ലഭ്യമാകുന്ന മൊത്തം വായ്പയും മൂലധന ചെലവുകൾക്ക് വേണ്ടിയിട്ടുള്ളതാണെന്നാണ് രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം. 2021-22 മുതൽ 2024-25 വരെ ആകുമ്പോൾ ധനകമ്മി സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 4.5 ശതമാനത്തിൽനിന്ന് 4%, 3.5% എന്ന നിലയിൽനിന്ന് 2025-26 ആകുമ്പോൾ 3 ശതമാനത്തിലേയ്ക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ, 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന, അഞ്ച് വർഷത്തിനുള്ളിൽ ധനകമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനത്തിലേയ്ക്ക്

കുറച്ചുകൊണ്ടുവരണമെന്നാണ് ഈ ബിൽ നിഷ്കർഷിക്കുന്നത്. 2021-22, 2022-23 മുതൽ 2025-26 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 34.7 ശതമാനത്തിൽനിന്ന് ഘട്ടംഘട്ടമായി 32 ശതമാനമെന്ന നിലയിലേയ്ക്ക് കുറച്ചുകൊണ്ടുവരണമെന്നാണ് 15-ാം ധനകാര്യ കമ്മീഷൻ പറഞ്ഞിട്ടുള്ളത്. അതനുസരിച്ചാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസംബന്ധമായ ഉത്തരവാദിത്വനിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളും ആ ചിട്ടയിലേയ്ക്ക് വരേണ്ടത്. അതാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യം. യഥാർത്ഥത്തിൽ ഇങ്ങനെ വരുന്ന കടം വർദ്ധിക്കുന്ന ഒരവസ്ഥയെ നിയന്ത്രിച്ച് കൊണ്ടുവരുകയെന്നുള്ളതുതന്നെയാണ് ഇതിന്റെ ഉദ്ദേശ്യം. ഗവൺമെന്റ് അതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. 1957-മുതലുള്ള കണക്കുകൾ ഇവിടെ പറഞ്ഞു. സംസ്ഥാനത്ത് 1957-ൽ ആദ്യത്തെ കമ്മി ബഡ്ജറ്റ് സി. അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റാണ്. അന്ന് 34 കോടിരൂപയായിരുന്നു. അതിനുമുമ്പ് ഉണ്ടായിരുന്ന സമയത്ത് മിച്ച ബഡ്ജറ്റുകളാണ്. 1956-ൽ രൂപീകൃതമായപ്പോഴുള്ള കേരളമാണോ ഇന്ന്; ഇന്ത്യയിൽ ഇന്ന് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് കേരളമാണ്. 40

വർഷങ്ങൾക്കുമുമ്പ് സ്വാമി വിവേകാനന്ദൻ കേരളത്തിലേയ്ക്ക് വന്നപ്പോൾ പറഞ്ഞത് നമുക്കറിയാം. ജാതി-മത വിവേചനം, മറ്റ് സാമ്പത്തിക പ്രശ്നങ്ങൾ, പട്ടിണി മരണം എന്നിവയൊക്കെ ഉണ്ടായിരുന്ന കാലമാണത്. എല്ലാവർക്കും സ്വന്തമായി കിടക്കാൻ ഭൂമിയും സൗകര്യങ്ങളുമുണ്ടായ കേരളത്തിന്റെ വളർച്ച തമസ്കരിച്ചുകൊണ്ട് ഇങ്ങനെയൊരു പ്രസംഗം ഇവിടെ നടത്തിയിട്ട് എന്താണ് കാര്യം? ഇ.എം.എസ്.-ന്റെ മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായ സി. അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റ് മുതൽ ഇങ്ങോട്ടുവരുമ്പോൾ കേരളം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ എത്രയോ വ്യത്യസ്തമായി മുന്നോട്ടുവന്നു. കേരളം അതിനുമുമ്പ് എല്ലാ മേഖലയിലും ഇത്രയും മുന്നിലല്ലായിരുന്നുവെന്ന കാര്യം നമ്മൾ മനസ്സിലാക്കേണ്ടതാണ്. സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിലെ വളർച്ചയ്ക്ക് ഇവിടെയിരിക്കുന്ന പ്രതിപക്ഷത്തിനും ഭരണപക്ഷത്തിനും പങ്കുണ്ട്. ഇവിടെ സംസാരിക്കുന്നത് രേഖകളിൽ വരുന്നതുകൊണ്ടാണ് ഇതുപറയാൻ നിർബന്ധിതമാകുന്നത്. അവർ പറഞ്ഞതെല്ലാം രേഖയിൽ വരുമ്പോൾ ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ രേഖയിൽ അതുമാത്രമായിരിക്കും കാണുന്നത്. കുറച്ചുവർഷങ്ങൾ കഴിഞ്ഞ് ആളുകൾ രേഖകളെടുത്തുനോക്കുമ്പോൾ ബഹുമാനപ്പെട്ട ശ്രീ. എൻ. ഷംസുദ്ദീനും

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും പറഞ്ഞതുമാത്രമെയുള്ളൂവെന്ന് ഗവേഷക വിദ്യാർത്ഥികളടക്കമുള്ളവർക്ക് തോന്നും. അതുകൊണ്ട് 2000-2001-ൽ കേരളത്തിന്റെ ആകെ കടം 26,259 കോടി രൂപയായിരുന്നു. അത് അന്ന്, ആകെയുള്ള വരുമാനത്തിന്റെ 36.14 ശതമാനമായിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ കണക്കെടുത്ത് നോക്കിയാൽ കഴിഞ്ഞ വർഷം 63.32 ശതമാനവും അനൗദ്യോഗിക കണക്കനുസരിച്ച് 69 ശതമാനവുമാണ് ഇന്ത്യയുടെ ആകെ ജി.ഡി.പി.-യുടെ കടബാധ്യത. ഈ കണക്കുകളെല്ലാം നമ്മുടെ മുന്നിലുണ്ട്. ഇവിടെ വിതരണവും ചെയ്തിട്ടുണ്ട്. 2003-04-ൽ ഭരിക്കുന്നത് ആരാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അന്ന് കേരളത്തിന്റെ കടബാധ്യത ആകെയുടെ ജി.എസ്.ഡി.പി.-യുടെ 40.49 ശതമാനമാണ്. അത് കുറിച്ചെടുക്കുന്നത് നല്ലതായിരിക്കും. 2003-2004-ൽ 40.49 ശതമാനമായി കടം ഉയർന്നുവന്നു. ഇത് അന്നത്തെ കണക്കാണ്. ഇതൊന്നും എന്റെ കയ്യിലെ കണക്കല്ല. പിന്നീട് 2011-12-ൽ വി. എസ്. ഗവൺമെന്റിന്റെ കാലത്ത് അത് കുറച്ചുകൊണ്ട് 94,820 കോടി രൂപയാണ് ആകെ അന്നത്തെ കടബാധ്യത. അത് ജി.എസ്.ഡി.പി.-യുടെ 26.05 ശതമാനമായി കുറഞ്ഞു. പിന്നീട് ഈ കടം പതുക്കെ വർദ്ധിച്ച് 2015-16-ൽ വിണ്ടുമൊരു ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ ശതമാനം വർദ്ധിച്ചുവന്നു. ഏതായാലും അപ്പോൾ 30 ശതമാനത്തിന് മുകളിൽ പോയിട്ടില്ല. ഒന്നാം പിണറായി സർക്കാരിന് മുമ്പുള്ള കാലത്തും 30 ശതമാനത്തിന് അടുത്തായിരുന്നു. നേരത്തേയുള്ളതിൽ നിന്ന് കുറഞ്ഞുവന്നു. എന്നാൽ എപ്പോഴാണ് കടബാധ്യത വർദ്ധിച്ചത്? 2019-20-ലും 2020-21-ലുമൊക്കെയാണ് വർദ്ധിച്ചത്. ഇത് കോവിഡിന്റെ കാലത്താണ്. അന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞ അഞ്ചുശതമാനമെന്ന നിലയിലുള്ള കടമെടുക്കുന്നതിന്റെ പരിധിക്കകത്ത് നിന്നാണ് എടുത്തിട്ടുള്ളത്. അതനുസരിച്ചാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. കോവിഡിന്റെ പീരിഡ് കഴിഞ്ഞതിനാൽ ഇപ്പോൾ ഈ കടം കുറച്ചുകൊണ്ടുവരണമെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ,..........

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ എനിക്ക് സന്തോഷമാണുള്ളത്. 36, 37 എന്നുള്ളത് 32 ശതമാനത്തിലേയ്ക്ക് എത്തിക്കണമെന്നാണ് നിയമം.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ഒരൊറ്റ കാര്യമാണ് എനിക്ക്

പറയാനുള്ളത്.

മി. സ്പീക്കർ: അത് നമുക്ക് ബഡ്ജറ്റ് സമ്മേളനത്തിലാകാം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആർ.ബി.ഐ.-യുടെയും ശ്രീലങ്കയുടെയും കാര്യമൊക്കെ നേരത്തെ പറഞ്ഞതാണ്. ശ്രീലങ്കയിലെയും പാകിസ്ഥാനിലെയും പോലെ സാമ്പത്തിക പ്രതിസന്ധിയൊന്നും.......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഡ്രസ്സ് ചെയ്യാത്തതുകൊണ്ടാണ് അംഗങ്ങൾക്കിടപെടാനുള്ള പ്രചോദനമുണ്ടാകുന്നത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സാമ്പത്തികമായി അത്തരം ഒരു പ്രതിസന്ധിയിലേയ്ക്ക് പോകുന്ന അവസ്ഥയല്ല നമുക്കുള്ളത്. പ്രധാനപ്പെട്ട കാര്യം കേന്ദ്രഗവൺമെന്റ് നമുക്കുള്ള പണം വെട്ടിക്കുറയ്ക്കുന്നതാണ്. മറ്റ് കണക്കുകളിലേയ്ക്ക് പോകുന്നില്ല. ഇന്ത്യയിലെ ആകെ ആഭ്യന്തര വരുമാനത്തിന്റെ 64 ശതമാനത്തോളം കേന്ദ്ര ഗവൺമെന്റിനാണ് ലഭിക്കുന്നത്. കേരളത്തിന് മാത്രമല്ല, എല്ലാ സംസ്ഥാനങ്ങൾക്കും 33 ശതമാനമേ ലഭിക്കുന്നുള്ളൂ. ചെലവിന്റെ കാര്യത്തിൽ വരുമ്പോൾ 63 ശതമാനവും സംസ്ഥാനങ്ങളാണ് ചെലവഴിക്കുന്നത്. കേന്ദ്ര ഗവൺമെന്റിന് ബാക്കി 34 ശതമാനം മാത്രമേയുള്ളൂ. ഇത് ഞാൻ പറഞ്ഞതല്ല, ധനകാര്യ

കമ്മീഷന്റെ കണക്കാണ്. ഇത്രയും നീതികേട് ഈ നാട്ടിലെ സംസ്ഥാനങ്ങളോട് കാണിക്കുന്ന ഫിസ്കൽ ഫെഡറലിസത്തെ ബാധിക്കുന്ന തലത്തിലേയ്ക്ക് കാര്യങ്ങൾ ചെയ്യുന്ന കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ച് വളരെ വിശദമായി കഴിഞ്ഞ ദിവസവും ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും ഉൾപ്പെടെ എല്ലാവരും ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ നിൽക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഫിസ്കൽ ഫെഡറലിസത്തിനൊരു പ്രശ്നമുണ്ട്. ഭാവിയിൽ കേരളം മുന്നോട്ടുപോകണമെങ്കിൽ അത് നമുക്ക് നോക്കിയേ കഴിയൂ. അതിനനുസരിച്ചുള്ള സ്പിരിറ്റിൽത്തന്നെയാണ് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. കേരളത്തിന് നെഗറ്റീവ് ഗ്രോത്തില്ല, നികുതിയിലായാലും ജി.എസ്.ടി. വരുമാനത്തിലായാലും ഗ്രോത്തുണ്ട്. 28 ശതമാനം ടാക്സുണ്ടായിരുന്ന 250-ലധികം ഇനം സാധനങ്ങളുടെ ടാക്സ് കുറച്ചത് കേന്ദ്ര ജി.എസ്.ടി. കൗൺസിലാണ്. സംസ്ഥാനത്തിന്റെ അഭിപ്രായം വ്യത്യസ്തമാണ്, ആഢംബര സാധനങ്ങളുടെ ടാക്സ് കൂട്ടണമെന്നാണ് നമ്മുടെ അഭിപ്രായം. അത് കുറച്ചതിന്റെ ഭാഗമായി വലിയ തോതിൽ നികുതി കുറഞ്ഞു. ആകെ ലഭിച്ചുകൊണ്ടിരുന്നത് 16 ശതമാനം

ആയിരുന്നുവെങ്കിൽ ഇപ്പോൾ 11 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ടാക്സേഷൻ പോളിസിയുടെ ഫലമായി വന്നതാണ്. ആംനസ്റ്റി സ്കീമിലൂടെ കാര്യങ്ങൾ നന്നായി ചെയ്യാൻ ശ്രമിക്കുകയും പണം എത്തിക്കാനായുള്ള ശ്രമവുമാണ് നടത്തുന്നത്. ഇവിടെ തെറ്റിദ്ധാരണാജനകമായ ഒരു പ്രസ്താവനയുണ്ടായി. ഒരു വശത്തുകൂടി സോഷ്യൽ സെക്യൂരിറ്റി ആസ്പെക്ടുകൾ കുറയ്ക്കുകയാണെന്ന് പറയുകയും മറുവശത്തുകൂടി അതിന് ചെയ്യുന്ന കാര്യങ്ങളെ എതിർക്കുകയുമാണ്. സാമൂഹ്യ സുരക്ഷാ കമ്പനിയുടെ പ്രവർത്തനം സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാൻ വേണ്ടിയാണ്. ഒരു കാര്യത്തിലും പുറകോട്ട് പോയിട്ടില്ല. ഈ ഓണത്തിന് മുൻപ് എല്ലാവരുടെയും കയ്യിൽ 3,200 രൂപ എത്തിയിട്ടുണ്ട്. 60 ലക്ഷത്തോളം ആളുകൾക്കാണ് ഇതുനൽകിയത്. പൂട്ടിക്കിടക്കുന്ന കയർ, കശുവണ്ടി ഫാക്ടറികൾ ഉൾപ്പെടെ വിവിധ മേഖലകളിൽ നൽകിയിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്ക് ഉൾപ്പെടെ എല്ലാ സ്ഥലത്തും ബോണസ് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ആലപ്പുഴയിലെ അടച്ചിട്ട തുറമുഖത്തെ ഓരോ തൊഴിലാളികൾക്കും 5,200 രൂപയിലധികം നൽകി. സാമൂഹ്യ സുരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. പൊതുമേഖലയിൽ ചെയ്യുന്ന

കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി പറഞ്ഞതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ ഗ്യാരന്റി പിൻവലിച്ചെന്നാണ്, സർക്കാരിന്റെ ഗ്യാരന്റി പിൻവലിച്ചിട്ടില്ല. ഗ്യാരന്റിയുള്ള ധാരാളം പ്രോജക്ടുകളെ തന്നെ ഓഫ്ബഡ്ജറ്റ് ആക്കാൻ അവർ ശ്രമിക്കുന്നുവെന്നതാണ്. ബഡ്ജറ്റിൽനിന്ന് കൊടുക്കുന്നതിന് പകരം ആ ഗ്യാരന്റി നിലനിർത്തുന്നുണ്ട്. അത് സാങ്കേതികമായ ഒരു തിരുത്തലാണ്. കിഫ്ബി നിയമം അനുസരിച്ചുള്ള കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളൂ, അല്ലാതെ കാര്യങ്ങൾ ചെയ്യുന്നില്ല. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ചെറിയ ചില നികുതികൾ മാത്രമല്ലാതെ വലിയ നികുതിയൊന്നും വന്നില്ലെന്നാണ് പത്രമാധ്യമങ്ങൾ എഴുതിയത്. ഇന്നത്തെ ഒരു വാർത്തയുണ്ട്, 62000-ത്തോളം വരുന്ന 60 വയസ്സ് കഴിഞ്ഞ ആദിവാസികൾക്ക് 1,000 രൂപാ വീതം നൽകുന്ന മുഖ്യമന്ത്രിയുടെ പ്രത്യേക പദ്ധതി. അത് നൽകി കഴിഞ്ഞു. നൽകിക്കഴിഞ്ഞ കാര്യങ്ങളെല്ലാം പ്രത്യേകം ഒരു ലിസ്റ്റായി അനൗൺസ് ചെയ്യുന്നതാണ്. ഇക്കാര്യങ്ങളെല്ലാം സംസ്ഥാനത്തെ ജനങ്ങളെ സഹായിക്കാനുള്ള വിവിധ പദ്ധതികളാണ്. സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യെ

സ്വകാര്യവൽക്കരിക്കണം എന്നൊന്നും ഈ സർക്കാരിന് ആഗ്രഹമില്ല. അമേരിക്കയിൽ ഇപ്പോൾ പോയിട്ടുവന്ന ബഹുമാനപ്പെട്ട എം.എൽ.എ. അവിടെയുള്ള ആളുകളെക്കൊണ്ട് ഇവിടെ നിക്ഷേപം നടത്താനുള്ള കാര്യങ്ങൾ ചെയ്യുന്നത് നല്ലതാണ്. ഇതൊന്നും സ്വകാര്യവൽക്കരിക്കാനോ ഇല്ലാതാക്കാനോ അല്ല. ഇത് സ്വകാര്യവൽക്കരിക്കുന്നതല്ലേ നല്ലതെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഞങ്ങൾക്ക് അങ്ങനെ അഭിപ്രായമില്ല. അദ്ദേഹത്തിന്റെ ഇളയമകന് ഇഷ്ടപ്പെട്ട ഫാസിലിന്റെ പ്രശസ്തമായ സിനിമയിലെ ഗാനത്തിൽ എന്റെ പേരുകൂടി പരാമർശിക്കുന്നുണ്ട് അതുകൊണ്ടായിരിക്കും അദ്ദേഹം പറഞ്ഞത്. ആ താരാട്ട് പാട്ടുപോലെയുള്ള പാട്ടുകൾ അദ്ദേഹത്തിന്റെ മകന്റെ മകനും മറ്റുകുട്ടികൾക്കുമെല്ലാം കഴിയുന്ന തരത്തിലേയ്ക്ക് സന്തോഷകരമായ കേരളം പ്രദാനം ചെയ്യാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. പപ്പയുടെ സ്വന്തം അപ്പൂസിലെ പാട്ട് അടുത്തടുത്ത തലമുറകൾക്കുതന്നെ സന്തോഷത്തോടുകൂടി പകർന്ന് നൽകാൻ.....

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ ചില പൊതുവായ കാര്യങ്ങൾ... കെ.എസ്.ആർ.ടി.സി. വാഹനത്തിൽ ഒരാൾ മൂവാറ്റുപുഴയിൽ നിന്ന് യാത്രതിരിച്ചാൽ കോട്ടയത്ത് എത്തുമ്പോഴേയ്ക്ക് വണ്ടി

കിടന്നുപോകുകയാണ്. ഇത് കോട്ടയം വരെ പോകുകയുള്ളൂവെന്ന് കണ്ടക്ടർ പറയുകയാണ്. ഞാൻ പറഞ്ഞത്, ഇത് കൊണ്ടുനടക്കാൻ പറ്റില്ലെങ്കിൽ സർക്കാരും ജനങ്ങളുമായി പാർട്ട്ണർഷിപ്പ് വേണമെന്നോ അതല്ലെങ്കിൽ വിദേശമലയാളികളുമായി ബന്ധപ്പെട്ടുപോകണമെന്നോ ആണ്. അല്ലാതെ, അത് സ്വകാര്യവത്ക്കരിക്കണമെന്നല്ല പറഞ്ഞത്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം തിരുത്തിയത് നന്നായി. എന്തായാലും അങ്ങനെ ഒരവസ്ഥയിലേയ്ക്ക്..... കെ.എസ്.ആർ.ടി.സി.-ക്ക് 103 കോടി രൂപ ശമ്പളം നൽകണമെന്ന് കോടതി പറഞ്ഞിട്ടുണ്ട്. അസംബ്ലിയാണ് ബഡ്ജറ്റ് പാസാക്കുന്നത്. അസംബ്ലിയിൽ പാസാക്കുന്ന ഒരു സ്ഥലത്തെ പണം കൃത്യമായി നൽകണം. പ്രത്യേകിച്ച് കേന്ദ്ര ഗവൺമെന്റ് 23000 കോടി രൂപ വെട്ടിക്കുറച്ചതുകൊണ്ട് സംസ്ഥാനം വലിയ പ്രതിസന്ധിയിലാണ്. അതുകൊണ്ട് സംസ്ഥാനത്തിന് ബഡ്ജറ്റിനകത്തുനിന്നേ ചെയ്യാൻ സാധിക്കൂ. മാറ്റിക്കൊടുക്കണമെങ്കിൽ വേറെ എവിടെനിന്ന് കുറയ്ക്കണമെന്ന് കോടതി പറയേണ്ടിവരും. എവിടെ നിന്നാണ് കുറയ്ക്കുന്നത്? ഏതായാലും കെ.എസ്.ആർ.ടി.സി.-ലേയ്ക്ക് ഓണവുമായി ബന്ധപ്പെട്ട് 50 കോടി രൂപ നൽകുമെന്ന് ഈ സദസ്സിൽ

പറയുകയാണ്. നമ്മുടെ പരിമിതിയിൽനിന്നുകൊണ്ട് അവരെ ശക്തിപ്പെടുത്താനുള്ള ശ്രമം തന്നെയാണ് നടത്തുന്നത്. എല്ലാ മേഖലയിലും അത്തരം കാര്യങ്ങളാണ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

റബ്ബറിന്റെ മേഖലയിലെ വിലയിടിവിന് പ്രായോഗികമായ പല കാര്യങ്ങളും ചെയ്യാനാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ കശുവണ്ടി പരിപ്പ് കിറ്റിൽ ഉൾപ്പെടുത്തിയതുകൊണ്ട് 34 കോടി രൂപ കശുവണ്ടി മേഖലയിൽ നൽകാൻ സാധിച്ചു, അവർക്ക് തൊഴിൽ ലഭിച്ചു. ഏലം കിറ്റിലുൾപ്പെടുത്തിയതുകൊണ്ട് ഒരു കിലോ ഏലയ്ക്കായ്ക്ക് 200 രൂപയെങ്കിലും കൂടി. കുടുംബശ്രീക്കും മറ്റും 150 കോടി രൂപ ആ മേഖലയിലെ തൊഴിലിന് ഗുണം കിട്ടി. അതുപോലെ റബ്ബറിന്റെ കാര്യത്തിൽ 50 കോടി രൂപ റബ്ബറൈസ്ഡ് റോഡിന് മാറ്റിവെയ്ക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അത് ഒരു ട്രയലായിക്കഴിഞ്ഞാൽ അടുത്ത വർഷങ്ങളിൽ 10000 ടൺ റബ്ബറെങ്കിലും റബ്ബറൈസ്ഡ് റോഡിന് മാറിയാൽ റബ്ബർ മേഖലയിൽ വില ലഭിക്കും. കഴിഞ്ഞ ദിവസം എം.ജി.യൂണിവേഴ്സിറ്റിയിൽ പോയിരുന്നു. പ്രത്യേകിച്ച് റബ്ബർ മേഖലയിലെ റിസേർച്ചിനുവേണ്ടി അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ട്രാൻസിലേഷൻ ലാബ് എന്ന ആശയമുണ്ട്. റബ്ബറിന്റെ മേഖലയിൽ ടാറിൽ ഇപ്പോളിത് ചേർക്കുന്നതിൽ പ്രശ്നമുണ്ട്. ഒരു പർട്ടിക്കുലർ ചൂടിലാണെങ്കിൽ മാത്രമേ റബ്ബർപാൽ ഇതിൽ ചേർക്കാൻ സാധിക്കുകയുള്ളൂ. അതിന്റെ പോളിമർ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് പുതിയ ഗവേഷണകാര്യങ്ങൾ ഒരു പ്രോജക്ടായി ഏറ്റെടുക്കണം. അങ്ങനെയാണെങ്കിൽ ടാറിൽ റബ്ബർ കുറച്ചുകൂടി സുതാര്യമായി ചേർക്കാൻ സാധിക്കും. ഓരോന്നും സമയമെടുത്ത് പറയാനില്ല. ശ്രീ പി. ബാലചന്ദ്രൻ ഉൾപ്പെടെ വളരെ നല്ല ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട്. നമുക്ക് ഇവിടെ ഇതെല്ലാം നന്നായി ചെയ്യാൻ സാധിക്കുന്നതരത്തിൽത്തന്നെയാണ് കാര്യങ്ങൾ കാണിക്കുന്നത്. ആകെ ഇവിടെ അപകടമാണെന്ന തരത്തിൽ കാണിച്ച് പ്രസംഗം വന്നതുകൊണ്ടുമാത്രമാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞ ചില പ്രത്യേക നികുതികളെക്കുറിച്ച് - നമുക്ക് ജി.എസ്.ടി. കൗൺസിലിൽ ചിലത് പറയേണ്ടിവരും. അദ്ദേഹം ഫിൻലാന്റിന്റെയും സ്കാൻഡിനേവിയയിലെയും കാര്യങ്ങളുമൊക്കെ പറഞ്ഞു. 30 ശതമാനത്തിലധികമാണ് സ്കാൻഡിനേവിയനിലെ ടാക്സ്. സ്കാൻഡിനേവിയയിലുള്ള അതേ ജീവിത

സൗകര്യങ്ങൾക്കടുത്ത് നമുക്ക് കേരളത്തിൽ നൽകാൻ സാധിക്കുന്നു. അദ്ദേഹം പറഞ്ഞ ചില നിർദ്ദേശങ്ങൾ - രണ്ടാമത്തെ മൊബൈൽ ഫോണിനും പെറ്റ് ആനിമൽസിനും നികുതി ഈടാക്കുന്നതു സംബന്ധിച്ച് ചില നല്ല നിർദ്ദേശങ്ങൾ അദ്ദേഹം വച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ അങ്ങനെ റൈസ് ചെയ്യാം. തദ്ദേശീയമായി വൈനും ബിയറും ഉത്പാദിപ്പിക്കുന്നതിനുള്ള പോളിസി അംഗീകരിച്ച് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അനൗൺസ് ചെയ്തിരുന്നു. അതിന്റെ റൂൾസ് ആയിട്ടുണ്ട്. നമ്മുടെ നാട്ടിലെ പഴങ്ങളും മറ്റുകാര്യങ്ങളുമൊക്കെ ഉപയോഗിക്കാൻ പറ്റുന്ന തരത്തിൽ കളക്ടീവായി അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇവിടെ ഉയർത്തിയ ആശങ്ക പോലെ കടം വർദ്ധിച്ച് പോകാതിരിക്കാൻവേണ്ടി 32 ശതമാനത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയുള്ള ശക്തമായ ശ്രമത്തിന്റെ ഭാഗമായാണ് ഈ നിയമം. ഈ നിയമം പാസാക്കുമ്പോൾ അത്തരം കാര്യങ്ങളിൽ നിയന്ത്രണം വരികയും കുറച്ചുകൂടി മുന്നോട്ടുപോകാൻ സാധിക്കുകയും ചെയ്യും. അതുകൊണ്ട് മൂലനിയമത്തിലുള്ള ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല)

ശ്രീ. പി. ബാലചന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പ്രത്യേകിച്ചും" എന്നതിനുപകരം "ഇതുസംബന്ധിച്ച്" എന്ന് ചേർക്കുക.

205. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ചെലവഴിക്കേണ്ടതാണ്" എന്നതിനുശേഷം " ഉറപ്പുവരുത്തേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "പ്രത്യേകിച്ചും മുൻപറഞ്ഞ" എന്നതിനുപകരം "റവന്യൂ കമ്മി കുറച്ച് റവന്യൂ മിച്ചം ഉണ്ടാക്കുന്നതിനുള്ള" എന്ന് ചേർക്കുക.

168. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ

ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " വരെയുള്ള" എന്നതിനുശേഷം "സാമ്പത്തിക" എന്ന് ചേർക്കുക.

193. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " വർദ്ധിപ്പിക്കേണ്ടതാണ്" എന്നതിനുപകരം "ഉണ്ടാക്കേണ്ടതാണ്" എന്ന് ചേർക്കുക.

208. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ " 2024-25 എന്നീ" എന്നതിനുശേഷം " സാമ്പത്തിക" എന്ന് ചേർക്കുക.

246. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (ii)-ൽ " നിഷ്കർഷിച്ചിട്ടുള്ള" എന്നതിനുപകരം " നിർദ്ദേശിച്ചിട്ടുള്ള" എന്ന് ചേർക്കുക.

267. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (iii)-ൽ " കഴിയുന്നില്ലെങ്കിൽ" എന്നതിനുപകരം "കഴിയാത്തപക്ഷം " എന്ന് ചേർക്കുക.

294. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ "കുറച്ചുകൊണ്ടുവരേണ്ടതാണ്" എന്നതിനുപകരം "കുറച്ചുകൊണ്ടുവരുന്നതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

157. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

4(2)-ൽ "ഭംഗം" എന്നതിനുപകരം "കോട്ടം" എന്ന് ചേർക്കുക.

174. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " പൂർണ്ണമായും" എന്നത് ഒഴിവാക്കുക.

196. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "വികസനത്തിനായി" എന്നതിനുശേഷം "മാത്രം" എന്ന് ചേർക്കുക.

220. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "കുറച്ചുകൊണ്ടുവരേണ്ടതാണ്" എന്നതിനുപകരം "കുറച്ചുകൊണ്ടു വരുന്നതാണ്" എന്ന് ചേർക്കുക.

249. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (ii)-ൽ " എല്ലാ" എന്നത് ഒഴിവാക്കുക.

272. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4 (2) (ബി) യുടെ കുറിപ്പ് (iii)-ൽ " തുടർന്നുള്ള" എന്നതിനുപകരം "പിന്നീടുള്ള " എന്ന് ചേർക്കുക.

284. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ "മൊത്തം" എന്നത് ഒഴിവാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ

ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " വർഷങ്ങളിൽ" എന്നതിനുപകരം "കാലയളവിൽ" എന്ന് ചേർക്കുക.

173. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "സർക്കാർ റവന്യൂ കമ്മി" എന്നതിനുപകരം "റവന്യൂ കമ്മി സർക്കാർ" എന്ന് ചേർക്കുക.

187. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "ഉല്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

189. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " എന്നീക്രമത്തിൽ" എന്നതിനുപകരം "എന്ന ക്രമത്തിൽ" എന്ന് ചേർക്കുക.

190. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " വർദ്ധിപ്പിക്കേണ്ടതാണ്." എന്നതിനുപകരം "വർദ്ധിപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

195. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ധനക്കമ്മി" എന്നതിനുപകരം "ധനകമ്മി" എന്ന് ചേർക്കുക.

204. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ " ചെലവഴിക്കേണ്ടതാണ്" എന്നതിനുപകരം " ചെലവഴിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

210. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "ധനക്കമ്മി" എന്ന് വരുന്നിടത്തെല്ലാം പകരം "ധനകമ്മി " എന്ന് ചേർക്കുക.

213. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന ക്രമത്തിൽ " എന്ന് ചേർക്കുക.

214. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "2025-2026-ൽ ഇത് " എന്നതിന് "2025-2026-ൽ ധനകമ്മി " എന്ന് ചേർക്കുക.

215. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "അഞ്ച് " എന്നതിനുശേഷം "സാമ്പത്തിക " എന്ന് ചേർക്കുക.

216. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "ഉല്പാദനത്തിന്റെ " എന്ന് വരുന്നിടത്തെല്ലാം പകരം "ഉത്പാദനത്തിന്റെ" എന്ന് ചേർക്കുക.

232. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "ഊർജ്ജമേഖലയിലെ" എന്നതിനുപകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

233. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "മേൽപ്പരാമർശിച്ച" എന്നതിനുപകരം "മേൽ പരാമർശിച്ച" എന്ന് ചേർക്കുക.

234. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)യുടെ കുറിപ്പ് (i)-ൽ "ധനക്കമ്മിയുടെ" എന്നതിനുപകരം "ധനകമ്മിയുടെ" എന്ന് ചേർക്കുക.

242. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദ ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "മൂലധനചെലവിനധിഷ്ഠിതമായ" എന്നതിനുപകരം "മൂലധന ചെലവിനത്തിലധിഷ്ഠിതമായ" എന്ന് ചേർക്കുക.

243. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദ ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "ഊർജ്ജമേഖലയിലെ" എന്നതിനുപകരം "ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

244. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദ ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി) യുടെ കുറിപ്പ് (ii)-ൽ "സംസ്ഥാനം ഓരോ" എന്ന വാക്കുകൾക്ക് ഇടയിൽ " , " എന്ന ചിഹ്നം ചേർക്കുക.

257. ഖണ്ഡം (2) പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (ബി)-യുടെ കുറിപ്പ് (iii)-ൽ "നാലു" എന്നതിനുപകരം "നാല്" എന്ന് ചേർക്കുക.

263. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

4(2)(ബി) യുടെ കുറിപ്പ് (iii)-ൽ, " ഊർജ്ജമേഖലയിലെ" എന്നതിന് പകരം " ഊർജ്ജ മേഖലയിലെ" എന്ന് ചേർക്കുക.

264. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) യുടെ കുറിപ്പ് (iii)-ൽ, " പൂർണ്ണമായും" എന്നതിന് മുന്നിൽ " പ്രസ്തുത വർഷം" എന്ന് ചേർക്കുക.

265. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " വിനിയോഗിക്കാൻ" എന്നതിനുപകരം " വിനിയോഗിക്കുവാൻ" എന്ന് ചേർക്കുക.

271. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " കാലയളവിനുള്ളിൽ" എന്നതിനുപകരം " കാലയളവിനുള്ളിലെ" എന്ന് ചേർക്കുക.

288. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(സി)-ൽ " ഉല്പാദനത്തിന്റെ" എന്നതിനുപകരം "ഉത്പാദനത്തിന്റെ" എന്നത് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ " സർക്കാർ" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

188. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(എ)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന

നിരക്കിൽ" എന്ന് ചേർക്കുക.

212. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-ൽ "എന്നീ ക്രമത്തിൽ" എന്നതിനുപകരം "എന്ന നിരക്കിൽ " എന്ന് ചേർക്കുക.

270. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യുടെ കുറിപ്പ് (iii)-ൽ " ഉപയോഗിക്കാത്ത" എന്നതിനുപകരം " വിനിയോഗിക്കാത്ത" എന്ന് ചേർക്കുക.

292. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധന സംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2) (സി)-ൽ "ക്രമത്തിലേക്ക്" എന്നതിനുപകരം "നിരക്കിലേക്ക്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി)-യിൽ "മൊത്തം സംസ്ഥാന" എന്നതിനുപകരം "സംസ്ഥാനത്തിന്റെ മൊത്തം " എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

221. ഖണ്ഡം 2 പ്രകാരം 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)(ബി) താഴെപ്പറയുന്ന പ്രകാരം മാറ്റുക;

" (ബി) 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ യഥാക്രമം 4.5 ശതമാനം, 4 ശതമാനം, 3.5 ശതമാനം എന്നീ ക്രമത്തിൽ കുറയ്ക്കുകയും 2024-25-ൽ 3.5 ശതമാനമായി തന്നെ നിലനിർത്തുകയും 2025-26-ൽ ഇത് 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരുന്നതിലൂടെ 2021 ഏപ്രിൽ 1-ന് ആരംഭിച്ച് 2026 മാർച്ച് 31-ന് അവസാനിക്കുന്ന അഞ്ച് വർഷത്തിനുള്ളിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദത്തിന്റെ 3 ശതമാനത്തിലേക്ക് കുറച്ചുകൊണ്ടുവരേണ്ടതാണ്."

മി. സ്പീക്കർ: 153 മുതൽ 156 വരെ 152-ാം നമ്പർ ഭേദഗതിക്കും 158 മുതൽ 160 വരെ 157-ാം നമ്പർ ഭേദഗതിക്കും 166, 167, 169, 170 എന്നീ നമ്പർ ഭേദഗതികൾ 168-ാം നമ്പർ ഭേദഗതിക്കും 175 മുതൽ 177 വരെ 174-ാം നമ്പർ ഭേദഗതിക്കും 191, 192, 194 എന്നീ നമ്പർ ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 197 മുതൽ 199 വരെ 196-ാം നമ്പർ ഭേദഗതിക്കും 206, 207, 209 എന്നീ നമ്പർ ഭേദഗതികൾ 208-ാം നമ്പർ ഭേദഗതിക്കും 217 മുതൽ 219 വരെ 220-ാം നമ്പർ ഭേദഗതിക്കും 241-ാം നമ്പർ ഭേദഗതി 242-ാം നമ്പർ ഭേദഗതിക്കും 245, 247, 248 എന്നീ നമ്പർ ഭേദഗതികൾ 246-ാം നമ്പർ ഭേദഗതിക്കും 250 മുതൽ 252 വരെ 249-ാം നമ്പർ ഭേദഗതിക്കും 266, 268, 269 എന്നീ നമ്പർ ഭേദഗതികൾ 267-ാം നമ്പർ ഭേദഗതിക്കും 273 മുതൽ 275 വരെ 272-ാം നമ്പർ ഭേദഗതിക്കും 285 മുതൽ 287 വരെ 284-ാം നമ്പർ ഭേദഗതിക്കും 293, 295, 296 എന്നീ നമ്പർ ഭേദഗതികൾ

294-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 190, 204, 232, 233, 243, 263 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 190, 204, 232, 233, 243, 263 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 151, 205 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 152, 168, 193, 208, 246, 267, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 157, 174, 196, 220, 249, 272, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 171, 173, 187, 189, 195, 210, 213, 214, 215, 216, 234, 242, 244, 257, 264, 265, 271, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 172, 188, 212, 270, 292 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ദീർഘശീർഷകത്തിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

112. പീഠികയിൽ " ഇതിനുശേഷം കാണുന്ന " എന്നതിനുപകരം "താഴെപ്പറയുന്ന " എന്ന് ചേർക്കുക.

138. ഖണ്ഡം 1(2)-ൽ " പ്രാബല്യത്തിൽ" എന്നതിനുപകരം " നിലവിൽ" എന്ന് ചേർക്കുക.

150. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.
" (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ

പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. പീഠികയിൽ " ഇതിനുശേഷം കാണുന്ന " എന്നതിന് പകരം "താഴെപ്പറഞ്ഞിരിക്കുന്ന " എന്ന് ചേർക്കുക.

130. ഖണ്ഡം 1 (2)-ൽ " തീയതി" എന്നതിന് ശേഷം " മുതൽ" എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

116. പീഠികയിൽ "കാണുന്ന" എന്നതിന് പകരം "പറയുന്ന" എന്ന് ചേർക്കുക.

129. ഖണ്ഡം 1 (1)-ൽ " പേര് പറയാം" എന്നതിന് പകരം " നാമകരണം ചെയ്യാം" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

117. പീഠികയിൽ "വീണ്ടും" എന്നത് ഒഴിവാക്കുക.

125. തത്വപ്രഖ്യാപനവാക്യത്തിൽ " താഴെപ്പറയും" എന്നതിന് പകരം " താഴെക്കാണുന്ന" എന്ന് ചേർക്കുക.

142. ഖണ്ഡം 1(2)-ൽ " കരുതപ്പെടേണ്ടതാണ്" എന്നതിന് പകരം "കണക്കാക്കപ്പെടേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

121. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നതിന് പകരം "ആവശ്യമായിരിക്കുകയാൽ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 108 മുതൽ 110 വരെ 107-ാം നമ്പർ ഭേദഗതിക്കും 113 മുതൽ 115 വരെ 112-ാം നമ്പർ ഭേദഗതിക്കും 118 മുതൽ 120 വരെ 117-ാം നമ്പർ ഭേദഗതിക്കും 122 മുതൽ 124 വരെ 121-ാം നമ്പർ ഭേദഗതിക്കും 126 മുതൽ 128 വരെ 125-ാം നമ്പർ ഭേദഗതിക്കും 131 മുതൽ 134 വരെ 130-ാം നമ്പർ ഭേദഗതിക്കും 135 മുതൽ 137 വരെ 138-ാം നമ്പർ ഭേദഗതിക്കും 139 മുതൽ 141 വരെ 142-ാം നമ്പർ ഭേദഗതിക്കും 147 മുതൽ 149 വരെ 150-ാം

നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 107, 112, 138, 150 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 111, 130 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 116, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 117, 125, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

**അറിയിപ്പ്**

കാര്യവിവരപ്പട്ടിക ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നത്തെ കാര്യവിവരപ്പട്ടിക ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് ഒരു നിയമംകൂടി പരിഗണനയ്ക്കെടുക്കാമെന്ന് പൊതുവിൽ ധാരണയായിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതാണ്. അതിനുള്ള പ്രമേയം ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ടതാണ്. കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭാഗികമായി ഭേദഗതി ചെയ്യുന്നതിനുള്ള പ്രമേയവും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കേണ്ടതാണ്.

## കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022 ആഗസ്റ്റ് 23-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് " 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഇന്ന് സഭയിൽ അവതരിപ്പിക്കുന്നതിനും അനന്തരനടപടികൾ കൈക്കൊള്ളുന്നതിനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

<u>ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (<u>ശ്രീ. വി. അബ്ദുറഹിമാൻ</u>): സർ, ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന " 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ അവതരണത്തിനും തുടർന്നുള്ള പൊതുചർച്ചയ്ക്കുംശേഷം ഇന്ന് പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 76(1)-ലെയും ചട്ടം 237-ലെയും വ്യവസ്ഥകളും അതിനനുസൃതമായി ബില്ലിന്റെ തത്വങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിലേയ്ക്കായി ചട്ടം 77-ലെ വ്യവസ്ഥകളും താൽക്കാലികമായി സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(iii) 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(ചർച്ചയില്ല)

ശ്രീ. വി. അബ്ദുറഹിമാൻ: സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബില്ലിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഈ ബിൽ അവതരിപ്പിച്ച വേളയിൽത്തന്നെ ഞങ്ങൾ ഈ പ്രശ്നം ഉയർത്തിയതാണ്. ദേവസ്വം ബോർഡിന്റെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടാൻവേണ്ടി നേരത്തെയുള്ള ഗവൺമെന്റ് ബിൽ കൊണ്ടുവന്നപ്പോൾ അതിലെ സാങ്കേതികമായ പ്രശ്നങ്ങൾ മുഴുവൻ ഉയർത്തിക്കാട്ടിക്കൊണ്ട് അത് അപ്രായോഗികമാണെന്നുള്ള നിലപാട് ഞങ്ങളെടുത്തു. അന്നത്തെ ഗവൺമെന്റ് അത് അംഗീകരിച്ചുകൊണ്ട് ദേവസ്വം ബോർഡിൽ റിക്രൂട്ട്മെന്റ് ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാനുള്ള തീരുമാനമെടുത്തു. ഇത് പി.എസ്.സി.-ക്ക് വിടേണ്ടെന്നും തീരുമാനിച്ചു. അതേ നിലപാടാണ് ഞങ്ങൾ വഖഫ് ബോർഡിന്റെ കാര്യത്തിലും സ്വീകരിച്ചത്. ദേവസ്വം ബോർഡിൽ എടുത്തതുപോലെയുള്ള സാങ്കേതികവും നിയമപരവുമായ

പ്രശ്നങ്ങൾ പി.എസ്.സി.-ക്ക് വിടുമ്പോഴുണ്ടാകും. ദേവസ്വം ബോർഡിൽ റിക്രൂട്ട്മെന്റ് ബോർഡുണ്ടാക്കിയതുപോലെയുള്ള ആൾട്ടർനേറ്റീവ് മെക്കാനിസം വഖഫ് ബോർഡിലും വേണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. ആദ്യം അത് ഗവൺമെന്റ് അംഗീകരിക്കാൻ തയ്യാറായില്ല. എന്തായാലും ഞങ്ങൾക്കതിൽ വളരെ സന്തോഷമുണ്ട്. ഈ ബില്ലിന്റെ അവതരണവേള മുതൽ അത് പാസ്സാകരുതെന്ന് ഞങ്ങൾ വളരെ ശക്തിയായി വാദിച്ചതാണ്. സർക്കാർ ഇന്ന് ആ തീരുമാനമെടുത്തതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഞങ്ങൾ അതിനെ പൂർണ്ണമായും അംഗീകരിക്കുന്നു. ഈ ബില്ലിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, എന്റെ ഒരു സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഇങ്ങനെയൊരു ബിൽ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. അത് വളരെ നന്നായി. ബഹുമാന്യനായ ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച പ്രൈവറ്റ് മെമ്പേഴ്സ് ബിൽ യഥാർത്ഥത്തിൽ ഇതുതന്നെയാണ്. അതുകൊണ്ട് ഞങ്ങൾക്ക് വ്യത്യസ്തമായി പറയേണ്ടതായി യാതൊന്നുമില്ല. ഇപ്പോൾ ഏതുഘട്ടത്തിലാണെങ്കിലും ഒരു കൺസെൻസസുണ്ടാകുന്നത് നല്ലതാണ്. ഇതുസംബന്ധിച്ച് ഞങ്ങൾ ധാരാളം

അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞതാണ്. ജനാധിപത്യത്തിൽ പ്രതിപക്ഷം ക്രിയാത്മകമായി ഉന്നയിക്കുന്ന ഏതെങ്കിലുമൊരു വിഷയം ഭരണപക്ഷം അംഗീകരിക്കുന്നത് കുറച്ചിലല്ല. അതുകൊണ്ട് ആ നിലയിൽ കണേണ്ട കാര്യമില്ല. ഇവിടെ രൂക്ഷമായി എതിർക്കേണ്ടതിനെ ഞങ്ങൾ എതിർക്കുന്നുണ്ട്. ഇന്നിപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബിൽ ഞങ്ങൾ ഐകകണ്ഠ്യേനയല്ലേ പാസ്സാക്കിയത്. അപ്പോൾ പല കാര്യങ്ങളും അങ്ങനെയാണ്. വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്ന പ്രതിപക്ഷമാണ്. ഞങ്ങൾ പറയുന്ന കാര്യങ്ങളിലൊക്കെ കാര്യമുണ്ടെന്ന് മനസ്സിലാക്കിയാൽ മതിയെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഏതായാലും ഈ ബിൽ പിൻവലിച്ചത് നന്നായി. ഇത് വലിയ ആലോചനയില്ലാതെ വന്നൊരു നിയമമായിരുന്നു. അതിൽ ഒരു കാര്യവുമില്ല. ഏത് കാര്യത്തിലായാലും നിയമം കൊണ്ടുവരുന്നത് എല്ലാവർക്കും ഒരുപോലെയാണെന്നൊരു തത്വമുണ്ട്. അതിന്റെ ചെറിയൊരു ഡീവിയേഷനായിരുന്നു. അത് തിരുത്തിയത് വളരെ നന്നായി. അതിനെ സ്വാഗതം ചെയ്യുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഈ പുതിയ ഭേദഗതി പിൻവലിക്കണമെന്നുപറഞ്ഞ് ബിൽ നമ്പർ 89 ആയി ഞാനൊരു റദ്ദ് ബിൽ

കൊടുത്തിരുന്നു. അത് നിയമസഭയിൽ 89-ാം നമ്പരായി നിലവിലുണ്ട്. ഇപ്പോൾ സർക്കാർ ഈ ബിൽ കൊണ്ടുവന്നതിനെ സ്വാഗതം ചെയ്യുകയും ഞാൻ എന്റെ സ്വകാര്യ ബിൽ പിൻവലിക്കുകയും ചെയ്യുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവും സ്വാഗതം ചെയ്ത് സംസാരിച്ചതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നിയമസഭയിൽ നടന്നു. പ്രതിപക്ഷഉപനേതാവ് ഇപ്പോൾ പറഞ്ഞതുപോലെ, ഇതിനെ എതിർത്തുകൊണ്ട്, ഇതിൽ ഭേദഗതി വേണമെന്നല്ലാതെ മറ്റൊരു അഭിപ്രായവും അവസാനഘട്ട ചർച്ചയിൽ ഇവിടെ വന്നിട്ടില്ല. ഇതിൽ പങ്കെടുത്ത് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങളുടെ റെക്കോർഡുകൾ പരിശോധിച്ചാൽ ഈ കാര്യങ്ങൾ അറിയാം. ഈ ബിൽ, അവസാനഘട്ടത്തിൽ വേണ്ടായെന്നുള്ള നിഷേധം പറഞ്ഞില്ല. ഇതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് നിലവിലുള്ള ഉദ്യോഗസ്ഥരെ അല്ലെങ്കിൽ അവിടത്തെ ജീവനക്കാരെ നിലനിർത്തിക്കൊണ്ട് ഇത്

മാറ്റണമെന്നുള്ള അഭിപ്രായമാണ് ഇതിൽ പൂർണ്ണമായുമുണ്ടായത്. അതോടൊപ്പംതന്നെ കേരളത്തിലെ മുസ്ലീം മതനേതാക്കളായ ബഹുമാന്യരായ ജിഫ്രി മുത്തുകോയ തങ്ങൾ, എ. പി. അബൂബക്കർ മുസ്‌ലിയാർ തുടങ്ങി മുജാഹിദിന്റെ ഒക്കെ നേതാക്കളോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിൽ മാറ്റം വരുത്താൻ ഗവൺമെന്റ് തീരുമാനിച്ചത്. ഈ തീരുമാനത്തെ പ്രതിപക്ഷം സ്വാഗതം ചെയ്തതിലുള്ള സന്തോഷം ഒരിക്കൽക്കൂടി രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, പ്രതിപക്ഷം ഇവിടെ ഈ ബില്ലിനെ എതിർത്തില്ലായെന്ന് പറയുന്നത് ശരിയല്ല. ഞങ്ങൾ നേരത്തെ പറഞ്ഞ കാര്യം, It's on record. ദേവസ്വം ബോർഡും വഖഫ് ബോർഡുമായിട്ടൊക്കെ ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ പറഞ്ഞതും റെക്കോർഡിലുണ്ട്. ഇവിടെ പ്രതിപക്ഷ ഉപനേതാവും സംസാരിച്ചിരുന്നു. മാത്രമല്ല, ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ സ്വകാര്യ ബിൽ ഇവിടെ കൊണ്ടുവന്നിരുന്നു. അദ്ദേഹം തടസ്സവാദം ഉന്നയിച്ചിരുന്നു, ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ചിരുന്നു. ഇതിന് വേറെ മെക്കാനിസം കൊണ്ടുവരണമെന്നാണ്. അതായത്, നേരിട്ട് വഖഫ് ബോർഡ്

നിയമിക്കുന്നതല്ല. വേറെ എന്തെങ്കിലും മെക്കാനിസം; പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനെതിരായി ശക്തമായി പറഞ്ഞിരുന്നു. പ്രതിപക്ഷം പറഞ്ഞിട്ടല്ലാ ഞങ്ങൾ ഈ റദ്ദാക്കൽ ബിൽ കൊണ്ടുവരുന്നതെന്ന് മന്ത്രിക്ക് സ്ഥാപിക്കാനാണെങ്കിൽ സ്ഥാപിച്ചോ; മുസ്ലീം മതസംഘടനകളുമായി ചേർന്നുകൊണ്ട് അവരുമായി സംസാരിച്ചതുകൊണ്ടാണ്. പ്രതിപക്ഷത്തിനെയല്ല വിശ്വാസത്തിലെടുത്തത്. മുസ്ലീം മതസംഘടനാനേതാക്കൾ പറഞ്ഞതുകൊണ്ടാണ് ഞങ്ങൾ ചെയ്തത് എന്ന് വരുത്തി തീർക്കണമെങ്കിൽ ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടുമില്ല; യാഥാർത്ഥ്യം ജനങ്ങൾക്കറിയാം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ വഖഫ് ബോർഡിന്റെ നിയമനം പി.എസ്.സി.-ക്ക് വിട്ടതുമായി ബന്ധപ്പെട്ടുകൊണ്ട് ഒട്ടേറെ ആശങ്കകൾ സമൂഹത്തിൽ ഉയർന്നുവരികയുണ്ടായി. ആ ആശങ്കകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കുവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ സമൂഹങ്ങളുമായി ചർച്ച ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ റദ്ദ്

ചെയ്യണമെന്നുള്ള തീരുമാനം ഗവൺമെന്റ് എടുത്തത്. ഉന്നതമായ ജനാധിപത്യ മര്യാദപാലിച്ചുകൊണ്ടും ജനങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ടുമാണ് ഇത്തരമൊരു തീരുമാനമെടുക്കാൻ സർക്കാർ മുന്നോട്ടുവന്നത്. യാതൊരു തരത്തിലുമുള്ള ദുരഭിമാനവും ഇക്കാര്യത്തിൽ ഗവൺമെന്റിനില്ല. ജനങ്ങളുടെ ആശങ്കകൾ പരിഹരിച്ചുകൊണ്ട് നമ്മുടെ നാട്ടിൽ സമാധാന അന്തരീക്ഷവും കലാപമില്ലാത്ത അന്തരീക്ഷവും എല്ലാം സംരക്ഷിച്ച് മുന്നോട്ടുപോകണം എന്നുള്ള കാഴ്ചപ്പാടോടുകൂടിയാണ് ഈ ബിൽ റദ്ദ് ചെയ്യാൻവേണ്ടി ഗവൺമെന്റ് തീരുമാനിച്ചത്. ആ കാര്യം ഗവൺമെന്റിനുവേണ്ടി ഞാൻ ഇവിടെ അറിയിക്കുകയാണ്.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതികളില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികളില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ....

പ്രതികൂലിക്കുന്നവർ ....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## അവകാശലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ: കഴിഞ്ഞ സമ്മേളനം പിരിഞ്ഞതിനുശേഷം അവകാശലംഘന നോട്ടീസുകൾ ഒന്നും ലഭിച്ചിട്ടില്ല.

## പെരുമാറ്റചട്ട ലംഘന പ്രശ്നങ്ങൾ

ചെയറിന്റെ പരിഗണനയിലുള്ള പെരുമാറ്റചട്ട ലംഘന പ്രശ്നം

പതിനഞ്ചാം കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അഖിലേന്ത്യാപഠന പര്യടനത്തിന്റെ ഭാഗമായി ജമ്മുകാശ്മീർ സന്ദർശിച്ച വേളയിൽ സമിതി അംഗമായ ഡോ. കെ. ടി. ജലീൽ, രാജ്യത്തിന്റെ അഖണ്ഡതയെ ചോദ്യം ചെയ്യുന്നതരത്തിൽ 12-08-2022-ന് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത കുറിപ്പിലൂടെ നിയമസഭാംഗങ്ങളുടെ പെരുമാറ്റത്തിലെ ചട്ടം 27, 49 എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിച്ചിരിക്കുന്നുവെന്ന് ആരോപിച്ചുകൊണ്ട് ഡോ. മാത്യു കുഴൽനാടൻ നൽകിയ പെരുമാറ്റച്ചട്ടലംഘന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

**പ്രമേയം**

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയുടെ സന്ദർശനത്തിന്റെ

ഭാഗമായി നേരത്തെ പോയിരിക്കുകയാണ്. അതുകൊണ്ട് സമ്മേളനം അവസാനിപ്പിക്കുന്നതിനുള്ള പ്രമേയം ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി അവതരിപ്പിക്കേണ്ടതാണ്.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകൾ ഒന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**ആറാം സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം**

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 7 ദിവസത്തെ സിറ്റിംഗ് പൂർത്തിയാക്കി ഇന്നവസാനിക്കുകയാണ്. 2022 ആഗസ്റ്റ് 22-ാം തീയതി ആരംഭിച്ച് സെപ്റ്റംബർ 2-ാം തീയതി വരെ ആകെ 10 ദിവസം സമ്മേളിക്കുവാനാണ് കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും

ആഗസ്റ്റ് 22-ാം തീയതി ചേർന്ന കാര്യോപദേശക സമിതി യോഗത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സമ്മേളന ദിനങ്ങൾ 7 ആയി ചുരുക്കിയത്.

2022 ജൂലൈ 21-ാം തീയതി സമാപിച്ച അഞ്ചാം സമ്മേളന കാലയളവിൽ നിലവിലുണ്ടായിരുന്ന 12 ഓർഡിനൻസുകൾ അവയുടെ കാലാവധി അവസാനിക്കുന്നമുറയ്ക്ക് വീണ്ടും പുനഃപ്രഖ്യാപിക്കുവാൻ കഴിയാതെ വരികയും അവ റദ്ദായിപ്പോവുകയും ചെയ്തതുമൂലം ഉളവായ അസാധാരണ സ്ഥിതിവിശേഷം മറികടക്കുന്നതിനായാണ് വളരെപ്പെട്ടെന്ന് ഈ സമ്മേളനം ചേരേണ്ടി വന്നത്.

സമ്മേളനത്തിന്റെ ആദ്യദിനമായ ആഗസ്റ്റ് 22-ാം തീയതി ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക യോഗമായിരുന്നു. സ്വാതന്ത്ര്യത്തിന്റെ സ്മരണകൾ ഉയർത്തിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും നടത്തിയ പ്രസംഗങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു.

പുനഃപ്രഖ്യാപനം നടത്തുവാൻ കഴിയാത്തതുമൂലം റദ്ദായിപ്പോയ 12 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ഈ സമ്മേളനം പരിഗണിക്കുകയും അവയിൽ 11 എണ്ണം പാസ്സാക്കുകയും ഒരു ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനുപുറമെ 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) റദ്ദാക്കൽ ബില്ലും സഭ ഇന്ന് പാസ്സാക്കുകയുണ്ടായി.

ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 6 നോട്ടീസുകളാണ് സഭ മുമ്പാകെ വന്നത്. കൂടാതെ 12 ശ്രദ്ധക്ഷണിക്കലുകൾ 81 സബ്മിഷനുകൾ എന്നിവ ബഹുമാനപ്പെട്ട അംഗങ്ങൾ സഭ മുമ്പാകെ ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രിമാരിൽനിന്നും മറുപടികൾ ലഭ്യമാവുകയും ചെയ്തു.

ഈ സമ്മേളനത്തിൽ 2022 ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 01 വരെയുള്ള 06 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായി ആകെ 2516 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 3 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 8 എണ്ണം പിൻവലിക്കുകയും ചെയ്തു.

ശേഷിച്ചവയിൽ 180 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2323 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 2503 ചോദ്യമാണ് അന്തിമമായി അനുവദിക്കപ്പെട്ടത്. ഇതിൽ നക്ഷത്രചിഹ്നമിട്ട 180 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1869 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 454 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തരവേളകളിൽ 21 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 137 അവസരങ്ങളിലായി 156 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു.

അടിയന്തര ചോദ്യത്തിനായി രണ്ട് നോട്ടീസ് ലഭിക്കുകയും ഒരെണ്ണം അനുവദിക്കുകയും ചെയ്തു.

പതിമൂന്നാം കേരള നിയമസഭയുടെയും പതിനാലാം കേരള നിയമസഭയുടെയും വിവിധ സമ്മേളനങ്ങളിലേയും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നു മുതൽ അഞ്ചു വരെയുള്ള സമ്മേളനങ്ങളിലെയും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാതിരുന്ന ചോദ്യങ്ങളിൽ 33

എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണ്. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

ആറാം സമ്മേളനത്തിലാകെ 231 രേഖകൾ സഭയുടെ മേശപ്പുറത്തു വയ്ക്കുകയും വിവിധ നിയമസഭാ സമിതികളുടെ 11 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായുള്ള 2 വെള്ളിയാഴ്ചകളിലേയും സമ്മേളനം ഒഴിവാക്കപ്പെട്ട സാഹചര്യത്തിൽ ഈ സമ്മേളനകാലത്ത് അതുമായി ബന്ധപ്പെട്ട ഒരു നടപടിയിലേയ്ക്കും കടക്കുവാൻ നമുക്ക് കഴിഞ്ഞില്ല എന്ന കാര്യം സ്വയം വിമർശനപരമായി പരിശോധിക്കപ്പെടേണ്ടതാണ്.

സഭയുടെ അഞ്ചാം സമ്മേളനം 2022 ജൂലൈ 21-ാം തീയതി അവസാനിച്ചത് പൂർണ്ണമായും നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം 2022 ഒക്ടോബർ-നവംബർ മാസത്തിൽ ചേരാമെന്ന പ്രഖ്യാപനത്തോടെയാണ്. എന്നാൽ തികച്ചും അപ്രതീക്ഷിതമായി രൂപപ്പെട്ട ചില സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനായിട്ടാണ് നിയമനിർമ്മാണത്തിന് മാത്രമായി ഈ ഹ്രസ്വ സമ്മേളനം ചേരാനിടയായത്. ചുരുങ്ങിയ ദിനങ്ങൾ മാത്രമാണ് ഈ സമ്മേളനം ചേർന്നതെങ്കിലും നമുക്കൊക്കെ അഭിമാനിക്കാവുന്ന തരത്തിലുള്ള ഒരു ഫലപ്രാപ്തിയോടുകൂടിയാണ് ഈ സമ്മേളനം ഇന്നവസാനിക്കുന്നത്.

ഈ സമ്മേളനത്തിൽ 7 ദിവസങ്ങളിലായി 47 മണിക്കൂർ 15 മിനിറ്റ് സഭ യോഗം ചേരുകയുണ്ടായി. അതിൽ 25 മണിക്കൂർ 15 മിനിറ്റ് സമയവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ശരാശരി ഒരു ബില്ലിന് 2 മണിക്കൂറാണ് മാറ്റിവയ്ക്കപ്പെട്ടത്. ചെയറിന്റെ ശ്രദ്ധയിൽ വന്ന മറ്റൊരു പ്രത്യേകത നിയമനിർമ്മാണ ചർച്ചയിൽ ഭൂരിപക്ഷം സമയവും അതതു ബില്ലുകളിലെ വ്യവസ്ഥയിൽ മാത്രം ഒതുങ്ങിനിന്നുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗങ്ങളും ബഹുമാനപ്പെട്ട മന്ത്രിമാരും സംസാരിച്ചത്

എന്നതാണ്. ഇത് അങ്ങേയറ്റം മാതൃകാപരമായിരുന്നു എന്ന് വിലയിരുത്തുകയാണ്. അതുപോലെ ഏറെ ചർച്ച ചെയ്യപ്പെട്ട കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ, കേരള സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച് സഭയിൽ നടന്ന സംവാദങ്ങൾ ഏതൊരു നിയമനിർമ്മാണ സഭയ്ക്കും മാതൃകയാക്കാവുന്ന തരത്തിലായിരുന്നു എന്നതുകൊണ്ടുതന്നെ ഈ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ ചെയർ അഭിമാനിക്കുകയാണ്.

പതിമൂന്ന് ബില്ലുകളിലായി ആകെ 5179 ഭേദഗതികൾ സഭ മുമ്പാകെ വരികയുണ്ടായി. അവയിൽ അംഗീകരിക്കുവാൻ യോഗ്യതയുള്ള 73 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുവാൻ തയ്യാറാവുകയുണ്ടായി. ഇതുമൂലം പ്രസ്തുത ബില്ലുകൾ നിയമമാവുമ്പോൾ അത് കൂടുതൽ ശക്തവും സമ്പുഷ്ടവുമായി മാറുകയാണുണ്ടായത്. ഇതും കേരള നിയമസഭയുടെ മാത്രം ഒരു പ്രത്യേകതയായി കാണാവുന്നതാണ്.

ഇനിയും നിയമമാവാനുള്ള നിരവധി സുപ്രധാന ബില്ലുകൾ പ്രസിദ്ധീകരിക്കപ്പെട്ട് സഭ മുമ്പാകെ അവശേഷിക്കുന്ന സാഹചര്യത്തിൽ നിയമനിർമ്മാണത്തിനായി ഈ വർഷം ഒരു സമ്മേളനം കൂടി

ചേരേണ്ടതുണ്ടോ എന്നത് സർക്കാർ പരിശോധിക്കുമെന്നാണ് ചെയർ കരുതുന്നത്.

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സ്വാതന്ത്ര്യ സമരാനുഭവങ്ങൾ പങ്കുവയ്ക്കുന്ന വിപുലമായ ഒരു ഓഡിയോ-വീഡിയോ ചിത്ര പ്രദർശനം നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 10 മുതൽ 24 വരെ നിയമസഭാ പരിസരത്ത് സംഘടിപ്പിച്ചിരുന്നു. വൻതോതിലുള്ള സ്വീകരണമാണ് പ്രസ്തുത പ്രദർശനത്തിന് പൊതുജനങ്ങളിൽനിന്നും ലഭിച്ചത്. ഇത്തരത്തിലുള്ള പ്രദർശനം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് തങ്ങളുടെ മണ്ഡലത്തിൽ സംഘടിപ്പിക്കുവാൻ അവസരമൊരുക്കിയിട്ടുണ്ട്. താൽപര്യമുള്ള അംഗങ്ങൾ സെപ്റ്റംബർ 30-ാം തീയതിക്കകം ഇക്കാര്യം നിയമസഭാ സെക്രട്ടറിയെ രേഖാമൂലം അറിയിച്ചാൽ അതിന് വഴിയൊരുക്കാവുന്നതാണെന്ന് അറിയിക്കുന്നു.

സഭയുടെ ആറാം സമ്മേളന നടപടികൾ വിജയിപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ്, വിവിധ

കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാപേർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കുവാൻ ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലേയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു. എല്ലാപേർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

ഓർഡർ.......... ഓർഡർ.......... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 സെപ്റ്റംബർ മാസം 1-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.27-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*******